www.malankaralibrary.com



**November 2024**

# ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്
# മൂവാറ്റുപുഴ പദ്രാസനത്തിലെ
# കരിമ്പ മേഖല വിശ്വാസികൾക്ക്
# നടത്തപ്പെട്ട
# മലങ്കര ആരാധനക്രമത്തെ കുറിച്ചുള്ള
# ക്വിസ് പ്രോഗ്രാമിന്റെ
# ഒരു വരി ചോദ്യങ്ങളും ഉത്തരങ്ങളും

www.malankaralibrary.com

Contents

5. 12 ദൈവാലയത്തിന്റെ ഘടന (52)
5. 13 ദേവാലയത്തിലെ വിശുദ്ധ വസ്തുക്കൾ
5. 14 ആരാധന പ്രതീകാത്മക പ്രവർത്തനങ്ങൾ
6. 12 വിശുദ്ധ കുർബാന ആമുഖം
6. 13 വിശുദ്ധ കുർബാന ഘടന
6. 14 വിശുദ്ധ കുർബാനയിലെ ഗാനങ്ങൾ
6. 15 വീടാശീർവാദം
6. 16 ശവസംസ്കാര ശുശ്രൂഷ
6. 17 നോമ്പും ഉപവാസവും
7. 14 പെരുന്നാളുകൾ
7. 15 ആരാധനക്രമവത്സരം
8. 9 മാമോദീസാ
8. 10 മൂറോനഭിഷകം
8. 11 വിശുദ്ധ കുർബാന
8. 12 കുമ്പസാരം
8. 13 രോഗികളുടെ തൈലാഭിഷേകം
8. 14 പൗരോഹിത്യം
8. 15 വിവാഹം
9. 3 സീറോ മലങ്കര ആരാധനക്രമം
10. 5 വിശുദ്ധ കുർബാന - ഒരുക്ക ശുശ്രൂഷ
10. 6 വിശുദ്ധ കുർബാന - വചന ശുശ്രൂഷ
10. 7 വിശുദ്ധ കുർബാന - ബലി അർപ്പണം
10. 8 വിശുദ്ധ കുർബാന - ബലി വിരുന്ന്

കറക്ഷൻ ചെയ്യുവാൻ സഹായിച്ചവർ

Fr. Jijo Pullukalayil, Sr. Selin Grace DM, Sr. Annett SIC, Sr. Francy DM, Sr. Agnet DM, Sr.Angel SIC, Sr. Selin Grace DM

www.malankaralibrary.com

## 5. 12 ദൈവാലയത്തിന്റെ ഘടന

1. ദൈവം വസിക്കുന്ന ഭവനം ഏതാണ്?
   ദൈവാലയ
2. മലങ്കര പാരമ്പര്യമനുസരിച്ച് ദൈവാലയം പണിതു ദൈവത്തിനു പ്രതിഷ്ഠിക്കുന്നത് എവിടേക്ക് അഭിമുഖമായാണ്?
   കിഴക്ക്
3. കിഴക്കു നിന്ന് സൂര്യൻ ഉദിക്കുന്നതു പോലെ നീതിസൂര്യനായ നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവും എവിടെ നിന്നാണെന്ന് നാം വിശ്വസിക്കുന്നു?
   കിഴക്ക്
4. ആരാധനാസമൂഹം കർത്താവിൻ്റെ രണ്ടാമത്തെ വരവിനെ നോക്കി പാർത്തുകൊണ്ട് എവിടേക്ക് അഭിമുഖമായി നിന്ന് പ്രാർത്ഥിക്കുന്നു?
   കിഴക്ക്
5. നമ്മുടെ ദൈവാലയത്തിൻറെ ഘടന സോളമൻ പണികഴിപ്പിച്ച ഏത് ദേവാലയത്തിന് സദൃശ്യമാണ്?
   ജറുസലേം
6. ജറുസലേം ദൈവാലയത്തിൽ വിജാതിയർക്ക് എവിടെയാണ് പ്രവേശനം അനുവദിച്ചിരുന്നത്?
   പുറത്തെ പ്രാകാരത്തിൽ
7. ജറുസലേം ദൈവാലയത്തിൻ്റെ അകത്തെ പ്രാകാരത്തിൽ ആർക്ക് മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ?
   യഹൂദർക്ക്
8. ജറുസലേം ദൈവാലയത്തിൻ്റെ വിശുദ്ധ സ്ഥലത്തു ആർക്കാണ് പ്രവേശനം അനുവദിച്ചിരുന്നത്?
   ലേവ്യർ
9. ജറുസലേം ദൈവാലയത്തിൻ്റെ അതിവിശുദ്ധ സ്ഥലത്തു ആർക്ക് മാത്രമാണ് പ്രവേശനം അനുവദിച്ചിരുന്നത്?

www.malankaralibrary.com

മഹാപുരോഹിതന്മാർ

10. മലങ്കര ദൈവാലയത്തിന് എത്ര ഭാഗങ്ങളുണ്ട്?
നാലു ഭാഗങ്ങൾ

11. മലങ്കര ദൈവാലയത്തിന്റെ നാല് ഭാഗങ്ങൾ ഏവ?
മദ്ബഹാ, അഴിക്കകം, ഹൈക്കലാ, മോണ്ടളം

12. മലങ്കര ദൈവാലയത്തിൻ്റെ അതിവിശുദ്ധ സ്ഥലം ഏതാണ്?
മദ്ബഹാ

13. യാഗപീഠം എന്നതിൻറെ സുറിയാനി പദം ഏന്താണ്?
മദ്ബഹാ

14. വിശുദ്ധ കുർബാനയാകുന്ന യാഗം അർപ്പിക്കുന്ന പീഠം എന്നതിന്റെ സുറിയാനി പേര് ഏന്താണ്?
മദ്ബഹാ

15. 'യാഗപീഠം സ്ഥിതിചെയ്യുന്ന യാഗശാല' എന്നതിന്റെ സുറിയാനി പേര് ഏന്താണ്?
മദ്ബഹാ

16. ദൈവത്തിന്റെ സാന്നിധ്യവും മഹത്ത്വവും ഈ സ്ഥലത്ത് പ്രത്യേകമാംവിധം ഉള്ളതുകൊണ്ട് ഏത് ഭാഗത്തെയാണ് മഹാവിശുദ്ധസ്ഥലം എന്നു വിളിക്കുന്നത്?
മദ്ബഹാ

17. കെസ്ത്രൂമായിൽനിന്ന് എത്ര പടികളുള്ള ഉയർന്ന സ്ഥലമാണ് മദ്ബഹാ?
ഒൻപത്

18. കെസ്ത്രൂമായിൽ നിന്ന് മദ്ബഹാക്ക് കുറഞ്ഞത് എത്ര പടികളെങ്കിലും ഉണ്ടായിരിക്കണം?
മൂന്ന്

19. ദൈവത്തിൻ്റെ സിംഹാസനമായ ത്രോണോസ് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് ഒൻപത് പടികൾ താഴോട്ടു കാണുന്നത് ആരുടെ സ്ഥാനങ്ങളെ സൂചിപ്പിക്കുന്നു?

www.malankaralibrary.com

ഒൻപതു വൃന്ദം മാലാഖമാരുടെ

20. ത്രോണോസ് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് താഴോട്ടു മൂന്നു പടികൾ ആണെങ്കിൽ അവ ആരെ സൂചിപ്പിക്കുന്നു?

മാലാഖമാരുടെ മൂന്ന് സൈന്യനിരകൾ

21. മദ്ബഹാ ഇമ്മാനുവേലിനെ സൂചിപ്പിക്കുന്നു എന്ന് പറഞ്ഞ സഭാ പിതാവ് ആരാണ്?

ആഥൻസിലെ ദിവന്നാസിയോസ്

22. ഇമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

ദൈവം നമ്മോടുകൂടെ

23. വിശുദ്ധ കുർബാനയിൽ നമ്മോടുകൂടെ മദ്ബഹായിലായിരിക്കുന്നത് ആരാണ്?

യേശുക്രിസ്തു

24. മലങ്കര ക്രമത്തിൽ പള്ളികൂദാശ സമയത്ത് പരമപ്രാധാന്യം നല്കിയിരിക്കുന്നത് എന്തിന്?

മദ്ബഹാ കൂദാശയ്ക്ക്

25. സ്വർഗത്തിൻ്റെ പ്രതീകമായിട്ട് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നത് എന്താണ്?

മദ്ബഹാ

26. അഴിക്കകം എന്നതിന്റെ സുറിയാനി പേര് എന്താണ്?

കെസ്ത്രൂമാ

27. ജറുസലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തോട് മലങ്കര ദൈവാലയത്തിൻ്റെ ഏത് ഭാഗത്തോട് ഉപമിക്കാം?

കെസ്ത്രൂമാ

28. 'കെസ്ത്രൂമാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്താണ്?

തറയിൽ നിന്നുയർന്ന സ്ഥലം

29. മദ്ബഹായ്ക്കും ഹൈക്കലായ്ക്കും ഇടയ്ക്കുള്ള ഉയർന്ന സ്ഥലം ഏതാണ്?

കെസ്ത്രൂമാ

www.malankaralibrary.com

30. അഴികളാൽ വേർതിരിച്ചിരിക്കുന്നതുകൊണ്ട് മലങ്കരയിൽ 'കെസ്ത്രൂമായുടെ പേര് എന്താണ്?
    അഴിക്കകം
31. മദ്ബഹായിൽ പ്രവേശിക്കാത്ത വൈദികരും ശെമ്മാശന്മാരും നിൽക്കേണ്ട മലങ്കര പള്ളിയുടെ ഭാഗം ഏതാണ്?
    കെസ്ത്രൂമാ
32. മലങ്കര പള്ളിയിൽ ഗായകസംഘത്തിന്റെ സ്ഥാനം എവിടെയാണ്?
    കെസ്ത്രൂമാ
33. മലങ്കര ദൈവാലയങ്ങളിൽ നമസ്കാരമേശയുടെ സ്ഥാനം എവിടെയാണ്?
    കെസ്ത്രൂമാ
34. മലങ്കര ദൈവാലയങ്ങളിൽ നമസ്കാര മേശയിൽ എന്തൊക്കെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്?
    കുരിശും വേദപുസ്തകവും
35. മലങ്കര ദൈവാലയത്തിലെ ഏറ്റവും വലിയ ഭാഗം ഏതാണ്?
    ഹൈക്കലാ
36. ഹൈക്കലാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്താണ്?
    ആരാധനസ്ഥലം
37. മലങ്കര ദൈവാലയത്തിലെ ദൈവജനം നില്ക്കുന്ന സ്ഥലം ഏതാണ്?
    ഹൈക്കലാ
38. ജറുസലേം ദൈവാലയത്തിൻ്റെ അകത്തെ പ്രാകാരത്തോട് മലങ്കര ദേവാലയത്തിലെ ഏത് ഭാഗത്തെ ഉപമിക്കാം?
    ഹൈക്കലാ
39. ജെറുസലേം ദൈവാലയത്തിലും സുറിയാനി പള്ളികളിലും സ്ത്രീകൾ എവിടെ നിന്നാണ് ആരാധനയിൽ സംബന്ധിച്ചിരുന്നത്?
    പുരുഷന്മാരുടെ പിന്നിൽ നിന്ന്

www.malankaralibrary.com

40. മലങ്കര ദൈവാലയത്തിൻറെ ഹൈക്കലായിൽ പുരുഷന്മാർ വടക്കുവശത്തും സ്ത്രീകൾ തെക്കുവശത്തും നിൽക്കുന്ന രീതി നടപ്പിൽ വരുത്തിയത് ആരാണ്?

അഭിവന്ദ്യ മാർ ഈവാനിയോസ്

41. മലങ്കര പള്ളിയിൽ തൂക്കുവിളക്ക് സർവ്വസാധാരണമായി ഏത് ഭാഗത്താണ് കാണപ്പെടുന്നത്?

ഹൈക്കലായുടെ മധ്യഭാഗത്തായി

42. വിശ്വാസികൾ ഏതു ഭാഗത്ത് പ്രവേശിക്കുന്നതിനു മുമ്പായി തലവണങ്ങി കുരിശുവരച്ചുകൊണ്ട് ഇപ്രകാരം ചൊല്ലുന്നു: 'ദൈവമേ, ബഹുമതിപൂർവം ഞാൻ നിൻ്റെ ഭവനത്തിലേക്ക് പ്രവേശിച്ചു; എൻ്റെ നേർച്ചകളെ ഞാൻ കഴിക്കും?

ഹൈക്കലാ

43. ഏതു ഭാഗത്ത് പ്രവേശിച്ച് കുമ്പിട്ട് വന്ദിച്ചുകൊണ്ടാണ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ദൈവമേ, നിൻ ഭവനത്തിൽ ഞാൻ പ്രവേശിച്ചു. സ്വർഗീയ രാജാവേ, നിൻ്റെ സിംഹാസന ത്തിന്റെ മുമ്പിൽ വന്ദിച്ചു; നിനക്കെതിരായി ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോടു ക്ഷമിക്കണമേ?

ഹൈക്കലാ

44. സഭാപിതാക്കന്മാർ മലങ്കര പള്ളിയുടെ ഏത് ഭാഗത്തെയാണ് ഭൂമിയുടെ പ്രതീകമായിട്ട് വിശേഷിപ്പിക്കുന്നത്?

ഹൈക്കലാ

45. മോണ്ടളം എന്ന സുറിയാനി പദത്തിൻറെ അർത്ഥം എന്താണ്?

ആശ്വാസത്തിൻ്റെ സ്ഥലം

46. മലങ്കര പള്ളിയിൽ ജറുസലേം ദൈവാലയത്തിൻ്റെ പുറത്തെ പ്രാകാരത്തിന് തുല്യമായിട്ടുള്ള സ്ഥലം ഏതാണ്?

www.malankaralibrary.com

മോണ്ടളം

47. മലങ്കര പള്ളിയിൽ ഏറ്റവും പടിഞ്ഞാറ് ഉള്ള ഭാഗം ഏതാണ്?

മോണ്ടളം

48. ആദിമസഭയിൽ മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർ, വേദാഭ്യസനം നടത്തുന്നവർ, അനുതാപികൾ, ശിക്ഷയിൽ ഇരിക്കുന്നവർ എന്നിവർക്ക് നമസ്കാരത്തിലും വിശുദ്ധ കുർബാനയുടെ ആദ്യഭാഗമായ വചനശുശ്രൂഷയിലും പങ്കുകൊള്ളാനുള്ള ദൈവാലയത്തിന്റെ ഭാഗം ഏതാണ്?

മോണ്ടളം

49. ആദ്യകാലങ്ങളിൽ സ്നാനാർത്ഥികൾ വിശ്വാസം പഠിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും വേണ്ടിയുള്ള ദൈവാലയത്തിന്റെ ഭാഗം ഏതാണ്?

മോണ്ടളം

50. ആദ്യകാലങ്ങളിൽ പള്ളിക്കാര്യങ്ങൾ ആലോചിക്കുന്നതിന് വേണ്ടി സംഘങ്ങൾ കൂടിയിരുന്ന ദൈവാലയത്തിന്റെ ഭാഗം ഏതാണ്?

മോണ്ടളം

51. പള്ളിക്കു ചുറ്റുമുള്ള പ്രദക്ഷിണത്തിനു മുമ്പ് വേദവായനകൾക്കായി ഉപയോഗിക്കുന്ന ദൈവാലയത്തിന്റെ ഭാഗം ഏതാണ്?

മോണ്ടളം

52. മോണ്ടളം, ഹൈക്കലാ, കെസ്ത്രൂമാ, മദ്ബഹാ എന്നിവ ക്രമാനുഗതമായി ഉയർന്നാണ് സ്ഥിതി ചെയ്യുന്നത്. ഈ ഉയർച്ച എന്തിനെ സൂചിപ്പിക്കുന്നു?

പാപാവസ്ഥയിൽ നിന്നും വിശുദ്ധിയിലേക്കുള്ള വളർച്ച

## 5. 13 ദേവാലയത്തിലെ വിശുദ്ധ വസ്തുക്കൾ

www.malankaralibrary.com

1. ദേവാലയത്തിൽ വച്ച് നടത്തുന്ന ദൈവാരാധന ഏതിന്റെ മുന്നാസ്വാദനമാണ്?
സ്വർഗീയാനുഭവത്തിന്റെ
2. ദേവാലയത്തിന്റെ ഘടനയും അതിൽ ഉപയോഗിക്കുന്ന വിശുദ്ധ വസ്തുക്കളും എന്താണ് വിളിച്ചറിയിക്കുന്നത്?
ദൈവസാന്നിദ്ധ്യം
3. "ത്രോണോസ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്താണ്?
സിംഹാസനം
4. ആരുടെ പ്രത്യേക സാന്നിധ്യം ത്രോണോസിൽ കാണപ്പെടുന്നു?
സ്വർഗസ്ഥനായ പിതാവിൻ്റെ
5. ത്രോണോസിൽ എഴുന്നള്ളിയിരിക്കുന്നത് ആരാണ്?
സ്വർഗീയരാജാവ്
6. ജറുസലേം ദേവാലയത്തിലെ കൃപാസനത്തെ (ഹെബ്രായർ 9:5) സൂചിപ്പിക്കുന്നത് എന്താണ്?
ത്രോണോസ്
7. യേശുമിശിഹായുടെ കുരിശു മരണത്തിന്റെയും കബറടക്കത്തിന്റെയും പുനരുത്ഥാനത്തിന്റെയും അനുസ്മരണം നിർവഹിക്കുന്നതിനാൽ ത്രോണോസ് സൂചിപ്പിക്കുന്നത് എന്താണ്?
ഗോഗുൽത്താ മലയെയും കർത്താവിൻ്റെ കബറിനെയും
8. ജീവൻ്റെ അപ്പമാകുന്ന വിശുദ്ധ കുർബാന ത്രോണോസിന്മേൽ ആഘോഷിക്കപ്പെടുന്നതിനാൽ മറ്റ് പേരെന്താണ്?
ജീവൻ്റെ മേശ
9. ത്രോണോസിന്മേൽ വിശുദ്ധ കുർബാന എന്ന യാഗം അർപ്പിക്കുന്നതിനാൽ ത്രോണോസിനെ എങ്ങനെ വിളിക്കുന്നു?
യാഗപീഠം
10. ത്രോണോസ് ആരെ പ്രതിനിധാനം ചെയ്യുന്നു?

www.malankaralibrary.com

നമ്മുടെ കർത്താവിനെ

11. തബ്ലീത്താ എന്നതിന്റെ മറ്റു പേര് എന്താണ്?

ചെറിയ ത്രോണോസ്

12. വിശുദ്ധ കുർബാന അർപ്പിക്കുന്നതിന് ത്രോണോസിൽ കാസായും പീലാസായും വയ്ക്കുന്ന ചെറിയ പലകയുടെ പേര് എന്താണ്?

തബ്ലീത്താ

13. കൂദാശ ചെയ്യപ്പെട്ട ത്രോണോസിലും ഇതിന്റെ ഉപയോഗം അനുപേക്ഷണീയമത്രേ. ഈ പലകയുടെ പേരെന്താണ്?

തബ്ലീത്താ

14. അത്യാവശ്യ അവസരങ്ങളിൽ കൂദാശ ചെയ്യപ്പെട്ട ത്രോണോസ് ഇല്ലെങ്കിലും ഏത് പലകയുടെ മേൽ വിശുദ്ധ കുർബാന അർപ്പിക്കാവുന്നതാണ്?

തബ്ലീത്താ

15. തബ്ലീത്താ സൂചിപ്പിക്കുന്നത് എന്താണ്?

രക്ഷാകരമായ കുരിശ്

16. മലങ്കരയിൽ തബ്ലീത്താ എന്ത് കൊണ്ടാണ് ഉണ്ടാക്കുന്നത്?

മരം

17. തബ്ലീത്തായുടെ ഒരു വശത്ത് എന്ത് പൂശിയാണ് കൂദാശ ചെയ്യുന്നത്?

മൂറോൻ

18. ഏതിലാണ് അത് കൂദാശ ചെയ്ത മെത്രാൻ്റെ പേരും കൂദാശ ചെയ്ത തീയതിയും കുരിശാകൃതിയിൽ സുറിയാനിയിൽ എഴുതിയിരിക്കുന്നത്?

തബ്ലീത്താ

19. തബ്ലീത്തായിൽ മെത്രാന്റെ പേര് എഴുതിയിരിക്കുന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?

അപ്പസ്തോലികാധികാരം

20. വിശുദ്ധ ത്രോണോസിൻ്റെ മധ്യത്തിൽ തബലീത്താ വച്ച് അതിന്മേൽ വിരിക്കുന്ന മൂന്നു നിറങ്ങളോടുകൂടിയ തുണിയുടെ പേര് എന്താണ്?

വിരിക്കൂട്ടം

www.malankaralibrary.com

21. വിരിക്കൂട്ടത്തിന്റെ മുകളിൽ എന്താണ് വയ്ക്കുന്നത്?

കാസായും പീലാസായും

22. വിരിക്കൂട്ടത്തിൻ്റെ മധ്യഭാഗത്തുള്ള വെള്ള നിറം എന്തിനെ സൂചിപ്പിക്കുന്നു?

കാതോലികവും വിശുദ്ധവുമായ സഭ

23. വിരിക്കൂട്ടത്തിൻ്റെ പച്ച നിറം എന്തിനെ സൂചിപ്പിക്കുന്നു?

ഹരിതവർണമായ ഭൂമിയെ

24. വിരിക്കൂട്ടത്തിൻ്റെ ചുവപ്പു നിറം എന്തിനെ സൂചിപ്പിക്കുന്നു?

പ്രപഞ്ചത്തെ

25. ത്രോണോസിനെ അലങ്കരിക്കുന്നതിനായുള്ള പട്ടു വസ്ത്രത്തിന്റെ പേര് എന്താണ്?

ചിത്തോല

26. കബറടക്ക സമയത്ത് നമ്മുടെ കർത്താവിനെ പൊതിഞ്ഞ മേൽത്തരം പട്ടുശീലയെ സൂചിപ്പിക്കുന്നത് എന്താണ്?

ചിത്തോല

27. സിംഹാസനത്തിലിരിക്കുന്ന ദൈവത്തിൻ്റെ പ്രതാപത്തെ സൂചിപ്പിക്കുന്നത് എന്താണ്?

ചിത്തോല

28. ചിത്തോല എന്ന ഏകവസ്ത്രം മൂന്നു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

ഏകനായ ദൈവം ത്രിത്വമായി അറിയപ്പെടുന്നത്

29. ചിത്തോലയിൽ മൂന്നു ഖണ്ഡങ്ങളിലെയും ഒരേനിറം എന്ത് സൂചിപ്പിക്കുന്നു?

ത്രിത്വത്തിലെ മൂന്നുപേരും സാരാംശത്തിൽ സമന്മാരാണെന്നു കാണിക്കുന്നു

30. ചിത്തോലയിൽ കുരിശുള്ള മധ്യഭാഗത്തെ ഖണ്ഡം ആരെ സൂചിപ്പിക്കുന്നു?

ദൈവപുത്രനെ

www.malankaralibrary.com

31. ചിത്തോലയിൽ ഇടതുവശത്തുള്ള ഖണ്ഡം ആരെ സൂചിപ്പിക്കുന്നു?

പിതാവിനെ

32. ചിത്തോലയിൽ വലതുവശത്തുള്ള ഖണ്ഡം ആരെ സൂചിപ്പിക്കുന്നു?

പരിശുദ്ധ റൂഹായെ

33. ചിത്തോലയിൽ മധ്യഖണ്ഡത്തിലെ കുരിശ് ഗാഗുൽത്തായിൽ ഉയർത്തിയ രക്ഷയുടെ ചിഹ്നമായി സൂചിപ്പിക്കുന്നത് എന്താണ്?

സ്ലീബാ

34. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ത്രിത്വത്തിലുള്ള നിത്യമായ ബന്ധത്തെ സൂചിപ്പിക്കുന്ന ത്രോണോസിനെ അലങ്കരിക്കുന്നതിനായുള്ള പട്ടുവസ്ത്രം ഏന്താണ്?

ചിത്തോല

35. കാസായും പീലാസായും മൂടുന്ന വെളുത്ത തുണിയുടെ പേര് എന്താണ്?

ശോശപ്പാ

36. വിശുദ്ധ രഹസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ അദൃശ്യാവസ്ഥയെ സൂചിപ്പിക്കുന്ന തുണി എന്താണ്?

ശോശപ്പാ

37. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്ക് മരുഭൂമിയിൽ വച്ച് വെള്ളം നൽകിയ തീക്കൽപ്പാറയെ ഓർമ്മിപ്പിക്കുന്ന വെളുത്ത തുണി ഏതാണ്?

ശോശപ്പാ

38. കർത്താവിന്റെ കബറിങ്കൽ വയ്ക്കപ്പെട്ട കല്ലിനെ ഓർമിപ്പിക്കുന്ന വെളുത്ത തുണി ഏതാണ്?

ശോശപ്പാ

39. ത്രോണോസിൻറെ മധ്യത്തിലുള്ള കുരിശ് ആരെ പ്രതിനിധാനം ചെയ്യുന്നു?

യേശുവിനെ

www.malankaralibrary.com

40. ഏത് പാരമ്പര്യത്തിലാണ് കുരിശ് കർത്താവിന്റെ പീഡാസഹനത്തെയും മരണത്തെയും മാത്രമല്ല, ഉത്ഥിതനായ യേശുവിനെയും പ്രതിനിധാനം ചെയ്യുന്നത്?

പൗരസ്ത്യ പാരമ്പര്യത്തിൽ

41. ക്രൂശിതരൂപം ഇല്ലാത്ത കുരിശ് ഉപയോഗിക്കുന്നത് ഏത് ക്രമത്തിലാണ്?

മലങ്കരക്രമത്തിൽ

42. ത്രോണോസിലെ കത്തിച്ച മെഴുകുതിരികൾ എന്താണ് വെളിവാക്കുന്നത്?

ദൈവസാന്നിധ്യം

43. എവിടെ നിന്നുണ്ടാകുന്ന പ്രകാശമാണ് പാപാന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വിശ്വാസികൾ തിരിയണമെന്ന് പഠിപ്പിക്കുന്നു?

മെഴുകുതിരിയിൽ

44. മദ്ബഹായിൽ വച്ചിരിക്കുന്ന പതിമൂന്നു തിരികളിൽ പന്ത്രണ്ടു തിരികൾ ആരെ സൂചിപ്പിക്കുന്നു?

പന്ത്രണ്ടു അപ്പസ്തോലന്മാരെ

45. മദ്ബഹായിൽ വച്ചിരിക്കുന്ന പതിമൂന്നു തിരികളിൽ മദ്ധ്യഭാഗത്തെ തിരി എന്തിനെ സൂചിപ്പിക്കുന്നു?

ദൈവസാന്നിധ്യത്തെ

46. ത്രോണോസിൻ്റെ രഹസ്യാത്മകതയെയും വിശുദ്ധിയെയും ഓർമ്മിപ്പിക്കുന്ന മദ്ബഹായിലെ മറയ്ക്കുന്ന തുണി ഏതാണ്?

തിരശീല

47. ന്യായപ്രമാണപ്രകാരം ജറുസലേം ദേവാലയത്തിലെ വിശുദ്ധസ്ഥലവും മഹാവിശുദ്ധ സ്ഥലവും തമ്മിൽ വേർതിരിച്ചു കാണിക്കുന്ന തുണി എന്താണ്?

തിരശീല

48. സ്വർഗവും ഭൂമിയും തമ്മിലുള്ള വേർതിരിവിനെ സൂചിപ്പിക്കുന്ന മദ്ബഹായെ മറയ്ക്കുന്ന തുണി ഏതാണ്?

തിരശീല

www.malankaralibrary.com

49. തിരശീലയ്ക്കപ്പുറത്ത് മഹാപുരോഹിതനായ ക്രിസ്തു മനുഷ്യവർഗത്തിനുവേണ്ടി മധ്യസ്ഥബലി നിർവഹിക്കുന്നതു പോലെ, മദ്ബഹായിൽ വിശ്വാസികൾക്കു വേണ്ടി മധ്യസ്ഥത വഹിക്കുന്നത് ആരാണ്?

വൈദികർ

50. പള്ളിയിൽ നിന്ന് വിശ്വാസികൾക്ക് ലഭിക്കുന്ന രണ്ടു തരം ആത്മീയ ഭക്ഷണം എന്തൊക്കെയാണ്?

നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളും ദൈവത്തിൻ്റെ തിരുവചനങ്ങളും

51. ആത്മീയ ഭക്ഷണമായ തിരുശരീരവും തിരുരക്തവും ദേവാലയത്തിൽ എവിടെ നിന്നാണ് ലഭിക്കുന്നത്?

ത്രോണോസിൽ നിന്ന്

52. ആത്മീയ ഭക്ഷണമായ തിരുവചനങ്ങൾ ദേവാലയത്തിന്റെ എവിടെ നിന്നാണ് ലഭിക്കുന്നത്?

ഏവൻഗേലിയോൻ പീഠത്തിൽ നിന്ന്

53. ധൂപക്കുറ്റി ആരെ സൂചിപ്പിക്കുന്നു?

ദൈവമാതാവിനെ

54. വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ച ദൈവത്തെ സൂചിപ്പിക്കുന്ന ധൂപക്കുറ്റിയിലെ വസ്തു എന്താണ്?

അഗ്നി

55. ധൂപക്കുറ്റിയിലെ ചങ്ങലകൾ എത്ര?

നാല്

56. ധൂപക്കുറ്റിയിലെ ഒന്നാമത്തെ ചങ്ങല ആരെ സൂചിപ്പിക്കുന്നു?

പിതാവായ ദൈവത്തെ

57. ധൂപക്കുറ്റിയിലെ രണ്ടാമത്തേതും മൂന്നാമത്തേതും ചങ്ങലകൾ ആരെ സൂചിപ്പിക്കുന്നു?

മനുഷ്യാവതാരം ചെയ്ത ദൈവവും മനുഷ്യനുമായ പുത്രൻ തമ്പുരാനെയും

www.malankaralibrary.com

58. ധൂപക്കുറ്റിയിലെ നാലാമത്തെ ചങ്ങല ആരെ സൂചിപ്പിക്കുന്നു?

പരിശുദ്ധാത്മാവായ ദൈവത്തെ

59. ധൂപക്കുറ്റിയിലെ ചങ്ങലകളെ കൂട്ടിയോജിപ്പിക്കുന്ന മുകളിലത്തെ വളയം എന്താണ് സൂചിപ്പിക്കുന്നത്?

പരിശുദ്ധ ത്രിത്വത്തിന്റെ ഏകത്വത്തെ

60. ധൂപക്കുറ്റിയിലെ ചങ്ങലകളിലുള്ള പന്ത്രണ്ടു മണികൾ ആരെ സൂചിപ്പിക്കുന്നു?

പന്ത്രണ്ടു ശ്ലീഹന്മാരെ

61. ധൂപക്കുറ്റിയിലെ ചങ്ങലകളിലെ എഴുപത്തിരണ്ട് കണ്ണികൾ ആരെ സൂചിപ്പിക്കുന്നു?

എഴുപത്തിരണ്ട് അറിയിപ്പുകാരെ

62. ധൂപക്കുറ്റിയുടെ മേൽത്തട്ട് എന്ത് സൂചിപ്പിക്കുന്നു?

ആകാശത്തെ

63. ധൂപക്കുറ്റിയുടെ അടിത്തട്ട് എന്ത് സൂചിപ്പിക്കുന്നു?

ഭൂമിയെ

64. ധൂപക്കുറ്റിയിലെ കരി ആരെ സൂചിപ്പിക്കുന്നു?

പാപികളായ മനുഷ്യരെ

65. ധൂപക്കുറ്റിയിലെ അഗ്നി ത്രിത്വത്തിലുള്ള ആരെ സൂചിപ്പിക്കുന്നു?

പരിശുദ്ധാത്മാവായ ദൈവത്തെ

66. പാപ മാലിന്യങ്ങളാൽ കരിക്കട്ടയ്ക്ക് തുല്യരായ മനുഷ്യർ ദൈവ സാന്നിധ്യത്തിൽ അഗ്നിതുല്യരായിത്തീർന്ന് ആരാൽ നിറയ്ക്കപ്പെടുന്നു?

പരിശുദ്ധാത്മാവിനാൽ

67. മനുഷ്യരുടെ പ്രാർത്ഥനകളും പുണ്യപ്രവൃത്തികളും ദൈവത്തിനു കാഴ്ചയായി അർപ്പിക്കുന്നതിനെ എവിടെ നിന്നുയരുന്ന ധൂപമാണ് സൂചിപ്പിക്കുന്നത്?

ധൂപക്കുറ്റിയിൽ

68. വിശുദ്ധ കുർബാനയ്ക്ക് വീഞ്ഞ് പ്രത്യേകമായി ഒരുക്കിവയ്ക്കുന്ന പാത്രത്തിൻറെ പേര് എന്താണ്?

കാസാ

www.malankaralibrary.com

69. വിശുദ്ധ കുർബാനയ്ക്ക് അപ്പം പ്രത്യേകമായി ഒരുക്കിവയ്ക്കുന്ന പാത്രത്തിൻറെ പേര് എന്താണ്?
പീലാസ
70. വാഗ്ദാനപേടകത്തിൽ മന്നാ സൂക്ഷിച്ചിരുന്ന പൊൻപാത്രത്തിനു സദൃശ്യമായവ എന്തൊക്കെയാണ്?
കാസായും പീലാസായും
71. കാസായും പീലാസായും എന്തിനെയാണ് സൂചിപ്പിക്കുന്നത്?
കർത്താവിന്റെ മൃതശരീരം നിക്ഷേപിച്ച കല്ലറയെ
72. കാസായും പീലാസായും മൂടുവാൻ ഉപയോഗിക്കുന്ന ചുവന്ന തുണിയുടെ പേര് എന്താണ്?
കബ്ലാന
73. മണിയുടെയും മർബഹാസായുടെയും നാദം ഏതിന്റെ അനുസ്മരണമാണ്?
ദൈവിക സാന്നിധ്യത്തിന്റെ
74. മാലാഖമാരുടെ സ്തുതിപ്പിന്റെ അടയാളമായ വസ്തുക്കൾ എന്തൊക്കെയാണ്?
മർബഹാസായും മണിയും
75. ത്രോണോസിന് ചുറ്റും നില്ക്കുന്ന മാലാഖമാരുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഉപകരണം എന്താണ്?
മർബഹാസ
76. വിശറി പോലെയുള്ള മർബഹാസ ആരുടെ ചിറകുകളെ സൂചിപ്പിക്കുന്നു?
സ്രോപ്പേ മാലാഖമാരുടെ
77. വിശുദ്ധ കുർബാന പ്രത്യേകം സൂക്ഷിച്ചു വയ്ക്കുന്ന പേടകം ഏതാണ്?
സക്രാരി
78. ദേവാലയത്തിലുപയോഗിക്കുന്ന വിശുദ്ധ വസ്തുക്കൾ എന്താണ് നമ്മെ വിളിച്ചറിയിക്കുന്നത്?
ദൈവസാന്നിദ്ധ്യം

## 5. 14 ആരാധനയിലെ പ്രതീകാത്മക പ്രവർത്തനങ്ങൾ

www.malankaralibrary.com

1. മലങ്കര ആരാധനക്രമം ഉടലെടുത്തിരിക്കുന്നത് ഏത് ആരാധനക്രമത്തിൽ നിന്നുമാണ്?
   അന്ത്യോക്യൻ
2. മറ്റ് ആരാധനാക്രമങ്ങളെ അപേക്ഷിച്ച് ഏത് ആരാധനക്രമത്തിലാണ് കൂടുതൽ പ്രതീകങ്ങൾ ഉള്ളത്?
   മലങ്കര ആരാധനക്രമം
3. ചില യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാൻ നാം ഉപയോഗിക്കുന്ന അടയാളങ്ങളുടെ പേരെന്താണ്?
   പ്രതീകങ്ങൾ
4. നമ്മുടെ പാരമ്പര്യം ഏത് ദിശയിലേക്ക് തിരിഞ്ഞു നിന്ന് പ്രാർത്ഥിക്കുന്നതാണ്?
   കിഴക്കോട്ട്
5. ആരെ നീതിമഹാസൂര്യനായി ആദിമസഭ കണ്ടിരുന്നു?
   യേശുക്രിസ്തുവിനെ
6. ഉദയസൂര്യന്റെ ദിക്കായ ഏത് ദിശയ്ക്ക് ആദിമസഭ പ്രത്യേക പ്രാധാന്യം നല്കിയിരുന്നു?
   കിഴക്കിന്
7. നമ്മുടെ കർത്താവ് ഏത് ദിശയിൽ നിന്നും വീണ്ടും വരുമെന്നുള്ള പ്രത്യാശയും ഉപദേശവും വിശുദ്ധ ശ്ലീഹന്മാരിൽനിന്നും സഭയ്ക്ക് ലഭിച്ചിട്ടുണ്ട്?
   കിഴക്ക്
8. കർത്താവിൻ്റെ രണ്ടാം വരവിനെ പ്രതീക്ഷിച്ചുകൊണ്ട് നാം ഏത് ദിശയിലേക്ക് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നു?
   കിഴക്കോട്ട്
9. മലങ്കരപള്ളികൾ ഏത് ദിശയിലേക്കായി നിർമ്മിക്കപ്പെടുന്നു?
   കിഴക്കു പടിഞ്ഞാറായി
10. മലങ്കര പള്ളികളിൽ ഏത് ദിശയിലേക്ക് കുർബാന അർപ്പിക്കുന്നു?
   കിഴക്കിനഭിമുഖമായി

www.malankaralibrary.com

11. മലങ്കര പള്ളികളിൽ മരിച്ചുപോയവരെ ഏത് ദിശയിലേക്കാണ് സംസ്കരിക്കുന്നത്?

കിഴക്കിനഭിമുഖമായി

12. ആരാധനാനുഷ്ഠാനങ്ങളിൽ നാം ത്രിത്വസ്തുതി ചൊല്ലുമ്പോഴും സ്ലീബാ എന്ന വാക്ക് ഉച്ചരിക്കുമ്പോഴും കുരിശ് മുത്തുമ്പോഴും ആശീർവാദം ലഭിക്കുമ്പോഴും നാം ചെയ്യുന്നത് എന്താണ്?

കുരിശുവരയ്ക്കുന്നു

13. നമ്മുടെ കർത്താവിൻ്റെ രക്ഷാകരസംഭവങ്ങൾ അനുസ്മരിക്കുന്ന പ്രതീകം എന്താണ്?

കുരിശ്

14. കുരിശുമരണത്തിലൂടെ മനുഷ്യ വർഗത്തെ ദൈവം രക്ഷിച്ചത് കൊണ്ട് കുരിശിനെ നാം എന്തൊക്കെ ചെയ്യുന്നു?

ആദരിക്കുന്നു, വണങ്ങുന്നു, ബഹുമാനിക്കുന്നു

15. ദൈവപുത്രൻ സ്വർഗത്തിൽനിന്നും ഭൂമിയിലേക്ക് ഇറങ്ങി വന്ന് പാപത്തിലായിരുന്ന നമ്മെ, തൻ്റെ കുരിശു മരണത്താലും ഉയിർപ്പിനാലും ദൈവമക്കളാക്കിത്തീർത്തു എന്ന സത്യം ഏത് പ്രവർത്തിയിലൂടെ നാം അനുസ്മരിക്കുന്നു?

കുരിശു വരയ്ക്കുന്നതിലൂടെ

16. നമ്മുടെ കർത്താവിൻ്റെ കഷ്ടാനുഭവങ്ങളെ ഓർക്കുകയും അവയുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. ഏത് പ്രവർത്തിയിലൂടെ നാം ഇത് അനുസ്മരിക്കുന്നു?

കുരിശുവരയ്ക്കുമ്പോൾ

17. ദൈവവും മനുഷ്യനും, മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധത്തിന്റെ അടയാളമായി എക്കാലവും നിലകൊള്ളുന്നത് എന്താണ്?

കുരിശ്

18. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ഉത്തമ മാതൃകയെ ഏത് വസ്തുവിലാണ് നാം ദർശിക്കുന്നത്?

കുരിശിൽ

www.malankaralibrary.com

19. മരിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ ഏത് വസ്തുവിലാണ് നാം കാണുന്നത്?

കുരിശിൽ

20. വിശുദ്ധ കുർബാനയിലും നമ്മുടെ യാമപ്രാർത്ഥനകളിലും നാം ഏത് രീതിയിലാണ് സംബന്ധിക്കുന്നത്?

നിന്നുകൊണ്ട്

21. ദൈവം നമ്മുടെ പിതാവും നാം അവിടുത്തെ മക്കളുമാണ്. മക്കൾക്കുള്ള സ്വാതന്ത്ര്യവും അതേസമയം പിതാവിനോടുള്ള ഭക്തിയും പ്രകടിപ്പിക്കുന്നത് ഏത് രീതിയിലുള്ള പ്രാർത്ഥനയാണ്?

നിന്നുകൊണ്ടുള്ള പ്രാർത്ഥന

22. നാം ഉയിർത്തെഴുന്നേൽപ്പിൻ്റെ മക്കളായതുകൊണ്ട് ഏത് രീതിയിലുള്ള പ്രാർത്ഥന നമ്മൾ നടത്തുന്നു?

നിന്നുകൊണ്ടുള്ള പ്രാർത്ഥന

23. മലങ്കര ക്രമത്തിൽ നമ്മുടെ ഔദ്യോഗിക പ്രാർത്ഥന സമയത്ത് നാം ദൈവത്തിന്റെ മുമ്പിൽ ഇരിക്കാറില്ല. എന്തുകൊണ്ട്?

ദൈവം രാജാധിരാജാവായതുകൊണ്ട്

24. മലങ്കര ക്രമത്തിൽ പ്രാർത്ഥന നടത്തുമ്പോൾ ആദരവിന്റെ സൂചനയായി നാം എന്ത് ചെയ്യുന്നു?

തലവണങ്ങുകയും കുമ്പിടുകയും ചെയ്യുന്നു

25. മലങ്കര ക്രമത്തിൽ പ്രാർത്ഥന നടത്തുമ്പോൾ കുമ്പിടീൽ നടത്തേണ്ട രീതി എന്താണ്?

നെറ്റി നിലത്ത് മുട്ടത്തക്കവണ്ണം കുമ്പിടുന്നു

26. കുമ്പിടീൽ നടത്തുമ്പോൾ നമ്മൾ ധ്യാനിക്കേണ്ടത് എന്താണ്?

കർത്താവ് ഗത്സമെൻ തോട്ടത്തിൽ മൂന്ന് പ്രാവശ്യം കമിഴ്ന്നു വീണ് പ്രാർത്ഥിച്ചത്

27. ഏത് രീതിയിലുള്ള പ്രാർത്ഥന രീതി, സ്രഷ്ടാവിൻ്റെ മുമ്പിലുള്ള സൃഷ്ടിയുടെ പൂർണ വിധേയത്വത്തെ സൂചിപ്പിക്കുന്നത്?

www.malankaralibrary.com

കുമ്പിടീൽ

28. നാം വിനയത്തോടെ തല കുനിച്ച് പ്രാഞ്ചത്ഥിക്കുംബോൾ എന്ത് പ്രാപിക്കുന്നതിനായി ആഗ്രഹിക്കുന്നു?

ദൈവത്തിന്റെ അനുഗ്രഹം

29. വിനയത്തിന്റെയും വിധേയത്വത്തിന്റെയും അടയാളമാകുന്ന പ്രാർത്ഥന രീതി ഏതാണ്?

തലകുനിക്കുന്നത്

30. 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ ചെയ്യേണ്ട രീതി എന്താണ്?

കൈ മലർത്തിപ്പിടിച്ച് (തുറന്നു പിടിച്ച്) നിന്നുകൊണ്ട് പ്രാർത്ഥിക്കണം

31. നമ്മെയും ലോകത്തെയും ദൈവതിരുമുമ്പാകെ സമർപ്പിക്കുന്നതിന്റെയും ദൈവത്തിൽനിന്ന് അനുഗ്രഹങ്ങളും കൃപകളും സ്വീകരിക്കുന്നതിന്റെയും അടയാളമായി വിശുദ്ധ കുർബാനയിൽ പലപ്പോഴും കൈ തുറന്നു പിടിച്ച് പ്രാർത്ഥിക്കുന്നത് ആരാണ്?

പുരോഹിതൻ

32. കൈ നെഞ്ചത്ത് അടക്കിപ്പിടിച്ചു നില്ക്കുന്നതും കൈ കൂപ്പി നില്ക്കുന്നതും എന്ത് അടയാളമാണ്? ഭയഭക്തിയുടെ

33. നമ്മുടെ പ്രാർത്ഥന സ്വർഗത്തിലേക്ക് ഉയരുന്നതിൻ്റെ പ്രതീകം എന്താണ്?

ധൂപാർപ്പണം

34. വ്യക്തികളെയും വസ്തുക്കളെയും സ്ഥലങ്ങളെയും വിശുദ്ധീകരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും അടയാളമായി നടത്തുന്ന രീതിക്ക് എന്താണ് പേര്?

ധൂപാർപ്പണം

35. വിശുദ്ധ കുർബാനയിൽ നാം നടത്തുന്ന പ്രദക്ഷിണം എവിടെ വച്ചാണ് നടത്തുന്നത്?

മദ്ബഹായുടെ ഉള്ളിൽ

36. വിശുദ്ധ കുർബാനയുടെ സമയത്ത് എത്ര പ്രദക്ഷണങ്ങൾ നടത്തപ്പെടുന്നു?

www.malankaralibrary.com

പ്രധാനമായും നാല് പ്രാവശ്യം

37. വിശുദ്ധ കുർബാനയുടെ സമയത്ത് മദ്ബഹായിൽ മാത്രം നടക്കുന്ന ആഘോഷമായ പ്രദക്ഷിണങ്ങൾ ഏവ?

(1) പരസ്യശുശ്രൂഷ തുടങ്ങുമ്പോൾ (2) ധൂപക്കുറ്റി വാഴ്ത്തി കഴിഞ്ഞ് (3) വിശുദ്ധ കുർബാന സ്വീകരിക്കുന്നതിന് മുമ്പ് (4) സ്വീകരിച്ചതിനുശേഷം.

38. പ്രദക്ഷിണത്തിന് ഗൗരവവും ഭക്തിനിർഭരതയും ആകർഷകതയും വർധിപ്പിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ എന്തൊക്കെയാണ്?

ധൂപകലശം, കത്തിച്ച മെഴുകുതിരികൾ, മണികൾ, മർബഹാസ എന്നിവ കിലുക്കുകയും വലിയ മണി അടിക്കുകയും

39. മലങ്കര ക്രമത്തിൽ ആരാധനാനുഷ്ഠാനങ്ങളിൽ നാം നടത്തുന്ന പ്രദക്ഷിണങ്ങളെല്ലാം ഏതിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു?

തീർത്ഥയാത്ര

40. സഭാജീവിതം എവിടേക്കുള്ള തീർത്ഥയാത്രയാണ്?

സ്വർഗീയ കാനാനിലേക്ക് അഥവാ സ്വർഗരാജ്യത്തിലേക്കുള്ള

41. അടിമത്തത്തിൽ നിന്ന് സ്വാതന്ത്യത്തിലേക്കും പാപത്തിൽ നിന്ന് നിത്യജീവനിലേക്കും അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും ഉള്ള ദൈവജനത്തിൻ്റെ തീർത്ഥയാത്ര എന്നത് ആരുടെ ജീവിതമാണ്?

സഭാമക്കളുടെ

## 6.12 വിശുദ്ധ കുർബാന - ആമുഖം

1. ജറുസലേമിൽ ആരംഭിച്ച ക്രൈസ്തവ സഭ ഏത് മതത്തിൽ നിന്നാണ് വിവിധ ആചാരങ്ങളും ആരാധന സമ്പ്രദായങ്ങളും സ്വീകരിച്ചിട്ടുള്ളത്?

   യഹൂദമതത്തിൽ

2. ഏത് മതത്തിൻറെ പശ്ചാത്തലത്തിലാണ് ക്രൈസ്തവ സഭ വളർന്ന് വന്നത്?

   യഹൂദമതത്തിന്റെ

www.malankaralibrary.com

3. യഹൂദമതത്തിലെ ആരാധനയിൽ ഏറ്റവും പ്രധാനപ്പെട്ട ശുശ്രൂഷ ഏത് ആയിരുന്നു?
    ബലിയർപ്പണം
4. ഇസ്രായേൽജനതയുടെ ആരംഭകാലം മുതൽ ആരൊക്കയാണ് ബലിയർപ്പിച്ചിരുന്നത്?
    വ്യക്തികളും കുടുംബത്തലവന്മാരും
5. പഴയനിയമത്തിൽ കാണുന്ന പലതരത്തിലുള്ള ബലിയർപ്പണങ്ങൾ എന്തൊക്കയാണ്?
    ഹാബേലിൻ്റെ ബലി (ഉല്പത്തി 4:4), നോഹിന്റെ ബലി (ഉല്പത്തി 8:20-23), അബ്രഹാമിൻ്റെ ബലി (ഉല്പത്തി 22:1-13).
6. ആരുടെ കാലത്താണ് ബലിയർപ്പണം ഇസ്രായേൽ ജനതയുടെ ജീവിതത്തിൻ്റെ അടിസ്ഥാന ഘടകമായിത്തീർന്നത്?
    മോശയുടെ
7. പഴയനിയമത്തിൽ എവിടെയാണ് പലതരത്തിലുള്ള ബലിയർപ്പണങ്ങളും അവയുടെ നിയമങ്ങളും വിവരിച്ചിരിക്കുന്നത്?
    ലേവ്യ പുസ്തകം 1 – 7 വരെ അധ്യായങ്ങളിൽ
8. ബലിവസ്തുവിനെ കൊന്ന് അതിൻ്റെ രക്തം എവിടെയാണ് തളിക്കുകയും മാംസം ദഹിപ്പിക്കുകയും ചെയ്തിരുന്നത്?
    ബലിപീഠത്തിന്മേൽ
9. ഇസ്രായേലിൽ ഉണ്ടായിരുന്ന ബലികൾ (യാഗം) എന്തൊക്കയാണ്?
    ഹോമയാഗം, സമാധാനയാഗം, പാപപരിഹാരയാഗം
10. എവിടെ വച്ചാണ് പഴയനിയമത്തിൽ വിവിധ ബലികളോട് ചേർന്ന് സാധാരണമായി അപ്പവും വീഞ്ഞും അർപ്പിക്കുകയും ധൂപം അർപ്പിക്കുകയും ചെയ്തിരുന്നത്?
    ബലിപീഠത്തിൽ

www.malankaralibrary.com

11. ഇസ്രായേലിൽ ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ അംഗീകാരമായിട്ട് എന്താണ് അർപ്പിച്ചിരുന്നത്?
    ബലി
12. പഴയനിയമത്തിൽ ദൈവത്തിന്റെ മഹത്ത്വം അംഗീകരിക്കുവാനും ദൈവവുമായി സംസർഗത്തിൽ ആകുവാനും ദൈവത്തിൽ നിന്ന് പാപപരിഹാരം ലഭിക്കുവാനും ആരാണ് ബലി അർപ്പിച്ചിരുന്നത്?
    യഹൂദർ
13. യഥാർത്ഥബലി എന്നത് ഏതാണ്?
    ക്രിസ്തുവിന്റെ കാൽവരിയിലെ ബലി
14. കാൽവരിയിലെ ബലിയിലൂടെ എല്ലാവർക്കും പാപമോചനവും രക്ഷയും നല്കിയത് ആരാണ്?
    ക്രിസ്തു
15. പഴയനിയമത്തിലെ എല്ലാ ബലികളും ഏതിൻറെ സൂചനയായിരുന്നു?
    ക്രിസ്തുവിന്റെ കുരിശിലെ ബലിയുടെ
16. ഈജിപ്തിലെ അടിമത്തത്തിൽനിന്നും ദൈവം ഇസ്രായേലിനെ വിടുവിച്ചതിന്റെ ഓർമ്മ ഏതാണ്?
    പെസഹാ
17. പെസഹാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?
    കടന്നുപോകൽ
18. ഇസ്രായേൽ ജനം ആട്ടിൻകുട്ടിയെ കൊന്ന് അതിൻ്റെ രക്തം കട്ടിളപ്പടിയിൽ പുരട്ടിയപ്പോൾ ഇസ്രായേൽ ഭവനങ്ങളിലെ ആദ്യജാതന്മാരെ സംഹരിക്കാത്തത് ആരാണ്?
    സംഹാരദൂതൻ
19. ദൈവം ഈജിപ്തിലെ ആദ്യജാതന്മാരെ സംഹരിച്ച് ഇസ്രായേലിന് മോചനം നല്കിയ ഈ സംഭവം ഇസ്രായേൽ ജനം സന്തോഷപൂർവം ആഘോഷിച്ചിരുന്നതിൻറെ പേരെന്താണ്?
    പെസഹാ പെരുന്നാൾ
20. ഏത് ദിവസമാണ് ഇസ്രായേൽജനം ആടിൻ്റെ ചുട്ട മാംസം പുളിപ്പില്ലാത്ത അപ്പത്തോടും കയ്പ്പ്

www.malankaralibrary.com

ഇലകളോടും കൂടി ഭക്ഷിക്കുകയും വീഞ്ഞ് കുടിക്കുകയും സങ്കീർത്തനങ്ങൾ ആലപിക്കുകയും ചെയ്തിരുന്നത്?

പെസഹായ്ക്ക്

21. യഹൂദരുടെ പെസഹാ തിരുനാളിൽ യേശു ആരുടെ കൂടെ പെസഹാ ആഘോഷിച്ചു?

പന്ത്രണ്ട് ശ്ലീഹന്മാരോടൊന്നിച്ച്

22. പെസഹാ രാത്രി യേശു അപ്പമെടുത്ത് ആശീർവദിച്ച്, മുറിച്ച്, ശിഷ്യർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തതു എന്താണ്?

"ഇത് എൻ്റെ ശരീരമാണ്. ഇത് വാങ്ങി ഭക്ഷിക്കുവിൻ".

23. പെസഹാ രാത്രി യേശു വീഞ്ഞ് നിറച്ചിരുന്ന പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊണ്ടു അരുളിച്ചെയ്തതു എന്താണ്?

"ഇത് പാപമോചനത്തിനായി ചിന്തപ്പെടുന്ന എന്റെ രക്തമാണ്. നിങ്ങൾ വാങ്ങി പാനം ചെയ്യുവിൻ" (മത്തായി 26:26-30).

24. യേശു വിശുദ്ധ കുർബാന സ്ഥാപിച്ച് പറഞ്ഞ വാക്ക് എന്താണ്?

"എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ"

25. യേശു ഏതിൻറെ പ്രതീകമായാണ് അപ്പം എടുത്ത് മുറിച്ച് തൻ്റെ ശരീരമായി നല്കിയതും വീഞ്ഞ് തന്റെ രക്തമായി നല്കിയതും?

കുരിശിൽ തന്നെത്തന്നെ ബലിയായി അർപ്പിക്കുന്നതിൻ്റെ

26. യേശു അപ്പം മുറിച്ച് നല്കിയത് തന്റെ ശരീരം ആർക്ക് വേണ്ടി മുറിക്കപ്പെട്ടതിന്റെ പ്രതീകമാണ്?

മനുഷ്യവംശത്തിനായി

27. യേശു വീഞ്ഞ് പകർന്ന് നല്കിയത് എന്തിന് വേണ്ടി തന്റെ രക്തം ചിന്തിയതിന്റെ പ്രതീകമായിട്ടാണ്?

മനുഷ്യരക്ഷയ്ക്കായി

www.malankaralibrary.com

28. വിശുദ്ധ കുർബാനയിലെ മാംസവും രക്തവും യേശുവിന്റെ പൂർണമായ എന്തിനെയാണ് സൂചിപ്പിക്കുന്നത്?

    ആത്മദാനത്തെ

29. എല്ലാ ബലികളിലും എത് അനിവാര്യമാണ്?

    രക്തം ചിന്തൽ

30. ബലിയിൽ വേർതിരിക്കപ്പെടുന്നത് എന്തൊക്കയാണ്?

    രക്തവും മാംസവും

31. യേശുവിന്റെ കുരിശിലെ മരണത്തിലൂടെ ബലിയായപ്പോൾ വേർതിരിക്കപ്പെട്ടത് എന്തൊക്കയാണ്?

    യേശുവിന്റെ മാംസവും രക്തവും

32. പെസഹായിൽ യേശു തന്റെ കുരിശിലെ മരണത്തെ സൂചിപ്പിക്കുന്നത് എങ്ങനയാണ്?

    അപ്പത്തെ തന്റെ ശരീരമായും വീഞ്ഞിനെ തൻ്റെ രക്തമായും നല്കിയതിലൂടെ

33. ആര് പിതാവായ ദൈവത്തിന് അർപ്പിച്ച നന്ദിപ്രകടനമായിരുന്നു വിശുദ്ധ കുർബാന എന്ന ബലി?

    യേശു

34. യേശുവിന്റെ കുരിശിലെ ബലിയിൽ ബലിവസ്തുവും പുരോഹിതനും ആര് തന്നെയാണ്?

    യേശു

35. യേശുവിന് മനുഷ്യവംശത്തോടുള്ള സ്നേഹത്തിൻ്റെ വലിയ പ്രകടനമായ ബലി ഏതാണ്?

    യേശുവിന്റെ കുരിശിലെ ബലി

36. വൈദികൻ വാഴ്ത്തി വിശുദ്ധീകരിക്കുന്ന അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി മാറുന്നത് ഏത് കല്പനപ്രകാരമാണ്?

    "എൻ്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ" (ലൂക്കാ 22:19)

www.malankaralibrary.com

37. വിശുദ്ധ കുർബാനയിലൂടെ യേശുവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്നതു വഴി നമുക്ക് എന്ത ലഭിക്കുന്നു?

നിത്യജീവൻ

38. മനുഷ്യ വംശത്തിന്റെ മുഴുവൻ രക്ഷയ്ക്കും നിത്യജീവനുംവേണ്ടി സ്ഥാപിക്കപ്പെട്ട കൂദാശ ഏതാണ്? വിശുദ്ധ കുർബാന

39. വിശുദ്ധ കുർബാനയാകുന്ന ബലിയെ ഏത് കാലം വരെ തുടരുവാനുള്ള അധികാരം യേശു സഭയ്ക്ക് നല്കി?

ലോകാവസാനം

40. വിശുദ്ധ കുർബാനയിൽ നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന രക്ഷാകര സംഭവങ്ങൾ ഏതാണ്?

പ്രപഞ്ചസൃഷ്ടി, അബ്രഹാമിനെ വിളിച്ചതിലൂടെ ആരംഭിച്ച ഇസ്രായേലിന്റെ ചരിത്രം, യേശുവിന്റെ ജനനം, മാമോദീസാ, പരസ്യജീവിതം, അന്ത്യഅത്താഴം, കുരിശുമരണം, പുനരുത്ഥാനം, സ്വർഗാരോഹണം, രണ്ടാമത്തെവരവ്

41. ക്രിസ്തീയജീവിതത്തിൻ്റെ കേന്ദ്രവും മകുടവും ഏതാണ്?

വിശുദ്ധ കുർബാന

42. പ്രപഞ്ചസൃഷ്ടി മുതൽ യേശുവിൻ്റെ രണ്ടാമത്തെ വരവുവരെയുള്ള രക്ഷാകര രഹസ്യങ്ങളുടെ പുനരവതരണം ഏതാണ്?

വിശുദ്ധ കുർബാന

43. 'കൂദാശകളുടെ കൂദാശ'യായിട്ട് സഭ കാണുന്നത് ഏതാണ്?

വിശുദ്ധ കുർബാന

44. ഏത് കൂദാശയിലേക്കാണ് മറ്റെല്ലാ കൂദാശകളും നയിക്കപ്പെടുന്നത്?

വിശുദ്ധ കുർബാന

45. ദിവ്യ ബലിയിൽ പങ്കുചേർന്ന് നാം നമ്മെത്തന്നെ ബലി അർപ്പിക്കുന്നത് ആരോടൊപ്പമാണ്?

www.malankaralibrary.com

ക്രിസ്തുവിനോടൊപ്പം

46. ഒരേ അപ്പം ഭക്ഷിക്കുകയും ഒരേ കാസായിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്ന നാം ഒരു ശരീരമായിതീരുന്നത് ആരിലാണ്?

    യേശുവിൽ

47. മാനവ സമൂഹത്തെ സ്നേഹത്തിലും ഐക്യത്തിലും കോർത്തിണക്കുന്ന ദിവ്യവിരുന്ന് ഏന്താണ്?

    വിശുദ്ധ കുർബാന.

## 6.13 വിശുദ്ധ കുർബാനയുടെ ഘടന

1. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമമനുസരിച്ച് വിശുദ്ധ കുർബാനയുടെ രണ്ടു ഭാഗങ്ങൾ ഏതാണ്?

    രഹസ്യമായ ഒരുക്കശുശ്രൂഷയും പരസ്യ ശുശ്രൂഷയും

2. രഹസ്യമായ ഒരുക്കശുശ്രൂഷയെ സുറിയാനിയിൽ എങ്ങനെ വിളിക്കുന്നു?

    തൂയോബോ

3. പരസ്യശുശ്രൂഷയുടെ രണ്ടു ഭാഗങ്ങൾ ഏതാണ്?

    പ്രാരംഭശുശ്രൂഷ അഥവാ സ്നാനാർത്ഥികളുടെ ശുശ്രൂഷ എന്നും വിശ്വാസികളുടെ ശുശ്രൂഷ അഥവാ അനാഫൊറാ

4. പ്രപഞ്ചസൃഷ്ടി മുതൽ യേശുവിന്റെ രണ്ടാമത്തെ വരവു വരെയുള്ള ദൈവത്തിന്റെ എല്ലാ രക്ഷാകര പ്രവർത്തനങ്ങളും ഏവിടെ അനുസ്മരിക്കുന്നു?

    വിശുദ്ധ കുർബാനയിൽ

5. വിശുദ്ധ കുർബാനയിൽ ഒന്നാം ശുശ്രൂഷയിൽ അനുസ്മരിക്കുന്ന രക്ഷാകര പ്രവർത്തനങ്ങൾ ഏന്തൊക്കയാണ്?

www.malankaralibrary.com

ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതും മനുഷ്യനെ സൃഷ്ടിച്ചതും അബ്രഹാമിനെ വിളിച്ചതും പഴയനിയമത്തിൽ ഇസ്രായേലിനെ നയിച്ചതുമെല്ലാം.

6. പ്രഭാതപ്രാർത്ഥനയുടെ ആരംഭത്തിൽ മദ്ബഹായിൽ തിരി കത്തിച്ചുകൊണ്ട് മറ തുറക്കുമ്പോൾ എന്താണ് സൂചിപ്പിക്കുന്നത്?
   ദൈവിക വെളിപാടിന്റെ ആരംഭമായ പ്രപഞ്ചസൃഷ്ടിയെ
7. പ്രഭാതപ്രാർത്ഥന കഴിഞ്ഞ് പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് പ്രാർത്ഥന യാചിച്ചു കഴിയുമ്പോൾ മറയിടുന്നത് എന്താണ് സൂചിപ്പിക്കുന്നത്?
   മനുഷ്യസൃഷ്ടിയെയും മനുഷ്യന്റെ ആദ്യപാപത്തെയും
8. മദ്ബഹായിൽ പ്രവേശിച്ച പുരോഹിതൻ അപ്പവും വീഞ്ഞും ത്രോണോസിൽ ഒരുക്കി വയ്ക്കുന്ന ശുശ്രൂഷയ്ക്ക് പേരെന്താണ്?
   ഒരുക്കശുശ്രൂഷ
9. ഒരുക്കശുശ്രൂഷയുടെ രണ്ട് ഭാഗങ്ങൾ ഏതൊക്കയാണ്?
   മൽക്കിസദേക്കിന്റെ ക്രമം, അഹറോന്റെ ക്രമം
10. ഒരുക്കശുശ്രൂഷയിൽ അപ്പവും വീഞ്ഞും ത്രോണോസിൻമേൽ ഒരുക്കുന്ന ക്രമത്തിന് പേരെന്താണ്?
   മൽക്കിസദേക്കിന്റെ ക്രമം
11. അപ്പവും വീഞ്ഞുമെടുത്തുകൊണ്ട് അബ്രഹാമിനെ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ എതിരേറ്റ സംഭവത്തെയാണ് മൽക്കിസദേക്കിന്റെ ക്രമം അനുസ്മരിക്കുന്നത്. ആ പുരോഹിതൻ ആരാണ്?
   മൽക്കിസദേക്ക്
12. യേശുവിൻ്റെ പൗരോഹിത്യത്തെ പ്രതിനിധാനം ചെയ്യുന്ന അപ്പവും വീഞ്ഞുമെടുത്തുകൊണ്ട് അബ്രഹാമിനെ എതിരേറ്റത് ആരാണ്?
   മൽക്കിസദേക്ക്

www.malankaralibrary.com

13. പഴയനിയമത്തിലെ പ്രധാനാചാര്യനായ അഹറോൻ ആരുടെ മറ്റൊരു പ്രതിരൂപമാണ്?
    ക്രിസ്തുവിന്റെ
14. ആരുടെ പൗരോഹിത്യ ശുശ്രൂഷയെയും ധൂപാർപ്പണത്തെയും അനുസ്മരിച്ചുകൊണ്ടാണ് വിശുദ്ധ കുർബാനയിൽ വൈദികൻ സ്ഥാനവസ്ത്രങ്ങൾ ധരിക്കുകയും യാഗവസ്തുക്കളിൽ ധൂപമർപ്പിക്കുകയും ചെയ്യുന്നു?
    അഹറോന്റെ
15. ഒരുക്കശുശ്രൂഷയുടെ മൽക്കിസദേക്കിന്റെ ക്രമത്തിൽ അനുസ്മരിക്കുന്ന രക്ഷാകര പ്രവർത്തനങ്ങൾ ഏതാണ്?
    അഹറോൻ്റെ ചരിത്രം മുതൽ യേശുവിന്റെ ചരിത്രം വരെയുള്ള സംഭവങ്ങൾ
16. പരസ്യ ശുശ്രൂഷയിൽ പ്രാരംഭശുശ്രൂഷയുടെ വേറൊരു പേരെന്താണ്?
    സ്നാനാർത്ഥികളുടെ ശുശ്രൂഷ
17. പരസ്യ ശുശ്രൂഷയുടെ പ്രാരംഭശുശ്രൂഷയിൽ എന്ത് പ്രഘോഷിച്ചുകൊണ്ട് പുരോഹിതൻ ധൂപം വീശി ത്രോണോസിന് വലം വയ്ക്കുന്നു? യേശുവിന്റെ ജനനത്തെയും മാമോദീസായെയും
18. പരസ്യ ശുശ്രൂഷയുടെ പ്രാരംഭശുശ്രൂഷയിൽ പുരോഹിതൻ ധൂപം വീശി ത്രോണോസിന് വലം വയ്ക്കുന്നുത് എന്ത് സൂചിപ്പിക്കുന്നു? ആട്ടിടയന്മാരും വിദ്വാന്മാരും ബേത്ലഹേമിൽ വച്ച് ശിശുവായ യേശുവിനെ ആരാധിച്ചതിനെ
19. 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്ന പ്രാർത്ഥന എന്താണ് പ്രകീർത്തിക്കുന്നത്? യേശുവിന്റെ ദൈവത്വത്തെയും കുരിശുമരണത്തെയും
20. വിശുദ്ധ കുർബാനയിൽ വേദപുസ്തക വായനകൾ എന്താണ് അനുസ്മരിക്കുന്നത്? യേശുക്രിസ്തുവിന്റെ പരസ്യജീവിതത്തെയും അവിടുത്തെ പ്രബോധനത്തെയും

www.malankaralibrary.com

21. വിശുദ്ധ കുർബാനയിൽ പുതിയനിയമത്തിൽനിന്ന് എത്ര വായനകളാണുള്ളത്? മൂന്നു
22. വിശുദ്ധ കുർബാനയുടെ ഒരുക്കശുശ്രൂഷാ സമയത്ത് പഴയനിയമത്തിൽനിന്നുള്ള എത്ര വായനകൾ നടത്താറുണ്ട്? മൂന്നു
23. വിശുദ്ധ കുർബാനയുടെ പ്രധാനഭാഗത്തേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ദൈവത്തിൽനിന്ന് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും പ്രാപിക്കുവാനായി നടത്തുന്ന പ്രാർത്ഥനകൾ ഏതാണ്? പാപപരിഹാര പ്രാർത്ഥനകൾ
24. ആരെ സ്തുതിച്ചുകൊണ്ട് ധൂപക്കുറ്റി വാഴ്വ് നടത്തുന്നു? പരിശുദ്ധ ത്രിത്വത്തെ
25. സഭയുടെ പ്രാർത്ഥന സുഗന്ധധൂപം പോലെ ത്രിത്വൈക ദൈവത്തിന് സ്വീകാര്യമാണെന്ന് സൂചിപ്പിക്കുവാനായി ത്രിത്വനാമത്തിൽ ഏത് ശുശ്രൂഷ നടത്തുന്നു? ധൂപക്കുറ്റി വാഴ്വ്
26. വിശ്വാസപ്രമാണസമയത്ത് പട്ടക്കാരൻ കൈ കഴുകി സമാധാനം യാചിച്ച് ഏതിൻറെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു? ത്രോണോസിന്
27. വിശുദ്ധ കുർബാനയിൽ കൈ കഴുകുന്നത് ഏത് ഒരുക്കത്തിന്റെ ഭാഗമാണ്? ആത്മിക
28. വിശുദ്ധ കുർബാനയിൽ കൈ കഴുകുന്നത് എന്ത് സൂചിപ്പിക്കുന്നു? കർത്താവ് അന്ത്യ അത്താഴ സമയത്ത് ശിഷ്യരുടെ പാദം കഴുകിയത്
29. വിശുദ്ധ കുർബാനയുടെ അനാഫൊറാ എന്നതിന് വേറൊരു പേര് എന്താണ്? വിശ്വാസികളുടെ ശുശ്രൂഷ
30. അനാഫൊറാ എന്ന ഗ്രീക്ക് വാക്കിന് എന്താണർത്ഥം? കാഴ്ച്ചയണയ്ക്കൽ
31. വിശുദ്ധ കുർബാനയിൽ മാമോദീസാ സ്വീകരിച്ച വിശ്വാസികൾ മാത്രം പങ്കെടുക്കുന്ന ഭാഗത്തിന് എന്താണ് പേര്? വിശ്വാസികളുടെ ശുശ്രൂഷ
32. ബലിയർപ്പിക്കുന്നതിന് മുമ്പ് ദൈവത്തോടും സഹോദരങ്ങളോടും രമ്യതയിൽ ആയിരിക്കണം എന്ന കർതൃകല്പനയനുസരിച് (മത്തായി 5:23, 6:12) വിശുദ്ധ

www.malankaralibrary.com

കുർബാനയിൽ നാം എന്ത് നല്കുന്നു സമാധാന ചുംബനം

33. സമാധാന പ്രാർത്ഥനയ്ക്കുശേഷം ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്? സ്വർഗം തുറക്കപ്പെട്ടതും സ്വർഗീയ രഹസ്യങ്ങൾ വിശുദ്ധ കുർബാനയിലൂടെ ഭൂമിയിൽ വെളിപ്പെട്ടതും
34. ശോശപ്പാ ഉയർത്തി കാർമ്മികൻ ജനത്തെ ആശീർവദിക്കുമ്ബോൾ എവിടേക്ക് ശ്രദ്ധ ക്ഷണിക്കുന്നു? തുറക്കപ്പെട്ട സ്വർഗത്തിലേക്ക്.
35. വിശുദ്ധ കുർബാനയിൽ പ്രതീകാത്മകമായി സ്വർഗം തുറക്കപ്പെട്ടിരിക്കുന്ന അവസരത്തിൽ സ്വർഗീയരും ഭൗമികരും, മാലാഖമാരും മനുഷ്യരും ഒന്നുചേർന്ന് ദൈവത്തെ സ്തുതിക്കുന്നതിന്റെ പേരെന്താണ്? മാലാഖമാരുടെ സ്തുതിപ്പ്
36. 'തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും..' എന്ന പ്രാർത്ഥന ഏത് വചനത്തെ ആസ്പദമാക്കിയുള്ള പ്രാർത്ഥനയാണ്? ഏശയ്യാ 6:3
37. പുരോഹിതൻ അപ്പവും വീഞ്ഞും കുരിശാകൃതിയിൽ വാഴ്ത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യുമ്ബോൾ അനുസ്മരിക്കുന്നത് എന്താണ്? യേശുവിന്റെ അന്ത്യഅത്താഴം
38. വിശുദ്ധ കുർബാനയിൽ ഓർമ്മയാചരണമായി അന്ത്യഅത്താഴസമയത്ത് യേശു കല്പിച്ചത് എന്താണ്? “ഇത് എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ”
39. അപ്പവും വീഞ്ഞും യേശുവിന്റെ ശരീരരക്തങ്ങളായി പൂർത്തിയാക്കുവാൻ പരിശുദ്ധാത്മാവിനെ (റൂഹായെ) ക്ഷണിച്ചുകൊണ്ടുള്ള പ്രാർത്ഥനയുടെ പേരെന്താണ്? റൂഹാക്ഷണം
40. കർത്താവിന്റെ തിരുശരീരവും തിരുരക്തവും അൾത്താരയിൽ സന്നിഹിതമായിരിക്കുന്ന അവസരത്തിൽ സമർപ്പിക്കുന്ന മധ്യസ്ഥപ്രാർത്ഥനയുടെ പേരെന്താണ്? തുബ്ദേൻ

www.malankaralibrary.com

41. ശുശ്രൂഷകൻ ഉറക്കെ ചൊല്ലുന്ന വൈദികൻ രഹസ്യമായും പരസ്യമായും ചൊല്ലുന്ന എത്ര തുബ്ദേൻ പ്രാർത്ഥനകളാണുള്ളത്? പതിനെട്ടു
42. ശുശ്രൂഷകൻ ചൊല്ലുന്ന ആദ്യത്തെ മൂന്നു തുബ്ദേൻ പ്രാർത്ഥനകൾ ആർക്ക് വേണ്ടി ഉള്ളവയാണ്? ജീവിച്ചിരിക്കുന്നവർക്കു
43. ശുശ്രൂഷകൻ ചൊല്ലുന്ന അവസാനത്തെ മൂന്നു തുബ്ദേൻ പ്രാർത്ഥനകൾ ആർക്ക് വേണ്ടി ഉള്ളവയാണ്? മരിച്ചുപോയവർക്കു
44. മറയിട്ടുകൊണ്ട് പട്ടക്കാരൻ രഹസ്യമായി തിരുശരീരം മുറിക്കുകയും തിരുശരീരവും തിരുരക്തവും തമ്മിൽ കലർത്തുകയും ചെയ്യുന്ന ശുശ്രൂഷയ്ക്ക് പേരെന്താണ്? അപ്പം മുറിക്കുന്ന ശുശ്രൂഷ
45. അപ്പം മുറിക്കുന്ന ശുശ്രൂഷ സൂചിപ്പിക്കുന്നത് എന്താണ്? കാൽവരിയിൽ യേശുവിന്റെ ശരീരം മുറിക്കപ്പെട്ടതിനെ
46. കർത്താവിന്റെ മരണം, പുനരുത്ഥാനം എന്നിവ വഴി ദൈവമക്കളായിത്തീർന്ന നാം ആത്മധൈര്യത്തോടെ ദൈവത്തെ എങ്ങനെ വിളിച്ചു പ്രാർത്ഥിക്കുന്നു? സ്വർഗസ്ഥനായ പിതാവേ
47. പുരോഹിതൻ കാസായും പീലാസായും കൈകളിൽ എടുത്ത് തിരുശരീരരക്തങ്ങൾ ആഘോഷിക്കുന്നതിലൂടെ ആരുടെ സാന്നിധ്യം നാം അനുസ്മരിക്കുന്നു? പരിശുദ്ധ ത്രിത്വത്തിന്റെ
48. പുരോഹിതൻ തിരുശരീരവും തിരുരക്തവും കൈകളിൽ ഉയർത്തി ആഘോഷിക്കുമ്പോൾ മഹാപുരോഹിതനായ യേശു ആരുടെ സന്നിധിയിൽ ബലിയായി സ്വയം അർപ്പിക്കുന്നതിനെ ദർശിക്കുന്നു? പിതാവിൻ്റെ
49. കുക്കിലിയോൻ കഴിഞ്ഞ് മറയിടുന്നത് എന്ത് സൂചിപ്പിക്കുന്നു? യേശുവിന്റെ സ്വർഗാരോഹണത്തെ

www.malankaralibrary.com

50. കുക്കിലിയോൻ കഴിഞ്ഞ് മറ തുറക്കുന്നത് എന്ത് സൂചിപ്പിക്കുന്നു? യേശുവിൻ്റെ രണ്ടാമത്തെ വരവിനെ
51. പുരോഹിതൻ കൈയിൽ തിരുശരീരവും തിരുരക്തവും വഹിച്ചുകൊണ്ട് ആഘോഷമായി പടിഞ്ഞാറോട്ട് വരുന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? യേശുവിൻ്റെ മഹത്ത്വപൂർണമായ രണ്ടാമത്തെ വരവിനെ
52. ഓരോ കുർബാന സ്വീകരണവും യേശുവിനോടൊന്നിച്ചുള്ള ഏതിൻ്റെ മുന്നാസ്വാദനമാണ്? നിത്യ വിരുന്ന്
53. വിശുദ്ധ കുർബാനയാകുന്ന യാത്രാഭക്ഷണം നല്കിക്കൊണ്ട് പരിശുദ്ധത്രിത്വത്തിന്റെ കൃപയ്ക്ക് വൈദികൻ ജനത്തെ സമർപ്പിക്കുന്നത് എപ്പോൾ? സമാപന ആശീർവാദം

## 6.14 വിശുദ്ധ കുർബാന ഗാനങ്ങൾ

1. 'പാടുന്നവൻ രണ്ടു പ്രാവശ്യം പ്രാർത്ഥിക്കുന്നു' എന്ന് പറഞ്ഞ വിശുദ്ധൻ ആരാണ്? വിശുദ്ധ അഗസ്തിനോസ്
2. "വെളിവുനിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു ..... എന്ന ഗാനം എപ്പോൾ പാടുന്നു? വിശുദ്ധ കുർബാനയുടെ ഒരുക്കശുശ്രൂഷാ സമയത്ത്
3. ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും അബറാഹം തൻബലിയും ....................... എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? ഉല്പത്തി 4:4, 8:20, 22:9-13
4. മോചനമതിനായ് പാപികളേ, വരുവീൻ ................ എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? മത്തായി 7:7-9
5. കർത്താവേ, നിൻ രക്തശരീരങ്ങൾ-കൈ ക്കൊണ്ട് .......... എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? യോഹന്നാൻ 6:35-58

www.malankaralibrary.com

6. "ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ ........... എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? മർക്കോസ് 16:15-20, അപ്പസ്തോല പ്രവർത്തനങ്ങൾ 2:1-41
7. "പൗലോസുശ്ലീഹ-ധന്യൻ ചൊൽ എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? ഗലാത്തിയാ 1:8
8. "അൻപുടയോനേ, നിൻ വാതിൽ ........... എന്ന ഗാനം എപ്പോൾ പാടുന്നു? അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമയത്ത്
9. "നാം ദൈവസുതൻമാരാവാ നായുഷ്ക്കാലത്തിൽ .......... എന്ന ഗാനം എപ്പോൾ പാടുന്നു? കുക്കുലിയോന് മുൻമ്പ്
10. "നാഥാ കൃപചെയ്യണമലിവാൽ, ............... എന്ന ഗാനം എപ്പോൾ പാടുന്നു? കുർബാന സ്വീകരണത്തിന് മുമ്പ്
11. "സ്തുതി ദൈവത്തിന്നുയരത്തിൽ .................. എന്ന ഗാനം എപ്പോൾ പാടുന്നു? കുർബാന സ്വീകരണം കഴിഞ്ഞ്
12. ഭൂവാകെ നമിക്കും നിന്നെ .................... എന്ന ഗാനം എപ്പോൾ പാടുന്നു? കുർബാന സ്വീകരണം കഴിഞ്ഞുള്ള പ്രതിക്ഷണത്തിന് ശേഷം
13. ഭൂവാകെ നമിക്കും നിന്നെ .................... എന്ന ഗാനത്തിൻറെ ബൈബിൾ അടിസ്ഥാനം എവിടെയാണ്? ഫിലിപ്പി 2:10-11
14. "കാഴ്ചയതിൽ കർത്താവേ, നിൻ ........... എന്ന ഗാനം എപ്പോൾ പാടുന്നു? വൈദികൻ പാടുന്ന ഹൂത്തോമോയ്ക്ക് ശേഷം
15. "അഗ്നിമയന്മാരാരെ നോക്കിൽ-വിറച്ചീടുന്നു ........... എന്ന ഗാനം എപ്പോൾ പാടുന്നു? കുർബാന സ്വീകരണ സമയത്ത്
16. "എന്റെ കടങ്ങളശേഷം ........... എന്ന ഗാനം എപ്പോൾ പാടുന്നു? വൈദികൻ പൂജാപാത്രങ്ങൾ

www.malankaralibrary.com

തുടയ്ക്കുകയും ബലിപീഠത്തോടു യാത്ര ചോദിക്കുകയും ചെയ്യുന്ന അവസരത്തിൽ

## 6.15 വീടുകൂദാശ

1. കുദാശ എന്ന വാക്ക് ഏത് സുറിയാനി പദത്തിൽനിന്നാണ് ഉണ്ടായത്? 'കാദേശ്'
2. കൂദാശ എന്ന വാക്കിന്റെ അർത്ഥം എന്താണ്? വിശുദ്ധീകരിക്കുക
3. അദൃശ്യമായ പ്രസാദവരത്തെ സൂചിപ്പിക്കുന്ന - പ്രദാനം ചെയ്യുന്ന ദൃശ്യമായ അടയാളങ്ങൾക്ക് എന്താണ് പേര്? കൂദാശകൾ
4. സഭയിൽ എത്ര കൂദാശകൾ ഉണ്ട്? ഏഴ്
5. സഭയിൽ ഉള്ള കൂദാശാനുകരണങ്ങൾ എന്തൊക്കയാണ്? പള്ളികൂദാശയും വീടുകൂദാശയും
6. ഒരു പ്രത്യേക സ്ഥലത്തെ ദൈവാരാധനയ്ക്കായി സമർപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന കർമ്മത്തിന് പേരെന്താണ്? പള്ളികൂദാശ
7. ഒരു ഭവനത്തെ വിശുദ്ധീകരിക്കുകയും ആ ഭവനത്തിൽ ദൈവത്തിന്റെ ശാന്തിയും സമാധാനവും നിരന്തരം വസിക്കുന്നതിന് വൈദികൻ പ്രാർത്ഥിക്കുന്ന കർമ്മം ഏതാണ്? വീടുകൂദാശ
8. ഭവനാശീർവാദത്തിന് മേശപ്പുറത്ത് എന്തൊക്ക ക്രമീകരിച്ചിരിക്കണം? കുരിശും ഇരുവശങ്ങളിൽ കത്തിച്ച മെഴുകുതിരിയും കുരിശിന്റെ മുമ്പിൽ പാത്രത്തിൽ വാഴ്ത്തുവാനുള്ള വെള്ളവും തളിക്കുവാനുള്ള ഉപകരണവും
9. ഭവനാശീർവാദത്തിന് വൈദികൻ എന്താണ് ധരിക്കുന്നത്? പുറങ്കുപ്പായവും ഹൈമ്നിയായും
10. ഭവനാശീർവാദത്തിൽ പ്രാരംഭപ്രാർത്ഥനയെ തുടർന്ന് ചൊല്ലുന്ന കുക്കിലിയോൻ പ്രാർത്ഥനയുടെ ബൈബിൾ അടിസ്ഥാനം ഏതാണ്? സങ്കീർത്തനങ്ങൾ 25:1-15

www.malankaralibrary.com

11. ഭവനാശീർവാദത്തിൽ കുക്കിലിയോനെ തുടർന്നുള്ള എക്ബോ പ്രാർത്ഥനയുടെ ബൈബിൾ അടിസ്ഥാനം ഏതാണ്? യോനാ 2:10
12. ഭവനാശീർവാദത്തിൽ വായിക്കുന്ന സുവിശേഷവായന ഏതാണ്? ലൂക്കാ 19- 1 മുതൽ 10 വരെ
13. ആരുടെ സാന്നിധ്യത്തിൽ സക്കേവൂസിന് യഥാർത്ഥ മാനസാന്തരം ഉണ്ടായി രക്ഷ ലഭിക്കുകയും ചെയ്തത്? യേശുവിൻ്റെ
14. ഭവനാശീർവാദത്തിൽ സുവിശേഷ വായനയെ തുടർന്നുള്ള ബോവൂസോ രചിച്ച പൗരസ്ത്യ പിതാവ് ആരാണ്? മാർ യാക്കോബ്
15. ഭവനാശീർവാദത്തിൽ വാഴ്ത്തിയ ജലം ഉപയോഗിച്ച് വാതിലുകളിൽ കുരിശടയാളം വരച്ചുകൊണ്ട് ആരുടെ നാമത്തിലാണ് ഓരോ ഭവനവും ആശീർവദിക്കുന്നത്? പരിശുദ്ധ ത്രിത്വത്തിൻ്റെ
16. പെസഹായുടെ സമയത്ത് കുഞ്ഞാടിൻ്റെ രക്തം കട്ടിളപ്പടിയിൽ പുരട്ടിയതിനാൽ ഇസ്രായേൽ ഭവനങ്ങൾ സംരക്ഷിക്കപ്പെട്ടു എന്നതിൻറെ ബൈബിൾ അടിസ്ഥാനം ഏതാണ്? പുറപ്പാട് 12:23-26
17. ഭവന ആശീർവാദത്തിനുശേഷം മധ്യസ്ഥത യാചിച്ചുകൊണ്ട് ചൊല്ലുന്ന കുക്കിലിയോനുകൾ എന്തൊക്കയാണ്? ദൈവമാതാവിൻ്റെയും സകല വിശുദ്ധരുടെയും
18. ഭവന ആശീർവാദത്തിനുശേഷം കുക്കിലിയോനെ തുടർന്ന് ആലപിക്കുന്ന പൗരസ്ത്യസഭാപിതാവായ മാർ അപ്രേം രചിച്ച ഗാനം ഏതാണ്? "മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ കൃപ ചെയ്കീശാ അൻപാലീ ഭവനത്തിന്നും വീട്ടാർക്കും വാഴകണമേ".

## 6.16 ശവസംസ്കാര ശുശ്രൂഷ

1. റോമൻ ഗവർണറായ പീലാത്തോസിന്റെ അനുവാദത്തോടെ യേശുവിന്റെ ശരീരം കുരിശിൽ നിന്ന്

www.malankaralibrary.com

എടുത്തു മാറ്റിയത് ആരൊക്കയാണ്? യേശുവിന്റെ രഹസ്യശിഷ്യനായിരുന്ന അരിമത്തിയാക്കാരൻ ജോസഫും യഹൂദപ്രമാണിയായിരുന്ന നിക്കൊദേമോസും

2. യേശുവിൻറെ ശരീരം ആരുടെ ശവസംസ്കാരരീതിയനുസരിച്ച് പാറയിൽ വെട്ടിയുണ്ടാക്കിയ പുതിയ കല്ലറയിൽ സംസ്കരിച്ചു (യോഹന്നാൻ 19:38-42)? യഹൂദരുടെ

3. പൂർവപിതാവായ അബ്രഹാമും സാറായും എത്ര ഗുഹയിൽ അടക്കം ചെയ്യപ്പെട്ടതായി ഉല്പത്തി പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്? ഒരേ ഗുഹയിൽ

4. പൂർവപിതാവായ ജോസഫിന്റെ അസ്ഥികൾക്ക് ഇസ്രായേൽജനം ബഹുമാനം നല്കി തങ്ങളോടൊപ്പം ഈജിപ്തിൽനിന്ന് കാനാൻനാട്ടിലേക്ക് കൊണ്ടുപോയി എന്നതിൻറെ ബൈബിൾ അടിസ്ഥാനം എന്താണ്? 2 രാജാക്കന്മാർ 23:17-18).

5. ദാവീദു രാജാവ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പട്ടണത്തിൽ തന്നെയാണ് മൃതശരീരം അടക്കം ചെയ്തത് എന്നതിൻറെ ബൈബിൾ അടിസ്ഥാനം എന്താണ്? 1 രാജാക്കന്മാർ 2:10

6. പുതിയനിയമത്തിൽ യേശുവിൻ്റെ സുഹൃത്തായ ലാസർ മരിച്ചപ്പോൾ ഒരു ഗുഹയിൽ ആണ് അടക്കം ചെയ്തത് എന്നതിൻറെ ബൈബിൾ അടിസ്ഥാനം എന്താണ്? യോഹന്നാൻ 11

7. സൃഷ്ടവസ്തുക്കൾക്കെല്ലാമുള്ളതും എല്ലാറ്റിന്റെയും അന്ത്യമല്ലാത്തതുമായത് എന്താണ്? മരണം

8. മരണശേഷം ഏത് ഉണ്ടെന്ന ചിന്ത മനുഷ്യനോളം പഴക്കമുള്ളതാണ്? ജീവിതം

9. നമ്മുടെ വിശ്വാസത്തിന്റെ കാതൽ എന്താണ്? "യേശുമിശിഹാ മരിച്ച് ഉത്ഥാനം ചെയ്തു'

www.malankaralibrary.com

10. “ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു” (അപ്പസ്തോല പ്രവർത്തനങ്ങൾ 3:15) ആര് പറഞ്ഞു? പത്രോസ് ശ്ലീഹാ

11. ക്രിസ്തു മരിച്ചവരുടെയിടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടതിനാൽ ക്രിസ്തുവിൽ മരിച്ചവരും ഉയിർപ്പിക്കപ്പെടും എന്ന് നമ്മെ (1 കോറിന്തോസ് 15:12-34) പഠിപ്പിച്ചത് ആരാണ്? പൗലോസ് ശ്ലീഹാ

12. ശവസംസ്കാരം നല്കുന്ന സത്യയങ്ങൾ എന്തൊക്കയാണ്? മരിച്ച വ്യക്തിയോടുള്ള ആദരവും ബഹുമാനവും ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശയും

13. സ്വർഗഭാഗ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്? മരണശേഷം ദൈവവുമായുള്ള മുഖാമുഖ ദർശനം

14. മരണത്തിലൂടെ ഇഹലോകജീവിതത്തിന് അന്ത്യം കുറിക്കുമ്പോൾ ആരുമായിട്ടുള്ള പുതിയ ജീവിതത്തിന് തുടക്കം കുറിക്കുന്നു? ക്രിസ്തുവിലുള്ള

15. മലങ്കര സഭയിൽ ശവസംസ്കാരശുശ്രൂഷയുടെ പ്രത്യേകതകൾ എന്തൊക്കയാണ്? വിപുലവും അർത്ഥസമ്പുഷ്ടവും ദൈവശാസ്ത്ര ചിന്തകൾ നിറഞ്ഞതും

16. പരേതരായ വിശ്വാസികളുടെ ശവസംസ്കാരത്തിന് എത്ര ശുശ്രൂഷകളാണുള്ളത്? നാല്

17. വിശ്വാസികളുടെ പ്രത്യേക ശവസംസ്കാര ശുശ്രൂഷകൾ എന്തൊക്കയാണ്? പുരുഷന്മാരുടെ, സ്ത്രീകളുടെ, ശിശുക്കളുടെ

18. വിശ്വാസികളുടെ ശവസംസ്കാര ശുശ്രൂഷകൾ എവിടെ വച്ച് നടത്തപ്പെടുന്നു? ആദ്യത്തെ മൂന്നു ശുശ്രൂഷകൾ ഭവനത്തിൽ വച്ചും അവസാനത്തെ ശുശ്രൂഷ ദേവാലയത്തിൽ വച്ചും

www.malankaralibrary.com

19. എന്തുകൊണ്ട് മൃതശരീരത്തിൻറെ തല പടിഞ്ഞാറ് വരത്തക്കവണ്ണം കിഴക്ക്-പടിഞ്ഞാറായി കിടത്തുന്നു? നീതിസൂര്യനായ യേശുവിനെ ദർശിക്കത്തക്കവിധം

20. കത്തിച്ച തിരികളും വിശുദ്ധ സ്ലീബായും മൃതശരീരത്തിന്റെ ഏത് ഭാഗത്ത് വച്ചാണ് പ്രാർത്ഥനകൾ നടത്തുന്നത്? പടിഞ്ഞാറുഭാഗത്ത്

21. കബറടക്കസമയത്ത് വൈദികൻ മൃതശരീരത്തിന്മേൽ കുരിശാകൃതിയിൽ മണ്ണ് ഇടുന്ന സമയത്ത് ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? "നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ തിരികെച്ചേരും; വീണ്ടും നീ നവീകരിക്കപ്പെടുകയും ചെയ്യും"

22. കബറടക്ക പ്രാർത്ഥനകളിൽ നാം അനുസ്മരിക്കുന്നത് എന്താണ്? ഈ ലോകജീവിതം ഒരു താത്കാലിക വാസമാണെന്നും മരണം ഇവിടെ നിന്നുള്ള യാത്രയാണെന്നും

23. ശവസംസ്കാര ശുശ്രൂഷ എല്ലാവർക്കും പ്രദാനം ചെയ്യുന്ന പ്രത്യാശ എന്താണ്? മനുഷ്യജീവിതം മരണംകൊണ്ട് അവസാനിക്കുന്നില്ല, മരണാനന്തരം ഒരു ജീവിതം ഉണ്ട്

24. പരേതരെ ഓർത്ത് അവർക്കുവേണ്ടി ധൂപപ്രാർത്ഥന നടത്തുമ്പോൾ ആലപിക്കുന്ന കുക്കിലിയോൻ ഏതാണ്? "മക്കളിലപ്പൻ കൃപചെയ്ത തുപോലെ.."

25. മക്കളിലപ്പൻ കൃപചെയ്ത തുപോലെ ...... എന്ന പരേതരുടെ കുക്കിലിയോൻറെ ബൈബിൾ അടിസ്ഥാനം എന്താണ്? സങ്കീർത്തനങ്ങൾ 103:13-16

26. "എന്റെ ശരീരം ഭക്ഷി- ച്ചെൻ രക്തം പാനം ചെയ്വോൻ ...... എന്ന പരേതരുടെ കുക്കിലിയോൻറെ ബൈബിൾ അടിസ്ഥാനം എന്താണ്? യോഹന്നാൻ 6:51

www.malankaralibrary.com

27. ശവസംസ്കാരശുശ്രൂഷകളും പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്ന സത്യം ഏതാണ്? മരണാനന്തരജീവിതത്തിനു വേണ്ടിയുള്ള ഒരുക്കമാകണം ഈലോക ജീവിതം

## 6.17 നോമ്പും ഉപവാസവും

1. നോമ്പ് എന്ന വാക്കിന്റെ അർത്ഥങ്ങൾ എന്തൊക്കയാണ്? വ്രതം അനുഷ്ഠിക്കുക, കാത്തിരിക്കുക, ഉപവസിക്കുക

2. നോമ്പിനെ എങ്ങനെ മനസ്സിലാക്കാം? മിതാഹാര വ്രതം, നിഷ്ഠവച്ചുള്ള ജീവിതം

3. ഉപവസിക്കുക എന്നതിന് അർത്ഥതലങ്ങൾ എന്തൊക്കയാണ്? ദൈവത്തോടുകൂടെ വസിക്കുക, ദൈവത്തോടടുത്തിരിക്കുക

4. ക്രിസ്തീയജീവിതത്തിന്റെ സ്വർഗരാജ്യത്തിലേക്കുള്ള ഓരോ കാൽവയ്പ്പിനും ശക്തി ലഭിക്കുന്നത് ഏതിലൂടെയാണ്? നോമ്പിലൂടെയും ഉപവാസത്തിലൂടെയും

5. സഭാമക്കളുടെ ആത്മിക തീർത്ഥാടനത്തിൽ ശക്തി പകരുന്ന സ്രോതസ്സ് ഏതാണ്? നോമ്പും ഉപവാസവും

6. മോശ മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിച്ച പഴയനിയമ ഭാഗം എവിടെയാണ്? നിയമാവർത്തനം 9:11

7. നമ്മുടെ കർത്താവ് നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ച് നോമ്പ് അനുഷ്ഠിച്ച പുതിയനിയമ ഭാഗം എവിടെയാണ്? മത്തായി 4:2, മർക്കോസ് 1:13, ലൂക്കാ 4:1-2

www.malankaralibrary.com

8. നോമ്പും ഉപവാസവും കൊണ്ടല്ലാതെ ആത്മീയ ശത്രുക്കൾ പിൻവാങ്ങില്ലായെന്ന് പഠിപ്പിച്ചത് ആരാണ്? യേശു

9. ലോകത്തിലെ തിന്മകളുടെ ശക്തിയെ തോല്പിക്കാനായി യേശു തന്ന ആത്മീയ ആയുധം എന്താണ്? നോമ്പും ഉപവാസവും.

10. വിശുദ്ധ പൗലോസ് ശ്ലീഹാ ആത്മനിയന്ത്രണത്തിനുള്ള ഉത്തമ ഉപാധിയായി ഉപവാസത്തെ കാണുന്ന പുതിയനിയമ ഭാഗം എവിടെയാണ്? 1 കോറിന്തോസ് 9:27, ഗലാത്തിയാ 5:24

11. നോമ്പുകാലം ആരുടെ യഥാർത്ഥ നവീകരണ കാലമായി സഭ കരുതുന്നു? സഭാമക്കളുടെ

12. ആദിമ കാലം മുതല്ക്കേ സഭയിൽ ഉപവാസമില്ലാത്ത ദിവസങ്ങൾ ഏതൊക്കയാണ്? ഉയിർപ്പു മുതൽ പന്തക്കുസത വരെയുള്ള ദിവസങ്ങളിലും ശനി, ഞായർ എന്നീ ദിവസങ്ങളിലും പെരുന്നാളുകളിലും.

13. മലങ്കരസഭയിൽ നിർബന്ധമായും ആചരിക്കേണ്ട നോമ്പുകൾ ഏതൊക്കയാണ്? അമ്പതുനോമ്പ്, ഇരുപത്തിയഞ്ചുനോമ്പ്, മൂന്നുനോമ്പ്

14. അമ്പതുനോമ്പ് അഥവാ വലിയനോമ്പ് ഏതിൻറെ അനുസ്മരണയാണ്? മോശ മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ചതിന്റെയും ഇസ്രായേൽ ജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂമി വാസത്തിൻ്റെയും കർത്താവിൻ്റെ നാല്പതു ദിവസത്തെ ഉപവാസത്തിന്റെയും

15. സുറിയാനി സഭകളിൽ നാല്പതു ദിവസത്തെ നോമ്പിനെ എത്ര ആഴ്ചക്കാലം നോമ്പു നോക്കുന്ന പതിവുണ്ടായി? ഏഴ്

www.malankaralibrary.com

16. ഇരുപത്തിയഞ്ചു നോമ്പ് എപ്പോൾ? ഡിസംബർ 1 മുതൽ 25 വരെ

17. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൻ്റെ ജനനതിരുന്നാളിൻ്റെ (ക്രിസ്തുമസ്) ഒരുക്കത്തിനായി ഏത് നൂറ്റാണ്ടിൽ തുടങ്ങിയ നോമ്പാചരണമാണ് ഇരുപത്തിയഞ്ചു നോമ്പ്? 9ആം നൂറ്റാണ്ടിൽ

18. മൂന്നു നോമ്പ് എപ്പോൾ എവിടെ ആരംഭിച്ചതാണ്? നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പേർഷ്യയിൽ

19. മൂന്നു നോമ്പ് എപ്പോൾ എത്ര ദിവസം ആചരിക്കുന്നു? അമ്പതുനോമ്പിന് പതിനെട്ടു ദിവസം മുമ്പുള്ള തിങ്കൾ, ചൊവ്വ, ബുധൻ എന്നീ മൂന്നു പൂർണദിവസങ്ങളിൽ

20. പതിമൂന്നു (ശ്ലീഹാ) നോമ്പ് എപ്പോൾ ആചരിക്കുന്നു? ജൂൺ 16 മുതൽ 29 വരെ

21. പതിമൂന്നു (ശ്ലീഹാ) നോമ്പ് എത്ര ദിവസം ആചരിക്കുന്നു? വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളുമായി ബന്ധപ്പെട്ട് പതിമൂന്ന് ദിവസം

22. പതിനഞ്ചു (ശൂനോയോ) നോമ്പ് എപ്പോൾ ആചരിക്കുന്നു? ആഗസ്റ്റ് 1 മുതൽ 15 വരെ

23. പരിശുദ്ധ ദൈവമാതാവിൻ്റെ സ്വർഗാരോപണത്തിരുനാളിൻ്റെ ഒരുക്കത്തിനായി പതിനഞ്ചു ദിവസം ആചരിക്കുന്ന നോമ്പ് ഏതാണ്? പതിനഞ്ചു (ശൂനോയോ) നോമ്പ്

24. എട്ടു നോമ്പ് എപ്പോൾ ആചരിക്കുന്നു? സെപ്റ്റംബർ 1 മുതൽ 8 വരെ

25. പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാളിൻ്റെ മുന്നോടിയായി നടത്തുന്ന നോമ്പ് ഏതാണ്? എട്ടു നോമ്പ്

www.malankaralibrary.com

26. വലിയ നോമ്പിലെ ഏതൊക്ക ദിവസങ്ങളിൽ ഉപവസിക്കണമെന്ന് സഭ കല്പ്പിക്കുന്നു? നാല്പതാം വെള്ളി ഒഴികെയുള്ള എല്ലാ വെള്ളിയാഴ്ചകളിലും, വലിയ നോമ്പാരംഭിക്കുന്ന ശുബ്ക്കോനോ തിങ്കളാഴ്യും

27. മൂന്ന് നോമ്പിലെ ഏത് ദിവസം ഉപവസിക്കണമെന്ന് സഭ കല്പ്പിക്കുന്നു? മൂന്നു നോമ്പിലെ ചൊവ്വാഴ്ച

27. ഉപവാസത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് ആരെയൊക്കയാണ്? കുട്ടികൾ, വൃദ്ധർ, രോഗികൾ, കഠിനാധ്വാനം ചെയ്യുന്നവർ, ഗർഭിണികൾ എന്നിവരെ.

28. പരിശുദ്ധ കുർബാന സ്വീകരണത്തിന് മുമ്പ് എത്ര സമയം ഉപവസിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു? ഒരു മണിക്കൂറെങ്കിലും

29. മാംസം വർജിക്കണമെന്ന സഭയുടെ പ്രബോധനം എപ്പോഴാണ്? എല്ലാ വെള്ളിയാഴ്ച്ചകളിലും ഇരുപത്തിയഞ്ചു നോമ്പ്, മൂന്നുനോമ്പ്, വലിയനോമ്പ് (അമ്പതുനോമ്പ്) എന്നീ കാലങ്ങളിലും

30. ഏതൊക്കെ വെള്ളിയാഴ്ചകളിൽ വർജ്ജനയില്ല? മൂന്നുനോമ്പ് കഴിഞ്ഞ് അമ്പതുനോമ്പുവരെയുള്ള പതിനെട്ട് ദിവസങ്ങളിലെയും ക്യംതാ (ഉയിർപ്പ്) മുതൽ പന്തക്കു സതവരെയുള്ള അമ്പത് ദിവസങ്ങളിലെയും വെള്ളിയാഴ്ചകളിൽ

31. വർജ്ജനയിൽ മത്സ്യവും മുട്ടയും കൂടി ഒഴിവാക്കേണ്ടത് എപ്പോൾ? മൂന്നു നോമ്പിലും വലിയ നോമ്പിലെ തിങ്കളാഴ്ച (ശുബ്ക്കോനോ) യിലും നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും നാല്പതാം വെള്ളി മുതൽ ക്യംതാവരെയുള്ള ദിവസങ്ങളിലും

32. വർജ്ജനയിൽ മാംസവും മത്സ്യവും മുട്ടയും പാലും പാലിൽ നിന്നുണ്ടാക്കുന്ന വിഭവങ്ങളും കൂടി വർജിക്കണമെന്നുള്ളത് ഏത് ദിവസമാണ്? ദുഃഖവെള്ളിയാഴ്ച

www.malankaralibrary.com

33. വിശുദ്ധീകരണത്തിന് സഹായകമായ മാനസാന്തരത്തിലേക്ക് മനുഷ്യരെ നയിക്കുവാനുള്ള ഉപാധി ഏതാണ്? നോമ്പ്

34. നോമ്പിന്റെ അവിഭാജ്യ ഘടകങ്ങൾ ഏതാണ്? ഉപവാസം, പ്രാർത്ഥന, ദാനധർമ്മം

## 7.14 പെരുന്നാളുകൾ

1. പെരുന്നാളുകൾക്കും ആഘോഷങ്ങൾക്കും എത്രത്തോളം പഴക്കമുണ്ട്? മനുഷ്യ ചരിത്രത്തോളം
2. പ്രാചീന സംസ്കാരങ്ങളിൽ ആഘോഷങ്ങൾക്കെല്ലാം എങ്ങനെയുള്ള സ്വഭാവമുണ്ടായിരുന്നു? മതപരമായ
3. പഴയനിയമപ്രകാരം ദൈവത്തിൻ്റെ രക്ഷാകര പ്രവർത്തനങ്ങൾ ആരുടെ പെരുന്നാളുകളുടെ കേന്ദ്രമായി? യഹൂദമതത്തിന്റെ
4. യേശുവിൻ്റെ രക്ഷാകരപ്രവർത്തനങ്ങൾ ഏത് പെരുന്നാളുകളുടെ അടിസ്ഥാനമായി? ക്രിസ്തീയ
5. യേശുവിൻ്റെ ജനനം മുതൽ പരിശുദ്ധാത്മാവിന്റെ ആഗമനം വരെയുള്ള പ്രധാനപ്പെട്ട സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏഴ് പെരുന്നാളുകൾ ഏതൊക്കയാണ്? ക്രിസ്തുമസ്, ദനഹാ, യേശുവിൻ്റെ ദേവാലയപ്രവേശനം, ഉയിർപ്പ്, സ്വർഗാരോഹണം, പെന്തിക്കൊസ്തി, തേജസ്കരണം.
6. 'മാറാനാത്ത പെരുന്നാളിന്' എന്താണർത്ഥം? നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ
7. കർത്താവിന്റെ പെരുന്നാളുകളെ കൂടാതെ സഭയിൽ ആഘോഷിക്കുന്ന വേറെ പെരുന്നാളുകൾ എന്തൊക്കയാണ്? പരിശുദ്ധ ദൈവമാതാവിന്റെയും, അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പെരുന്നാളുകൾ.
8. ദൈവപുത്രനായ യേശുവിന്റെ ജനനത്തെ അനുസ്മരിക്കുന്ന പെരുന്നാൾ ഏതാണ്? ക്രിസ്തുമസ്

www.malankaralibrary.com

9. യേശു ബെത്ലഹേമിൽ ജനിച്ച കാലത്ത് യൂദയാ രാജാവായിരുന്നത് ആരാണ്? ഹേറോദേസ്
10. യേശു ബെത്‌ലഹേമിൽ ജനിച്ച കാലത്ത് റോമൻ ചക്രവർത്തി ആരാണ്? അഗസ്റ്റസ് സീസർ
11. മലങ്കര സഭയിൽ ക്രിസ്തുമസ് പെരുന്നാൾ (കർത്താവിൻ്റെ ജനനം) ഏത് സുറിയാനി പദത്തിലൂടെ അറിയപ്പെടുന്നു? യൽദോ
12. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും പെരുന്നാൾ ഏതാണ്? ക്രിസ്തുമസ്
13. യേശുവിൻ്റെ ജനനത്തോടുകൂടി മാലാഖമാർ സന്തോഷപൂർവം പാടിയ കീർത്തനം എന്ത്? "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!" (ലൂക്കാ 2:14).
14. ദൈവം മനുഷ്യനെ രക്ഷിക്കുവാനായി ആരംഭിച്ച പദ്ധതിയുടെ തുടക്കം ഏതാണ്? മനുഷ്യാവതാരം
15. ക്രിസ്തുമസിൻ്റെ പ്രധാന ശുശ്രൂഷകൾ ഏവ? ക്രിസ്തുമസ് രാത്രിയിലെ യാമപ്രാർത്ഥന, പ്രദക്ഷിണം, വേദവായന, തീയു ഴിയൽ ശുശ്രൂഷ, വിശുദ്ധ കുർബാന എന്നിവയാണ്
16. തീയുഴിയൽ ശുശ്രൂഷയിലെ കത്തിജ്വലിക്കുന്ന അഗ്നി ആരുടെ പ്രതീകമാണ്? യേശുവിൻ്റെ
17. ആട്ടിടയന്മാർ വന്ന് യേശുവിനെ ആരാധിച്ചതുപോലെയും ജ്ഞാനികൾ വന്ന് പൊന്നും മീറയും, കുന്തിരിക്കവും കാഴ്ച വച്ചതുപോലെയും വിശ്വാസികൾ കത്തുന്ന അഗ്നിയിൽ കുന്തിരിക്കം അർപ്പിച്ച് ആരാധിക്കുന്നത് എന്താണ്? യേശുവിൻ്റെ രാജത്വത്തെയും ദൈവത്വത്തെയും മനുഷ്യത്വത്തെയും
18. സഭ ദനഹാത്തിരുന്നാൾ എപ്പോൾ ആഘോഷിക്കുന്നു? ജനുവരി ആറാം തീയതി
19. 'ദനഹാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്താണ്? 'ഉദയം'
20. ഗ്രീക്കു ഭാഷയിൽ 'ദനഹാ' പെരുന്നാളിനെ ഏത് പേരിൽ വിളിക്കുന്നു? 'എപ്പിഫനി'

www.malankaralibrary.com

21. 'എപ്പിഫനി' എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്താണ്? 'ദൈവത്തിന്റെ വെളിപ്പെടുത്തൽ'

22. മലങ്കര സഭയിൽ ദനഹാ എതിനെ സൂചിപ്പിക്കുന്നു? യേശുവിന്റെ ജോർദാൻ നദിയിലെ മാമോദീസായെ

23. സ്നാപകയോഹന്നാനിൽനിന്നും യേശു മാമോദീസാ സ്വീകരിച്ചപ്പോൾ പരിശുദ്ധ ത്രിത്വം സ്വയം വെളിപ്പെടുത്തിയത് എങ്ങനയാണ്? പിതാവ് തന്റെ സ്വരം കൊണ്ടും പുത്രൻ തന്റെ സാന്നിധ്യം കൊണ്ടും പരിശുദ്ധാത്മാവ് പ്രാവിൻ്റെ രൂപത്തിലും

24. യേശു മാമോദീസാ സ്വീകരിച്ചതിലൂടെ ആരെ എന്നന്നേക്കുമായി ശുദ്ധീകരിച്ചു? മനുഷ്യവംശത്തെ

25. പഴയനിയമത്തിൽ ഇസ്രായേൽ ജനം ചെങ്കടൽ കടന്ന് വെള്ളത്തിലൂടെ രക്ഷപെട്ട് വാഗ്ദത്തനാട്ടിൽ പ്രവേശിച്ചതുപോലെ പുതിയനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ജനം ഏതിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നു? മാമോദീസാജലത്തിലൂടെ

26. യേശു പറഞ്ഞു 'എനിക്കൊരു മാമോദീസാ മുങ്ങുവാനുണ്ട്, അത് മുങ്ങുവോളം ഞാൻ അസ്വസ്ഥനാകുന്നു'. ഇത് എന്താണ് സൂചിപ്പിക്കുന്നത്? കർത്താവിന്റെ മരണത്തെ

27. ദനഹായുടെ പ്രത്യേക ശുശ്രൂഷ ഏതാണ്? വെള്ളം വാഴ്ത്തലിന്റെ ശുശ്രൂഷ

28. കർത്താവിൻ്റെ ദേവാലയപ്രവേശനം (മായൽത്തോ) പെരുന്നാളിൻ്റെ അടിസ്ഥാനം എന്താണ്? യേശുവിനെ മാതാപിതാക്കൾ നാല്പതാം ദിവസം ദേവാലയത്തിൽ സമർപ്പിച്ച സംഭവമാണ്

29. കർത്താവിൻ്റെ ദേവാലയപ്രവേശന പെരുന്നാളിനെ സുറിയാനി ഭാഷയിൽ എന്ത് വിളിക്കുന്നു? 'മായൽത്തോ'

30. 'മായൽത്തോ' എന്നതിൻറെ അർത്ഥങ്ങൾ എന്നൊക്കെയാണ്? പ്രവേശനം, അവതരിപ്പിക്കൽ

31. യഹൂദനിയമപ്രകാരം ഒരു ശിശു ജനിച്ചു കഴിഞ്ഞാൽ എത് ദിവസമാണ് ദേവാലയത്തിൽ

www.malankaralibrary.com

സമർപ്പിക്കുന്നത്? ആൺകുഞ്ഞുങ്ങളെ നാല്പതാം ദിവസവും പെൺകുഞ്ഞുങ്ങളെ എൺപതാം ദിവസവും

32. യേശുവിനെ മാതാപിതാക്കൾ നാല്പതാം ദിവസം ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ ഈ കർമ്മത്തെ എന്ത് കർമ്മമായി കൂടി കരുതപ്പെടുന്നു? മാതാവിൻ്റെ ശുദ്ധീകരണ കർമ്മം

33. യേശുവിന്റെ ദേവാലയ പ്രവേശനത്തിന് വിവിധങ്ങളായ അർത്ഥങ്ങൾ എന്തൊക്കെയാണ്? മോശയുടെ നിയമം അനുസരിച്ചതുവഴി പിതാവിനോടുള്ള പൂർണ സമർപ്പണവും അനുസരണവും യേശു പ്രകടമാക്കി. ശുദ്ധീകരണ കർമ്മത്തിനായി ബലി അർപ്പിച്ചതുവഴി മനുഷ്യവംശത്തിന്റെ മുഴുവൻ ശുദ്ധീകരണം യേശു സാധിച്ചു. യേശു ബലിയർപ്പകനും ബലിവസ്തുവുമാണെന്ന സത്യം അവിടുന്ന് മുൻകൂട്ടി വെളിപ്പെടുത്തി. യേശു മനുഷ്യരക്ഷകനാണെന്ന സത്യം വെളിപ്പെടുത്തപ്പെട്ടു.

34. കർത്താവ് ഉത്ഥാനം ചെയ്ത ഞായറാഴ്ച ഏത് പെരുന്നാളായി ആദിമ ക്രിസ്ത്യാനികൾ ആഘോഷിച്ചു തുടങ്ങി? ഉയിർപ്പുപെരുന്നാൾ

35. ആദിമ ക്രിസ്ത്യാനികൾ ഞായറാഴ്ച ദിവസത്തെ എങ്ങനെ വിളിച്ചിരുന്നു? കർത്താവിന്റെ ദിവസം, കർത്താവിന്റെ ഉയിർപ്പുദിവസം

36. ഉയിർപ്പുപെരുന്നാൾ ഇംഗ്ലീഷിൽ ഏത് പേരിലാണ് അറിയപ്പെടുന്നത്? 'ഈസ്റ്റർ'

37. ഉയിർപ്പുപെരുന്നാൾ സുറിയാനി ഭാഷയിൽ ഏത് പേരിലാണ് അറിയപ്പെടുന്നത്? 'ക്യംതാ'

38. പൗരസ്ത്യ ആരാധന ക്രമവത്സരത്തിന്റെ കേന്ദ്രം ഏത് പെരുന്നാളാണ്? ഉയിർപ്പുപെരുന്നാൾ

39. ക്രിസ്തീയ വിശ്വാസത്തിൻ്റെ അടിസ്ഥാനം എന്താണ്? യേശുവിൻ്റെ ഉയിർപ്പ്

40. യേശുവിൻ്റെ ഉയിർപ്പും നമ്മുടെ വിശ്വാസത്തെയും കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത് എന്താണ്? "ക്രിസ്തു

www.malankaralibrary.com

ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കോറിന്തോസ് 15:14).

41. 'പെരുന്നാളുകളുടെ പെരുന്നാളായി' കരുതുന്നത് ഏതാണ്? ഉയിർപ്പ് പെരുനാൾ

42. പാപത്തിന്റെയും തിന്മയുടെയും മരണത്തിന്റെയും മേലുള്ള വിജയമായും നാം കാണുന്നത് ഏതാണ്? ഉയിർപ്പ്

43. സമാധാനത്തിന്റെയും യോജിപ്പിന്റെയും അനുരഞ്ജനത്തിന്റെയും പെരുന്നാൾ ഏതാണ്? ഉയിർപ്പ്

44. ഓരോ ക്രിസ്ത്യാനിയുടെയും ഉയിർപ്പിൻ്റെ അടിസ്ഥാനം എന്ന ചിന്ത നല്കുന്ന പെരുന്നാൾ ഏതാണ്? ഉയിർപ്പുപെരുന്നാൾ

45. ഉയിർപ്പിന്റെ പ്രത്യേക ശുശ്രൂഷകൾ ഏതൊക്കയാണ്? ഉയിർപ്പിന്റെ രാത്രിപ്രാർത്ഥന, ഉയിർപ്പിൻ്റെ പ്രഖ്യാപനം, സമാധാനശുശ്രൂഷ, പ്രദക്ഷിണം, വിശുദ്ധ ഗ്രന്ഥവായന, സ്ലീബാ ആഘോഷം, സ്ലീബാ ചുംബിക്കൽ

46. കബറടക്കിയ സ്ലീബ ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുവാൻ ഉയിർപ്പിക്കുമ്പോൾ വിജയത്തിൻറെ അടയാളമായി എന്ത് ഉപയോഗിച്ചാണ് മൂടുന്നത്? ചുവന്ന തുണി

47. ഉയിർപ്പു തിരുനാളിൻ്റെ ശുശ്രൂഷയിലെ പ്രധാന ചിന്ത എന്താണ്? സമാധാനം

48. ആദിമാതാപിതാക്കളുടെ പാപം മൂലം മനുഷ്യവംശത്തിന് നഷ്ടപ്പെട്ട സമാധാനവും സന്തോഷവും മനുഷ്യർക്ക് പൂർണമായി തിരികെ ലഭിച്ചത് എങ്ങനെ? ഉയിർപ്പിലൂടെ

49. ഉയിർത്ത യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ആദ്യം ആശംസിച്ചത് എന്താണ്? സമാധാനം

50. ഉയിർത്തെഴുന്നേറ്റ യേശു നാല്പതാം ദിവസം മഹത്ത്വത്തോടുകൂടി പിതാവിന്റെ പക്കലേക്ക് കരേറിയ സംഭവത്തെ അനുസ്മരിക്കുന്ന പെരുന്നാൾ ഏതാണ്? സ്വർഗാരോഹണം തിരുനാൾ

www.malankaralibrary.com

51. സ്വർഗാരോഹണ സംഭവത്തിൻറെ മൂന്ന് അർത്ഥ തലങ്ങൾ എന്തൊക്കയാണ്? ശിഷ്യന്മാരിൽ നിന്നും യേശു വിടവാങ്ങുന്നു. ചരിത്രത്തിനപ്പുറത്തേക്ക് യേശു കടന്നു പോകുന്നു, യേശു പിതാവിൻ്റെ വലത്തുഭാഗത്ത് എന്നന്നേക്കുമായി ഉപവിഷ്ടനാകുന്നു.

52. തൻ്റെ രക്ഷാകര പ്രവർത്തനങ്ങൾ പൂർത്തിയാക്കിയശേഷം ദൈവപുത്രനായ യേശു തിരിച്ച് പിതാവിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുന്ന സംഭവം ഏതാണ്? സ്വർഗാരോഹണം

53. ആദാം തന്റെ പാപം മൂലം അടച്ചുകളഞ്ഞ വാതിൽ യേശു തുറന്നു തന്നത് എങ്ങനെ? സ്വർഗാരോഹണം

54. സ്വർഗാരോഹണ പെരുന്നാളിന്റെ ചിന്തകൾ എന്തൊക്കയാണ്? യേശുവിൻ്റെ മഹത്ത്വത്തോടു കൂടിയ സ്വർഗീയ പ്രവേശനം, യേശുവിന്റെ മഹത്ത്വപൂർണമായ രണ്ടാമത്തെ വരവ്

55. സ്വർഗാരോഹണ പെരുന്നാളിന്റെ പ്രധാന ശുശ്രൂഷകൾ ഏതൊക്കയാണ്? പ്രദക്ഷിണവും സ്ലീബാ ആഘോഷവും

56. ചുവന്ന തുണിയിട്ട് അലങ്കരിച്ച സ്ലീബാ ഉയിർപ്പു മുതൽ സ്വർഗാരോഹണം വരെ എത്ര ദിവസങ്ങൾക്ക് മദ്ബഹായിൽ പ്രതിഷ്ഠിക്കുന്നു? 40 ദിവസം

57. ഉയിർപ്പു മുതൽ സ്വർഗാരോഹണം വരെ ചുവന്ന തുണിയിട്ട് അലങ്കരിച്ച സ്ലീബാ മദ്ബഹായിൽ പ്രതിഷ്ഠിക്കുന്നത് എന്ത് സൂചിപ്പിക്കുന്നു? ഭൂമിയിലുള്ള യേശുവിൻ്റെ പ്രത്യേക സാന്നിധ്യം

58. 'പെന്തക്കോസ്തി എന്ന ഗ്രീക്കു പദത്തിൻ്റെ അർത്ഥം എന്താണ്? അമ്പതാം ദിവസം

59. യഹൂദ പെസഹായ്ക്കുശേഷം ഏത് ദിവസം യഹൂദർ പന്തക്കുസ്ത തിരുന്നാൾ ആഘോഷിച്ചിരുന്നു? അമ്പതാം ദിവസം

60. യഹൂദ പെന്തക്കസ്തി തിരുന്നാൾ യഹൂദർ എങ്ങനെ കരുതിയിരുന്നു? വിളവെടുപ്പിന്റെ

www.malankaralibrary.com

പെരുന്നാളായും, സീനായ് മലയിൽ മോശയ്ക്ക് കല്പന നല്കിയതിൻ്റെ അനുസ്മരണത്തിരുനാളായും

61. ക്രിസ്തീയ പെന്തക്കോസ്തി എന്താണ്? യേശുവിന്റെ ഉയിർപ്പിനു ശേഷം അമ്പതാം ദിവസം യഹൂദരുടെ പന്തക്കുസ്ത ദിനത്തിൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവ് ശിഷ്യരുടെമേൽ ഇറങ്ങി വരികയും അവർ പരിശുദ്ധാത്മാവിനാൽ പൂരിതരാകുകയും ചെയ്തു

62. പറുദീസായിൽ മനുഷ്യന് നഷ്ടപ്പെട്ട പരിശുദ്ധാത്മാവിനെ ഏത് ദിവസം ദൈവം തിരിച്ചു നല്കി? പെന്തക്കോസ്തിയിൽ

63. യേശുവിൻ്റെ രക്ഷാകരപ്രവർത്തനങ്ങളുടെ ഫലമായി പെന്തക്കൊസ്തയിൽ മനുഷ്യന് ലഭിച്ചത് എന്താണ്? പരിശുദ്ധാത്മാവ്

64. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിൻ്റെ പ്രവർത്തനം ദൃശ്യമായി ആരംഭിക്കുന്നത് എപ്പോൾ മുതലാണ്? പെന്തക്കോസ്തിയോടു

65. പരിശുദ്ധാത്മാവിന്റെ പെരുന്നാൾ എന്നത് ഏതാണ്? പെന്തക്കോസ്തി

66. യേശു തൻ്റെ രക്ഷാകരപദ്ധതി തുടരുന്നത് ആരിലൂടെ? പരിശുദ്ധാത്മാവിലൂടെ

67. ആരുടെ വരവോടെ സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു? പരിശുദ്ധാത്മാവിൻ്റെ

68. പെന്തക്കോസ്തിക്കുള്ള മൂന്നു പ്രത്യേക ശുശ്രൂഷകൾ എന്തൊക്കയാണ്? പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ളത്

69. പെന്തക്കോസ്തി പെരുന്നാളിൻ്റെ പ്രധാന ശുശ്രൂഷ ഏതാണ്? പരിശുദ്ധാത്മ ആവാസത്തിൻ്റെ പ്രതീകമായ വെള്ളം തളിക്കൽ

70. യേശുവിന്റെ തേജസ്കരണ സമയത്ത് കൂടെ ഉണ്ടായിരുന്ന ശിഷ്യൻമാർ ആരൊക്കയാണ്? പത്രോസ്, യാക്കോബ്, യോഹന്നാൻ

www.malankaralibrary.com

71. എപ്പോൾ മുതൽ തേജസ്കരണ പെരുന്നാൾ സഭയിൽ ആഘോഷിക്കുവാൻ തുടങ്ങി? അഞ്ചാം നൂറ്റാണ്ടോടുകൂടി
72. ഓരോ ക്രിസ്ത്യാനിയുടെയും വരാനിരിക്കുന്ന മഹത്ത്വം ഏത് തിരുനാളിലൂടെയാണ് സഭ അനുസ്മരിക്കുന്നത്? തേജസ്കരണ തിരുനാളിലൂടെ
73. അനുദിന ജീവിതത്തിലെ കുരിശുകളെ സ്വീകരിച്ചുകൊണ്ട് മഹത്ത്വത്തിൻറെ പ്രത്യാശയിൽ ജീവിക്കുവാൻ ഏത് തിരുനാൾ നമ്മെ സഹായിക്കുന്നു? തേജസ്കരണ പെരുന്നാൾ
74. ദൈവമാതാവിന്റെ മാഗലാവർത്ത തിരുനാൾ സഭ എപ്പോൾ ആഘോഷിക്കുന്നു? മാർച്ച് 25
75. മാതാവിന്റെ ജനനത്തിരുന്നാൾ എപ്പോൾ? സെപ്റ്റംബർ 8
76. മാതാവിന്റെ സ്വർഗാരോപണ പെരുന്നാൾ എപ്പോൾ? ആഗസ്റ്റ് 15
77. യേശുവിന്റെ രക്ഷാകര സംഭവങ്ങളോട് ചേർന്ന് ജീവിക്കുവാൻ നമ്മെ സഹായിക്കുന്ന പെരുന്നാൾ ഏത്? മാറാനായ പെരുന്നാളുകൾ

## 7.15 ആരാധനക്രമവത്സരം

1. യേശുവിൻ്റെ രക്ഷാകരസംഭവങ്ങൾ സഭ ഒരു വർഷക്കാലം പ്രത്യേകം അനുസ്മമരിക്കുന്ന ആരാധനക്രമവത്സരത്തിന് എന്താണ് പേര്? സംവത്സര ചക്രം (Yearly Cycle)
2. യേശുസംഭവങ്ങൾ ഒരു ദിവസംകൊണ്ട് അനുസ്മരിക്കുന്നതിന് എന്താണ് പേര്? ദിവസ ചക്രം (Daily Cycle)
3. യേശുസംഭവങ്ങൾ ഒരാഴ്ചക്കാലം കൊണ്ട് അനുസ്മരിക്കുന്നതിന് എന്താണ് പേര്? വാര ചക്രം (Weekly Cycle)
4. നിരന്തരം പ്രാർത്ഥിക്കുക, എപ്പോഴും കർത്താവിനോട് കൂടെയായിരിക്കുക എന്ന ചിന്തയിൽ ദിവസത്തെ

www.malankaralibrary.com

എത്ര യാമങ്ങളായി തിരിച്ച് പ്രാർത്ഥനയ്ക്കായി ക്രമീകരിച്ചിരിക്കുന്നത്? ഏഴ്

5. പൗരസ്ത്യ സഭകളിൽ ഏഴ് എന്ന സംഖ്യക്ക് ഒരു പ്രത്യേക പ്രാധാന്യം കൊടുക്കുന്നുണ്ട്. എന്താണത്? ഏഴ് പൂർണതയുടെ സംഖ്യ
6. ഒരു ദിവസത്തെ ഏഴ് യാമങ്ങൾ ഏതൊക്കയാണ്? സന്ധ്യാ, സൂത്താറ, രാത്രി, പ്രഭാതം, മൂന്നാം മണി, ആറാം മണി, ഒൻപതാം മണി
7. യാമ പ്രാർത്ഥനയുടെ പ്രഭാത പ്രാർത്ഥനയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്? പ്രകാശം നല്കിയ ദൈവത്തെ സ്തുതിക്കുന്നു
8. മൂന്നാം മണി പ്രാർത്ഥനയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്? പീലാത്തോസിൽനിന്നും യേശു ശിക്ഷയേറ്റതു
9. ആറാം മണി പ്രാർത്ഥനയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്? യേശുവിന്റെ കുരിശുമരണം
10. ഒൻപതാം മണി പ്രാർത്ഥനയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്? കുരിശുമരണത്തിൽ പ്രകൃതിക്ഷോഭിച്ചതു
11. സന്ധ്യ യാമ പ്രാർത്ഥനയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്? അധ്വാനത്തിൽനിന്നും വിശ്രമം നല്കിയതിനെ
12. സൂത്താറയ്ക്കും രാത്രിപ്രാർത്ഥനയ്ക്കും സഭ എന്താണ് അനുസ്മരിക്കുന്നത്? ദൈവകൃപയിൽ ആശ്രയിച്ച് ഉറങ്ങാൻ പോകുന്നതിനെ
13. സാധാരണയായി ഏഴ് യാമങ്ങളിലെ പ്രാർത്ഥന എപ്പോഴാണ് നടത്തുന്നത്? പ്രഭാതത്തിലും സന്ധ്യയിലും
14. ആഴ്ചയിലെ ഏഴ് ദിവസങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കർത്താവിന്റെ ഉയിർപ്പിൻ്റെ ദിവസം എന്നത് ഏതാണ്? ഞായർ
15. ആഴ്ചയിലെ തിങ്കളും ചൊവ്വായും ദിനങ്ങളിൽ പ്രത്യേക ചിന്തകൾ എന്താണ്? അനുതാപത്തിൻ്റെ

www.malankaralibrary.com

16. ബുധനാഴ്ചകളിൽ ആരെയാണ് സ്മരിക്കുന്നതും ധ്യാനിക്കുന്നതും? പരിശുദ്ധ ദൈവമാതാവിനെ
17. വ്യാഴാഴ്ചകളിൽ അനുസ്മരിക്കുന്നത് ആരെയാണ്? അപ്പസ്തോലന്മാർ, പ്രവാചകന്മാർ, രക്തസാക്ഷികൾ എന്നിവരെ
18. വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നത് എന്താണ്? കർത്താവിൻ്റെ കുരിശുമരണം
19. ശനിയാഴ്ചയിലെ പ്രത്യേക ചിന്തകൾ എന്താണ്? എല്ലാ മരിച്ചുപോയവരെയും യേശുവിന്റെ രണ്ടാമത്തെ വരവിനെയും, പൊതുവായ പുനരുത്ഥാനത്തെയും ഓർക്കുന്ന ദിവസം
20. ആഴ്ചയിലെ ഏഴ് ദിവസങ്ങൾക്കുള്ള പ്രത്യേക പ്രാർത്ഥനകളെ എന്ത് പറയുന്നു? “ശ്ഹീമ്മോ” നമസ്കാരം.
21. ശ്ഹീമ്മോ എന്ന വാക്കിന്റെ അർത്ഥം എന്താണ്? "സാധാരണ”
22. ഒരു ആണ്ടുവട്ടത്തിൽ സഭ അനുസ്മരിക്കുന്ന രക്ഷാകര സംഭവങ്ങൾ എന്താണ്? യേശുവിന്റെ ജനനം മുതൽ രണ്ടാമത്തെ വരവ് വരെ
23. ആരാധനക്രമവത്സരത്തിൽ ഒരു വർഷത്തെ എത്ര കാലങ്ങളായി തിരിച്ചിരിക്കുന്നു? ഏഴ്. (1) വചനിപ്പുകാലം (സൂബോറോക്കാലം) (2) യൽദോ ((ക്രിസ്തുമസ്)-ദന ഹാക്കാലം (3) വലിയ നോമ്പുകാലം (4) ഉയിർപ്പുകാലം (ക്യംതാ) (5) പെന്തക്കൊസ്തി കാലം (6) തേജസ്ക്കരണകാലം (7) സ്ലീബാക്കാലം.
24. ആണ്ടുവട്ടത്തിലെ ഏഴു കാലങ്ങളിലെയും ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കുമുള്ള പ്രത്യേക പ്രാർത്ഥനകൾ ഏത് പേരിൽ അറിയപ്പെടുന്നു? പെങ്കീസോ നമസ്ക്കാരം
25. ആരാധനക്രമവത്സരത്തിലെ ആദ്യത്തെ കാലം ഏതാണ്? വചനിപ്പുകാലം
26. വചനിപ്പുകാലത്തിന് സുറിയാനി പേര് എന്താണ്? സുബോറോക്കാലം

www.malankaralibrary.com

27. മലങ്കരസഭയിൽ ആരാധനക്രമവത്സരം ആരംഭിക്കുന്ന കൂദോശ് ഈത്തോ എന്നതിന്റെ അർത്ഥം എന്താണ്? "സഭയുടെ വിശുദ്ധീകരണം'
28. മലങ്കരസഭയിൽ ആരാധനക്രമവത്സരം തുടങ്ങുന്ന ദിവസത്തെ എങ്ങനെ ക്രമീകരിച്ചിരിക്കുന്നു? ഒക്ടോബറിലെ അവസാനത്തെ രണ്ടു ദിവസങ്ങളിൽ ഒന്ന് ഞായർ വരികയാണെങ്കിൽ അതായിരിക്കും വർഷാരംഭം. അല്ലെങ്കിൽ നവംബറിലെ ആദ്യത്തെ ഞായറാഴ്ചയായിരിക്കും.
29. മലങ്കരസഭയിൽ ആരാധനക്രമവത്സരത്തിൽ ഹൂദോസ് ഈത്തോ എന്ന രണ്ടാം ഞായറാഴ്ചയുടെ അർത്ഥം എന്താണ്? "സഭയുടെ നവീകരണം'
30. മലങ്കരസഭയിൽ ആരാധനക്രമവത്സരത്തിൽ മൂന്നാമത്തെ ആഴ്ച മുതൽ അഞ്ച് ആഴ്ചകൾ ഏതിനെ കുറിച്ചുള്ള അറിയിപ്പുകൾ ആണ് ചിന്താവിഷയമാക്കുന്നത്? യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പുകൾ
31. വചനിപ്പുകാലത്തിനെ അറിയിപ്പുകാലമെന്ന് വിളിക്കുന്നത് എന്തുകൊണ്ട്? യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പുകൾ
32. ഇരുപത്തിയഞ്ച് നോമ്പ് ഏത് കാലത്താണ് വരുന്നത്? വചനിപ്പുകാലം
33. ക്രിസ്തുമസിന് തൊട്ടുമുമ്പുള്ള ഞായർ മുതൽ വലിയ നോമ്പാരംഭിക്കുന്ന ഞായർ വരെയുള്ള ഏഴാഴ്ചക്കാലത്തിന് എന്താണ് പേര്? യൽദോ (ക്രിസ്തുമസ്) - ദനഹാക്കാലം
34. യേശുവിന്റെ ജനനവും മാമോദീസായും ഏത് കാലത്ത് ആഘോഷിക്കപ്പെടുന്നു? യൽദോ (ക്രിസ്തുമസ്) - ദനഹാക്കാലം
35. യൽദോ (ക്രിസ്തുമസ്) - ദനഹാക്കാലം കാലഘട്ടത്തിലെ എന്താണ് ചിന്താവിഷയം? യേശുവിൻ്റെ പ്രത്യക്ഷീകരണം
36. യേശുവിന്റെ ജനനം മുതൽ തന്റെ ദൈവത്വം പരസ്യമായി വെളിപ്പെടുത്തുന്ന പരസ്യജീവിതം

www.malankaralibrary.com

വരെയുള്ള സംഭവങ്ങൾ ഏത് കാലത്ത് സഭ ഓർമിക്കുന്നു? യൽദോ (ക്രിസ്തുമസ്) - ദനഹാക്കാലം

37. കർത്താവിന്റെ ഉയിർപ്പ് തിരുനാളിന് ഒരുക്കമായുള്ള തപസുകാലം ഏതാണ്? വലിയ നോമ്പുകാലം
38. നമ്മുടെ കർത്താവിന്റെ നാല്പത് ദിവസത്തെ ഉപവാസവും പരസ്യശുശ്രൂഷയും പീഡാനുഭവവും മരണവുമെല്ലാം ഏത് കാലത്തിലാണ് സഭ അനുസ്മരിക്കുന്നത്? വലിയ നോമ്പുകാലം
39. വലിയനോമ്പു കാലത്തിൻറെ ഒന്നാം ഞായർ മുതൽ ഉയിർപ്പുതിരുനാൾ വരെ എത്ര ദിവസങ്ങൾ ഉണ്ട്? 50 ദിവസങ്ങൾ
40. നോമ്പിൻ്റെ ആദ്യത്തെ ആറ് ആഴ്ചകളിൽ യേശുവിൻ്റെ ദൈവിക ശക്തി വെളിപ്പെടുത്തുന്ന എന്താണ് അനുസ്മരിക്കുന്നത്? അദ്ഭുതങ്ങൾ
41. നോമ്പാരംഭത്തിനു ശേഷമുള്ള നാലാമത്തെ ബുധനാഴ്ച എന്തായി അനുഷ്ഠിക്കുന്നു? പകുതിനോമ്പ്
42. ദേവാലയ മദ്ധ്യത്തിൽ ഗോഗുൽത്താ സ്ഥാപിക്കുന്നത് എപ്പോൾ? പകുതിനോമ്പ് തുടങ്ങുമ്ബോൾ
43. നോമ്പിലെ നാല്പതാം ദിവസത്തിന് പേരെന്താണ്? നാല്പതാം വെള്ളിയാഴ്ച
44. നാല്പതാം വെള്ളിയാഴ്ചയുടെ പിറ്റെ ദിവസത്തെ സഭ എന്ത് അനുസ്മരിക്കുന്നു? ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ച
45. നോമ്പിലെ ഏഴാമത്തെ ഞായറാഴ്ച എന്താണ്? ഓശാന ഞായർ
46. ഓശാന മുതൽ ഉയിർപ്പുവരെയുള്ള ദിവസങ്ങൾകുള്ള പേരെന്താണ്? കഷ്ടാനുഭവ ആഴ്ച, ഹാശാ ആഴ്ച, വലിയ ആഴ്ച
47. കഷ്ടാനുഭവ ആഴ്ചയിലെ വ്യാഴാഴ്ചയുടെ പേര് എന്താണ്? പെസഹാ വ്യാഴം, രഹസ്യങ്ങളുടെ വ്യാഴം

www.malankaralibrary.com

48. കർത്താവ് വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ അനുസ്മരണ ഏത് ദിവസം നടത്തുന്നു? പെസഹാ വ്യാഴം
49. ദുഃഖവെള്ളി എന്താണ് അനുസ്മരിപ്പിക്കുന്നത്? കർത്താവിന്റെ കുരിശുമരണം
50. ദുഃഖശനി എന്താണ് അനുസ്മരിപ്പിക്കുന്നത്? കർത്താവ് മരിച്ചവരുടെ ഇടയിൽ പാതാളത്തിൽ സുവിശേഷം അറിയിച്ചത്
51. ഉയിർപ്പുകാലത്തിന് സുറിയാനി പേര് എന്താണ്? ക്യംതാക്കാലം
52. ഉയിർപ്പുകാലം എപ്പോൾ? ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തിക്കോസ്തിവരെയുള്ള ഏഴ് ആഴ്ചക്കാലം
53. സഭയിലെ ഏറ്റവും വലിയ പെരുന്നാൾ ഏതാണ്? ഉയിർപ്പ്
54. ഉയിർപ്പിൻറെ ഏഴ് ആഴ്ചക്കാലം സഭ എന്താണ് അനുസ്മരിക്കുന്നത്? ഉയിർപ്പിൻ്റെ മഹത്ത്വത്തെക്കുറിച്ചും ഉത്ഥിതനായ യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ചുള്ള സംഭവങ്ങളുമായാണ്
55. ഉയിർപ്പു ദിവസത്തിൽ കബറിൽനിന്നും ഉയിർപ്പിച്ച കുരിശിൽ ചുവന്ന തുണിയിട്ട് അലങ്കരിച്ച് മദ്ബഹായിൽ പ്രതിഷ്ഠിക്കുന്നത് എന്തിനെ അനുസ്മരിപ്പിക്കുന്നു? ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സാന്നിധ്യം നാല്പത് ദിവസം ശിഷ്യരോടുകൂടി ഉണ്ടായിരുന്നു എന്നതിനെ
56. ഉയിർപ്പിനുശേഷം നാല്പതാം ദിവസം സഭ ആഘോഷിക്കുന്നത് എന്താണ്? സ്വർഗാരോഹണത്തിരുനാൾ
57. ഏത് കാലത്താണ് നാല്പത് ദിവസം കുമ്പിടീൽ പാടില്ല എന്നും, നിന്നുകൊണ്ട് പ്രാർത്ഥിക്കണമെന്നും സഭ പഠിപ്പിക്കുന്നു? ഉയിർപ്പുകാലം
58. ഉയിർപ്പുകാലത്തിലെ 40 മുതൽ 50 വരെയുള്ള ദിവസങ്ങൾക്ക് പേര് എന്താണ്?

www.malankaralibrary.com

പരിശുദ്ധാത്മാവിന്റെ വരവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ ദിനങ്ങൾ

59. പെന്തിക്കോസ്തിക്കാലത്തിന് സുറിയാനി പേര് എന്താണ്? ശ്ലീഹാക്കാലം
60. പെന്തിക്കോസ്തിക്കാലം എപ്പോഴാണ്? പെന്തിക്കോസ്തി തിരുന്നാൾ മുതൽ തേജസ്കരണ പെരുന്നാൾ വരെയുള്ള കാലഘട്ടം
61. പെന്തിക്കോസ്തി കാലത്ത് അനുസ്മരിക്കുന്നത് എന്തൊക്കയാണ്? പരിശുദ്ധാത്മാവിൻ്റെ വരവ്, ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണം
62. പെന്തിക്കോസ്തി കാലത്ത് അനുസ്മരിക്കുന്ന നോമ്ബും പെരുന്നാളും എന്തൊക്കയാണ്? ശ്ലീഹാനോമ്പ്, പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ, മാർതോമാ ശ്ലീഹായുടെ ദുക്റോനോ
63. ശ്ലീഹാക്കാലമെന്നും വിളിക്കുന്ന കാലം ഏതാണ്? പെന്തിക്കോസ്തിക്കാലം
64. കർത്താവിന്റെ തേജസ്കരണപെരുന്നാൾ എപ്പോഴാണ് ആഘോഷിക്കുക? ആഗസ്റ്റ് 6
65. തേജസ്കരണകാലം എപ്പോൾ? തേജസ്കരണപെരുന്നാൾ മുതൽ സെപ്റ്റംബർ 14 വരെ
66. കർത്താവ് ഉയർന്ന മലയിൽ മറുരൂപപ്പെട്ടപ്പോൾ ഉണ്ടായിരുന്നവർ ആരാണ്? പത്രോസ്, യാക്കോബ്, യോഹന്നാൻ
67. യേശുവിന്റെ ദൈവത്വത്തെയും മഹത്ത്വത്തെയും അനുസ്മരിക്കുന്ന സംഭവം ഏതാണ്? തേജസ്കരണം
68. പഴയനിയമവും പുതിയനിയമവും വേർപെടുത്താനാവുന്നതല്ലെന്നും കുരിശും മഹത്ത്വവും ഒന്നാണെന്നും മരിച്ചവരും ജീവിച്ചിരിക്കുന്നവരും ക്രിസ്തുവിൽ ഒന്നാകുന്നുവെന്നും ഏത് പെരുന്നാൾ നമ്മെ പഠിപ്പിക്കുന്നു? തേജസ്കരണ പെരുനാൾ

www.malankaralibrary.com

69. ദൈവമാതാവിൻ്റെ ജനനത്തിരുനാളും സ്വർഗാരോപണത്തിരുനാളും ഏത് കാലത്ത് അനുസ്മരിക്കുന്നു? തേജസ്കരണ കാലം
70. ഓരോ ക്രിസ്ത്യാനിയുടെയും വരാനിരിക്കുന്ന മഹത്ത്വീകരണത്തെക്കുറിച്ചുള്ള പ്രത്യാശ നല്കുന്ന കാലം ഏതാണ്? തേജസ്കരണ കാലം
71. അനുദിന കുരിശുകൾ വഹിച്ച് കൊണ്ട് മഹത്ത്വത്തിൽ പ്രവേശിക്കുവാൻ വിശ്വാസികളെ ഒരുക്കുന്നത് ഏത് കാലമാണ്? തേജസ്കരണ കാലം
72. സ്ലീബാക്കാലം എപ്പോൾ? സ്ലീബാപ്പെരുന്നാൾ മുതൽ ആരാധനക്രമ വർഷം ആരംഭിക്കുന്ന കൂദോശ് ഈത്തോ ഞായർ വരെ ഏഴ് ആഴ്ചകൾ
73. സ്ലീബാപ്പെരുന്നാൾ ആഘോഷിക്കുന്നത് എപ്പോൾ? സെപ്റ്റംബർ 14
74. ആരാധനക്രമ വത്സരത്തിലെ അവസാനത്തെ കാലം ഏതാണ്? സ്ലീബാക്കാലം
75. ഹെലെനാ രാജ്ഞി നമ്മുടെ കർത്താവിന്റെ കുരിശ് കണ്ടെത്തി ജറുസലേമിൽ ദേവാലയത്തിൽ പ്രതിഷ്ഠിച്ചതിൻറെ ഓർമ്മദിനം ഏതാണ്? സ്ലീബാപ്പെരുന്നാൾ
76. സ്ലീബാക്കാലത്തിൻ്റെ ചിന്തകൾ എന്തൊക്കയാണ്? സ്ലീബായുടെ ചിഹ്നത്തോടുകൂടിയുള്ള കർത്താവിന്റെ രണ്ടാമത്തെ വരവ്, ലോകാവസാനം, മരിച്ചവരുടെ പുനരുത്ഥാനം, പൊതുവിധി, സ്വർഗീയ ജറുസലേമിലെ പ്രത്യക്ഷത
77. യേശുസംഭവങ്ങളോട് ചേർന്നുനിന്ന് ഏത് ലക്ഷ്യമാക്കി ഈ ലോകത്തിലെ തീർത്ഥാടനം പൂർത്തിയാക്കുവാൻ വിശ്വാസികൾക്ക് സാധിക്കും? സ്വർഗത്തെ

## 8.9. മാമോദീസാ

1. ആദിമാതാപിതാക്കൾ എങ്ങനെ ദൈവികജീവൻ നഷ്ടമാക്കി? പാപം ചെയ്ത്

www.malankaralibrary.com

2. ദൈവികജീവൻ നഷ്ടപ്പെട്ട മനുഷ്യവംശത്തെ രക്ഷിക്കുവാനായി ദൈവം (യോഹന്നാൻ 3:16) ആരെ ലോകത്തിലേക്കയച്ചു? തന്റെ ഏകജാതനെ
3. ദൈവപുത്രനായ യേശുവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം, പെന്തിക്കൊസ്തി എന്നീ സംഭവങ്ങളിലൂടെ മനുഷ്യവംശത്തിന് നഷ്ടപ്പെട്ട ഏതാണ് തിരികെ ലഭിച്ചത്? ദൈവികജീവൻ
4. യേശുവിന്റെ ജീവിതകാലത്ത് അവനിൽ വിശ്വസിച്ച എല്ലാവർക്കും യേശു ഏത് ജീവൻ നല്കി? ദൈവികജീവൻ
5. യേശുവിൻ്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം ദൈവികജീവൻ തുടർന്നു നല്കുവാനായി അവിടുന്ന് ആരെ അയയ്ക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു? പരിശുദ്ധാത്മാവിനെ
6. യേശുവിൻ്റെ രക്ഷാകര പ്രവർത്തനങ്ങൾ ആര് വഴി ഇന്നും സഭയിലൂടെ തുടരുന്നു? പരിശുദ്ധാത്മാവ്
7. ക്രിസ്തുവിന്റെ കല്പനയനുസരിച്ച് ദൈവികജീവൻ അഥവാ കൃപാവരം തിരുസഭയിൽ പകർന്നു നല്കുന്നത് ഏതിലൂടെയാണ്? കൂദാശകളിലൂടെ
8. കൂദാശ എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്താണ്? വിശുദ്ധീകരിക്കുക
9. യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ നാം ഇന്ന് സഭയിലെ ഏത് വഴി ഭാഗഭാക്കുകളാകുന്നു? കൂദാശകളിൽ
10. യേശു സഭയിൽ ഏതിലൂടെ മനുഷ്യ ജീവിതത്തിലിടപെടുകയും ദൈവികജീവൻ മനുഷ്യരിലേക്ക് ചൊരിയുകയും ചെയ്യുന്നു? കൂദാശകളിലൂടെ
11. ദൈവം മനുഷ്യനോട് ഇടപെട്ട് അവനെ വിശുദ്ധീകരിച്ച് ദൈവികജീവൻ പ്രദാനം ചെയ്യുന്ന വിശുദ്ധ കർമ്മങ്ങൾ ഏതാണ്? കൂദാശകൾ.

www.malankaralibrary.com

12. സഭയിൽ അനുഷ്ഠിക്കപ്പെടുന്ന ഏഴ് കൂദാശകൾ ഏവ? മാമോദീസാ, മൂറോനഭിഷേകം, കുർബാന, കുമ്പസാരം, രോഗികളുടെ തൈലാഭിഷേകം, പട്ടം, വിവാഹം.
13. യേശുവിന്റെ അടുക്കൽ ഒരു രാത്രിയിൽ വന്ന യഹൂദപ്രമാണി ആരാണ്? നിക്കോദേമോസ്
14. "സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല. മാംസത്തിൽനിന്നു ജനിക്കുന്നത് മാംസമാണ്; ആത്മാവിൽനിന്ന് ജനിക്കുന്നത് ആത്മാവും" (യോഹന്നാൻ 3:5-6). യേശു ആരോട് പറഞ്ഞു? നിക്കോദേമോസിനോട്
15. നിക്കോദേമോസിന് വീണ്ടും ജനിക്കുക എന്നതുകൊണ്ട് യേശു ഉദ്ദേശിച്ചത് എന്താണ്? മാമോദീസാ അഥവാ മാമോദീസായിലൂടെയുള്ള രണ്ടാം ജനനം
16. ഏത് വഴിയാണ് നാം ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുകയും സകല പാപമാലിന്യങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ട് ദൈവികജീവനിൽ പങ്കാളികളാകുകയും ചെയ്യുന്നു? മാമോദീസായിലൂടെ
17. യേശു പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പായി ഏത് നദിയിൽ വച്ച് യോഹന്നാനിൽനിന്നും മാമോദീസാ സ്വീകരിച്ചു? ജോർദാൻ നദിയിൽ
18. ദൈവികജീവൻ പ്രാപിക്കുവാൻ എല്ലാവരും മാമോദീസാ സ്വീകരിക്കണമെന്ന് പഠിപ്പിച്ചത് ആരാണ്? യേശു
19. "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ" (മത്തായി 28:19-20). ആര് ആരോട് പറഞ്ഞു? യേശു ശിഷ്യരോടു പറഞ്ഞു

www.malankaralibrary.com

20. യേശുവിന്റെ കല്പനയനുസരിച്ച് ആര് സുവിശേഷം പ്രഘോഷിക്കുകയും വിശ്വസിച്ചവർക്ക് സ്നാനം നല്കുകയും ചെയ്തു (അപ്പസ്തോല പ്രവർത്തനങ്ങൾ 2:38-41, 8:12-13)? അപ്പസ്തോലന്മാർ
21. ആരാൽ സ്ഥാപിക്കപ്പെട്ടതും അപ്പസ്തോലന്മാരിലൂടെ സഭയിൽ ആരംഭിച്ചതുമായ കൂദാശയാണ് മാമോദീസാ? ക്രിസ്തുവിനാൽ
22. മാമോദീസാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്താണ്? ജ്ഞാനസ്നാനം
23. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനകൂദാശ ഏതാണ്? മാമോദീസാ
24. ആത്മാവിലുള്ള ജീവിതത്തിന്റെ ആരംഭമായും മറ്റു കൂദാശകളിലേക്കുള്ള വാതിലായും സഭ ഏത് കൂദാശയെ മനസ്സിലാക്കുന്നു? മാമോദീസായെ
25. പ്രവേശക കൂദാശകൾ ഏതൊക്കയാണ്? മാമോദീസാ, മൂറോനഭിഷേകം, വിശുദ്ധ കുർബാന
26. പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ട് നാം ദൈവമക്കളായി തീരുന്ന പ്രവേശക കൂദാശകൾ ഏതൊക്കയാണ്? മാമോദീസാ, മൂറോനഭിഷേകം, വിശുദ്ധ കുർബാന
27. ഒരു വ്യക്തി ക്രിസ്തീയ ജീവിതത്തിൽ പ്രവേശിക്കുന്നതും സഭയുടെ അംഗമാകുന്നതും യേശുവിന്റെ രക്ഷാകര രഹസ്യത്തിൽ പൂർണമായി പങ്കുചേരുന്നതുമായ പ്രവേശക കൂദാശകൾ ഏതൊക്കയാണ്? മാമോദീസാ, മൂറോനഭിഷേകം, വിശുദ്ധ കുർബാന
28. മലങ്കര കത്തോലിക്കാസഭയുടെ പാരമ്പര്യത്തിൽ മാമോദീസായുടെ കൂടെ നല്കപ്പെടുന്ന കൂദാശകൾ ഏതൊക്കയാണ്? മൂറോനഭിഷേകം വിശുദ്ധ കുർബാന
29. ആദിമസഭയിൽ അപ്പസ്തോലന്മാരുടെ സുവിശേഷപ്രസംഗങ്ങളിലൂടെ ധാരാളം വിജാതീയർ സഭയിൽ അംഗങ്ങളാകുവാൻ വന്നവർക്ക് എത്ര വർഷത്തിലധികമുള്ള ഒരുക്കം നല്കിയിരുന്നു? രണ്ടു

www.malankaralibrary.com

30. ആദിമസഭയിൽ അപ്പസ്തോലന്മാരുടെ സുവിശേഷപ്രസംഗങ്ങളിലൂടെ ധാരാളം വിജാതീയർ സഭയിൽ അംഗങ്ങളാകുവാൻ വന്നവർക്ക് എന്താണ് പേര്? വിശ്വാസം പഠിക്കുന്ന സ്നാനാർത്ഥികൾ (Catechumens)
31. വിശ്വാസികളുടെ മക്കൾക്ക് ശൈശവത്തിൽ തന്നെ മാമോദീസാ നല്കുന്ന പതിവ് ഏത് കാലം മുതൽതന്നെ സഭയിൽ നിലനിന്നിരുന്നു? അപ്പസ്തോലകാലം
32. മലങ്കരസഭയിലെ മാമോദീസായ്ക്ക് രണ്ട് ഭാഗങ്ങൾ ഏതൊക്കയാണ്? (1) മാമോദീസായ്ക്കുള്ള ഒരുക്കം (2) ജലസ്നാനം (മാമോദീസാ).
33. മാമോദീസായ്ക്കുള്ള ഒരുക്കത്തിൽ പ്രാരംഭ പ്രാർത്ഥന, ഗീതങ്ങൾ, പ്രൂമിയോൻ, സെദറാ, എത്രോ, സുവിശേഷ വായന എന്നിവയ്ക്കുശേഷം കാർമ്മികൻ സ്നാനാർത്ഥിയുടെ നേരെ തിരിഞ്ഞ് അർത്ഥിയുടെ മുഖത്ത് എത്ര പ്രാവശ്യം ഊതുന്നു? മൂന്ന്
34. കാർമ്മികൻ സ്നാനാർത്ഥിയുടെ നേരെ തിരിഞ്ഞ് അർത്ഥിയുടെ മുഖത്ത് ഊതുമ്ബോൾ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? “ദൈവമായ കർത്താവേ, നിന്റെ ഏകജാതൻ വിശുദ്ധ ശ്ലീഹന്മാരിൽ ഊതിയ ദൈവിക ശ്വാസം ഇവന്/ഇവൾക്ക് നല്കണമേ. നിൻ്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിന് ഇവനെ/ഇവളെ ഒരുക്കു ന്നതോടൊപ്പം വിഗ്രഹാരാധനയുടെ സകല അവശേഷിപ്പും ഇവനിൽ/ഇവളിൽ നിന്ന് അകറ്റണമേ”.
35. മാമോദീസാ എന്ന കൂദാശ വഴി ഒരു വ്യക്തി ആരെ സ്വീകരിക്കുന്നു? പരിശുദ്ധാത്മാവിനെ
36. ആദാമിന് ജീവശ്വാസം ഏത് ഭാഗത്ത് ഊതിക്കൊണ്ടാണ് നല്കിയത് (ഉല്പത്തി 2:7)? മൂക്കിൽ
37. ആദിമാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവർക്ക് ദൈവികജീവൻ എന്നറിയപ്പെടുന്ന ഏതാണ് നഷ്ടമായത്? പരിശുദ്ധാത്മാവ്

www.malankaralibrary.com

38. "എന്റെ ആത്മാവ് മനുഷ്യനിൽ എന്നേയ്ക്കും നിലനില്ക്കുകയില്ല. അവൻ ജഡമാണ്' (ഉല്പത്തി 6:3) എന്നു പറഞ്ഞ് ദൈവം ആരെക്കുറിച്ച് ദുഃഖിച്ചു? മനുഷ്യനെ
39. മനുഷ്യൻ്റെ തകർന്ന സ്ഥിതി കണ്ട് നഷ്ടപ്പെട്ട ആത്മാവിനെ തിരികെ നല്കുവാനായി ദൈവം ആരെ ലോകത്തിലേക്കയച്ചു? തന്റെ പുത്രനായ യേശുമിശിഹായെ
40. മനുഷ്യന് നഷ്ടപ്പെട്ട ആത്മാവിനെ യേശു തന്റെ രക്ഷാകര പ്രവർത്തനങ്ങൾ വഴി ഏപ്പോൾ തിരിച്ചു നല്കി? പെന്തിക്കോസ്തിയിൽ
41. "മനുഷ്യനിൽ എന്റെ ആത്മാവ് ഇനിമേൽ വസിക്കുകയില്ല എന്ന വിധിയെ പെന്തിക്കോസ്തിയിൽ ദൈവം ആത്മാവിനെ നല്കിക്കൊണ്ട് തിരുത്തി എഴുതി' എന്നത് ഏതു പ്രാർത്ഥനയിൽ കാണപ്പെടുന്നു? പെന്തിക്കോസ്തി മൂന്നാം ശുശ്രൂഷ
42. പെന്തിക്കോസ്തിയിൽ യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ ഓരോ വ്യക്തിയും സ്വീകരിക്കുന്നത് ഏത് കൂദാശയിലൂടെയാണ്? മാമോദീസാ
43. പറുദീസായിൽവച്ച് ദൈവം ആദ്യമനുഷ്യനിൽ ദൈവികശ്വാസം ഊതിയതുപോലെയും മാളികയിൽവച്ച് ശിഷ്യന്മാരുടെ മേൽ യേശു ദൈവികശ്വാസം ഊതിയതുപോലെയും (യോഹന്നാൻ 20:22-23) മാമോദീസാ സമയത്ത് യേശുവിൻറെ പ്രതിനിധിയായ ആര് ദൈവികശ്വാസം അർത്ഥിയുടെ മേൽ ഊതുന്നു? വൈദികൻ
44. പുരോഹിതൻ തൈലം കൂടാതെ അർത്ഥിയുടെ നെറ്റിയിൽ മൂന്നുപ്രാവശ്യം കുരിശടയാളം വരച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അർത്ഥിക്ക് പേര് നല്കുന്ന കർമ്മത്തിന് എന്താണ് പേര്? നാമകരണം

www.malankaralibrary.com

45. പുരോഹിതൻ ത്രിത്വനാമത്തിൽ കുരിശടയാളത്തിൽ മുദ്രകുത്തി പേര് നല്കിക്കൊണ്ട് ശിശുവിനെ ആർക്ക് വേണ്ടി വേർതിരിക്കുന്നു? ദൈവത്തിനായി
46. സാത്താനെ ബഹിഷ്കരിക്കുവാനുള്ള പ്രാർത്ഥനയെ തലതൊടുന്നയാൾ എങ്ങനെ നിനന് കൊണ്ട് ഏറ്റുചൊല്ലുന്നു? അർത്ഥിയെ പടിഞ്ഞാറോട്ട് തിരിച്ചുനിർത്തി മൂന്നുപ്രാവശ്യം സാത്താനെ ഉപേക്ഷിച്ചു പറയുന്നു. തലതൊടുന്നയാൾ ഇടതുകൈകൊണ്ട് അർത്ഥിയുടെ ഇടതുകൈയിൽ പിടിച്ച്
47. പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്ന് സാത്താനെ ഉപേക്ഷിക്കുന്നത് പ്രതീകാത്മകമം എന്തുകൊണ്ട്? പടിഞ്ഞാറ് അസ്തമയ സൂര്യൻ്റെ ദിക്കാണ്. സൂര്യാസ്തമയ സമയത്ത് ഇരുട്ട് പിശാചിൻ്റെ പ്രതീകമായും അന്ധകാര ശക്തികളുടെ പ്രവർത്തന മണ്ഡലമായും പരിഗണിക്കപ്പെടുന്നു.
48. സാത്താനെ ഉപേക്ഷിച്ചതിനുശേഷം അർത്ഥിയെ കിഴക്കിന് അഭിമുഖമാക്കി നിർത്തി തലതൊടുന്നയാൾ ക്രിസ്തുവിനെ മൂന്നു പ്രാവശ്യം ഏറ്റു പറയുന്ന സമയം തലതൊടുന്നയാൾ വലതുകൈകൊണ്ട് അർത്ഥിയുടെ ഏതു കൈയിൽ പിടിച്ചാണ് ക്രിസ്തുവിനെ ഏറ്റുപറയുന്നത്? വലതുകൈയിൽ
49. കാർമ്മികൻ സൈത്ത് അഥവാ ഒലിവ് എണ്ണകൊണ്ട് സ്നാനാർത്ഥിയുടെ നെറ്റിയിൽ മൂന്നു പ്രാവശ്യം കുരിശടയാളത്തിൽ മുദ്രയിടുന്ന അഭിഷേകം മുഖേന അർത്ഥിക്കു എന്താണ് ലഭിക്കുക? വിശുദ്ധീകരണവും വീണ്ടും ജനനവും
50. സൈത്ത് അഭിഷേകം വഴി അർത്ഥി എന്താകുന്നു? ദൈവത്തിന്റെ പുത്രനും/ പുത്രിയുമായി തീരുന്നു.
51. സത്യ ഒലിവായ ക്രിസ്തുവിൽ നമ്മെ ഒട്ടിക്കുന്നതിനുവേണ്ടിയാണ് ഏത് എണ്ണകൊണ്ട് മാമോദീസാ സമയത്ത് അഭിഷേകം ചെയ്യുന്നത്? ഒലിവ്

www.malankaralibrary.com

52. കാർമ്മികൻ മാമോദീസാത്തൊട്ടിയിൽ ഒഴിക്കുന്ന ചൂടുവെള്ളം എന്താണ് സൂചിപ്പിക്കുന്നത്? മാമോദീസാ ജലത്തിലെ എരിയുന്ന ദൈവിക ശക്തിയുടെ പ്രവാഹം
53. മാമോദീസാത്തൊട്ടിയിൽ ഏതടയാളമുള്ള ശോശപ്പാകൊണ്ട് മൂടുകയും അതിനുശേഷം അത് ഉയർത്തി ആഘോഷിക്കുകയും ചെയ്യുന്നു? കുരിശടയാളമുള്ള
54. മാമോദീസാ ജലത്തിൽ നിന്നും പുതിയ ജീവൻ നേടുന്നതിനാൽ അതിൻറെ പേരെന്താണ്? ആധ്യാത്മിക ഉദരം
55. മാമോദീസായിൽ ലഭിക്കുന്ന പുതിയ വസ്ത്രം എന്തിനെ സൂചിപ്പിക്കുന്നു? ദൈവികജീവനെ
56. വിശുദ്ധ ഗ്രന്ഥത്തിൽ വെള്ളം ഏതിൻറെ ചിഹ്നമാണ്? മരണത്തിന്റെയും വീണ്ടെടുപ്പിന്റെയും
57. പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്ന് വലതുകൈ അർത്ഥിയുടെ തലയിൽ വച്ച് ഇടതുകൈകൊണ്ട് മാമോദീസാ ജലം കോരി അർത്ഥിയുടെ തലയിൽ ഒഴിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? "ജീവന്റെയും പാപമോചനത്തിന്റെയും പ്രത്യാശയിൽ പിതാവിന്റെയും + പുത്രന്റെയും + ജീവനുള്ള പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ (പേര്) നിത്യ ജീവനായി മാമോദീസാ മുക്കപ്പെടുന്നു"
58. ക്രിസ്തുവിനോടുകൂടി മരിക്കുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നതാണ് മാമോദീസാ എന്ന് പറഞ്ഞത് ആരാണ്? വിശുദ്ധ പൗലോസ്
59. ഏത് വെള്ളത്തിൽ മുക്കുന്നത് യേശുവിൻ്റെ മരണത്തിൻ്റെ പ്രതീകവും വെള്ളത്തിൽനിന്നും ഉയർത്തുന്നത് യേശുവിൻ്റെ ഉയിർപ്പിൻ്റെ പ്രതീകവുമായി കരുതപ്പെടുന്നു? മാമോദീസാ

## 8.10 മൂറോനഭിഷേകം

www.malankaralibrary.com

1. മൂറോനഭിഷേകം എന്നതിൻറെ വേറെ പേര് എന്താണ്? സ്ഥൈര്യലേപനം.

2. മാമോദീസാവഴി ദൈവത്തിൻ്റെ മക്കളായിത്തീർന്ന ഓരോ വ്യക്തിക്കും പരിശുദ്ധാത്മാവിനെ പ്രത്യേകം നല്കി സ്ഥിരീകരിക്കുകയും പൂർണരാക്കുകയും ചെയ്യുന്ന കൂദാശ ഏതാണ്? മൂറോനഭിഷേകം

3. പരിശുദ്ധാത്മാവിൻ്റെ പ്രത്യേക ആവാസത്താൽ ഏത് കുദാശ ഒരുവനെ ഉത്തമ ക്രിസ്ത്യാനിയും വിശ്വാസത്തിൽ സ്ഥിരതയുള്ളവനും ക്രിസ്തുവിൻ്റെ പടയാളിയുമാക്കിതീർക്കുന്നു? മൂറോനഭിഷേകം

4. മൂറോൻ എന്ന ഗ്രീക്ക് വാക്കിന് അർത്ഥം എന്താണ്2 'സുഗന്ധതൈലം'

5. മൂറോൻ തൈലം എന്തൊക്കെ ചേർത്താണ് കൂദാശ ചെയ്യപ്പെടുന്നത്? ഒലിവ് എണ്ണയും വിവിധതരം സുഗന്ധദ്രവ്യങ്ങളും ചേർത്ത്

6. മൂറോൻ തൈലം കൊണ്ട് ആരുടെ നാമത്തിൽ മുദ്രകുത്തി വ്യക്തിയെ മുഴുവനായും അഭിഷേകം ചെയ്യുന്നതിനാലാണ് മൂറോനഭിഷേകം എന്ന് ഈ കൂദാശ അറിയപ്പെടുന്നത്? പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിൻ്റെയും നാമത്തിൽ

7. പഴയനിയമത്തിൽ രാജാക്കന്മാരെയും പ്രവാചകന്മാരെയും പുരോഹിതന്മാരെയും വാഴിക്കുമ്പോൾ എന്ത് കൊണ്ട് അഭിഷേകം നല്കിയിരുന്നു? തൈലം

8. പഴയനിയമത്തിൽ അഭിഷേകം ചെയ്യപ്പെടുന്ന വ്യക്തികളും വസ്തുക്കളും ആരുടേതായി വേർതിരിക്കപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ടിരുന്നു? ദൈവത്തിൻ്റേതായി

9. പഴയനിയമത്തിൽ അഭിഷേകത്തിലൂടെ രാജാക്കന്മാർക്കും പ്രവാചകന്മാർക്കും പുരോഹിതന്മാർക്കും പ്രത്യേകമായി എന്ത് ലഭിച്ചിരുന്നു

www.malankaralibrary.com

എന്നാണ് ഇസ്രായേല്യർ വിശ്വസിച്ചിരുന്നത്? ദൈവത്തിന്റെ ആത്മാവിനെ

10. ദാവീദിനെ അവന്റെ സഹോദരന്മാരുടെ മുമ്പിൽ വച്ച് ആരാണ് കുഴലിലെ തൈലംകൊണ്ട് അഭിഷേകം ചെയ്തതു? സാമുവൽ

11. കർത്താവിന്റെ ആത്മാവ് ദാവീദിന്റെ മേൽ ശക്തിയായി ആവസിച്ചു എന്ന് പറയപ്പെടുന്ന വേദവചന ഭാഗം ഏതാണ്?1 സാമുവൽ 16:13

12. "ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന് പറയപ്പെടുന്ന വേദവചന ഭാഗം ഏതാണ്? ഏശയ്യാ 61:1

13. അഹറോനെയും പുത്രന്മാരെയും പുരോഹിതരായി നിയമിക്കുവാൻ അവർക്ക് അഭിഷേകം നല്കുവാനായി ദൈവം ആരെ ഭരമേല്പിച്ചു? മോശയെ

14. അഭിഷേകം ലഭിച്ചവർക്ക് പ്രത്യേക വിശുദ്ധി ലഭിക്കുമെന്നും ദൈവാത്മാവിനെ ലഭിക്കുമെന്നും പഠിപ്പിച്ചിരുന്നത് ബൈബിളിൽ എവിടെയാണ് വിവരിക്കുന്നത്

15. ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നുള്ള വാഗ്ദാനം ഏത് നാളിൽ ക്രിസ്തു നിറവേറ്റുകയും ശിഷ്യരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു? പെന്തിക്കോസ്തി

16. സഭയിൽ അംഗങ്ങളായിതീരുന്ന എല്ലാവർക്കും ക്രിസ്തു ആരെ വാഗ്ദാനം ചെയ്തു? പരിശുദ്ധാത്മാവിനെ

17. ശ്ലീഹന്മാർ സഭയിൽ അംഗങ്ങളായിതീരുന്ന എല്ലാവർക്കും മാമോദീസായ്ക്കുശേഷം തലയിൽ കൈവച്ച് പ്രാർത്ഥന നടത്തിയിരുന്നു. എന്തിന് വേണ്ടിയാണ്? പരിശുദ്ധാത്മ അഭിഷേകത്തിന്

www.malankaralibrary.com

18. മാമോദീസാ സ്വീകരിക്കുന്നതുകൂടാതെ പ്രത്യേകമായി ആരെ സ്വീകരിക്കുന്ന പാരമ്പര്യം ആദിമസഭയിൽ ഉണ്ടായിരുന്നു? പരിശുദ്ധാത്മാവിനെ

19. ശ്ലീഹന്മാർ മാമോദീസാ നല്കിയശേഷം പ്രത്യേക കർമ്മം വഴി പരിശുദ്ധാത്മാവിനെ വിശ്വാസികൾക്ക് നല്കിയിരുന്നതായി വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. എവിടെ? അപ്പസ്തോല പ്രവർത്തനങ്ങൾ 8:14-17

20. യഥാർത്ഥ അഭിഷിക്തൻ ആരാണ്? യേശുക്രിസ്തു

21. യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാണെന്ന് എവിടെ വച്ച് വെളിപ്പെട്ടു? ജോർദാനിൽ

22. മാമോദീസായിലൂടെ ക്രിസ്തുവിനോട് ചേർക്കപ്പെടുന്ന വിശ്വാസിക്ക് ക്രിസ്തുവിന്റെ അതേ അഭിഷേകമാകുന്ന ആരെ ലഭിക്കുന്നു? പരിശുദ്ധാത്മാവിനെ

23. മിശിഹാ എന്ന വാക്കിൻ്റെ അർത്ഥം എന്താണ്? അഭിഷിക്തൻ

24. യേശു എന്തുകൊണ്ട് രാജാവും പ്രവാചകനും പുരോഹിതനുമാകുന്നു? അഭിഷിക്തനായതിനാൽ

25. യേശു രാജാവും പ്രവാചകനും രോഹിതനുമായതുകൊണ്ട് ജനന സമയത്ത് കാഴ്ചയായി ലഭിച്ചത് എന്തൊക്കയാണ്? പൊന്നും മീറയും കുന്തിരിക്കവും

26. പരിശുദ്ധാത്മാവിൻ്റെ അഭിഷേകം തനിക്കുണ്ടെന്ന് യേശു എവിടുത്തെ സിനഗോഗിൽ വച്ച് പറഞ്ഞു?നസറത്തിലെ

27. ക്രിസ്തുവിൻ്റെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കാളികളാകുന്നത് ഏത് വെള്ളത്തിലൂടെയാണ്? മാമോദീസായിലെ

www.malankaralibrary.com

28. അപ്പത്തിലും വീഞ്ഞിലുംകൂടി ആരുടെ തിരുശരീര രക്തങ്ങളിൽ നാം പങ്കാളികളാകുന്നു? യേശുവിൻ്റെ

29. മൂറോനഭിഷേകത്താൽ ആരുടെ അഭിഷേകത്തിൽ നാം പങ്കുചേരുന്നു? ക്രിസ്തുവിൻ്റെ

30. മൂറോനഭിഷേകത്താൽ ആര് രാജാവും പുരോഹിതനും പ്രവാചകനും എന്നുള്ള പദവിക്ക് അർഹരായിതീരുന്നത്? വിശ്വാസികൾ

31. മാമോദീസാ കഴിഞ്ഞാലുടൻ മൂറോനഭിഷേക ശുശ്രൂ ഷാ ആരംഭിക്കുന്നത് എവിടെവച്ച്? നമസ്കാരമേശയുടെ മുമ്പിൽ

32. മാമോദീസായിലൂടെ ക്രിസ്തീയവിശ്വാസം സ്വീകരിച്ച് വിശ്വാസികളുടെ കൂട്ടത്തിൽ അംഗമാകുന്ന അർത്ഥിക്ക് മുദ്രയും അടയാളവും ലഭിക്കുന്നത് ഏത് അഭിഷേകത്തിലൂടെയാണ്2 മൂറോനഭിഷേകത്തിലൂടെ

33. ഒരിക്കലും മാഞ്ഞുപോകാത്ത മുദ്ര ആത്മാവിൽ പതിപ്പിക്കുന്ന, ഒരിക്കൽ മാത്രമേ സ്വീകരിക്കാവുന്ന കൂദാശകൾ ഏതൊക്കയാണ്? മാമോദീസാ, മൂറോൻ, തിരുപ്പട്ടം

34. മൂറോനഭിഷേകം ആരുടെ മുദ്രയാണ്? പരിശുദ്ധാത്മാവിൻ്റെ

35. സ്രഷ്ടാവിന് സൃഷ്ടിയുടെ മേലുള്ള അധികാരത്തെയും അവകാശത്തെയുമാണ് സൂചിപ്പിക്കുന്നത് എന്താണ്? ദൈവിക മുദ്ര

36. ദൈവം ഒരു വ്യക്തിയിൽ മുദ്രയിട്ടുകൊണ്ട് ദൈവത്തിന് സ്വന്തമാക്കുകയും ക്രിസ്തുവിൻ്റെ പടയാളിയും ക്രിസ്തുവിൻ്റെ സ്വന്തവുമായിതീർക്കുന്നു. ഏത് കൂദാശയിലൂടെയാണ്? മൂറോനഭിഷേകം

37. ഒരു വ്യക്തി മാമോദീസായിൽ ഒരു വിത്തിനു സമമായി ലഭിച്ച പരിശുദ്ധാത്മദാനം ഏതിലൂടെ വളർന്ന് ശക്തിപ്പെട്ട് പരിശുദ്ധാത്മ ദാനങ്ങൾകൊണ്ട് നിറച്ച്

www.malankaralibrary.com

പരിപൂർണതയിലേക്ക് നയിക്കുന്നു? മൂറോനഭിഷേകത്തിലൂടെ

38. മൂറോനഭിഷേകം മൂലം ഒരു വ്യക്തിക്കു ലഭിക്കുന്ന പരിശുദ്ധാത്മാവിൻറെ ദാനങ്ങൾ എന്തൊക്കയാണ്? ജ്ഞാനം, ബുദ്ധി, അറിവ്, ആലോചന, ആത്മശക്തി, ഭക്തി, ദൈവഭയം

39. ഒരു വ്യക്തിയെ ഉത്തമ ക്രിസ്ത്യാനിയും ക്രിസ്തുവിൻ്റെ പടയാളിയുമാക്കിതീർക്കുന്ന കൂദാശ ഏതാണ്? മൂറോനഭിഷേകം

40. മൂറോനഭിഷേകത്തിൽ അഭിഷേക പ്രാർത്ഥനയ്ക്കുശേഷം അർത്ഥിയുടെ അവയവങ്ങളിൽ എവിടെ മൂറോൻ പൂശുന്നു2? തലമുതൽ പാദം വരെ

41. മൂറോനഭിഷേകത്തിൽ അഹറോനെ നിർമലനാക്കുവാൻ തൈലം പൂശിയപോലെ സ്നാനം പ്രാപിച്ച ഈ കുഞ്ഞാടിനെ തൈലംകൊണ്ട് പൂശി ആരുടെ ആശീർവാദം നല്കി അനുഗ്രഹിക്കുന്നു? പരിശുദ്ധ റൂഹായുടെ

42. മൂറോനഭിഷേകത്തെ തുടർന്ന് അർത്ഥിയെ അണിയിക്കുന്നത് എന്താണ്? കിരീടം

43. മലങ്കര സഭയിൽ മൂറോനഭിഷേകത്തിൽ കിരീടത്തിനു പകരം ശിശുവിന്റെ ശിരസിൽ വയ്ക്കുന്നത് എന്ത്?തിരുവസ്ത്രത്തിന്റെ കൈയുറയോ ഹൈമിനിയായോ

44. പഴയനിയമത്തിൽ കിരീടത്തെ എങ്ങനെ മനസ്സിലാക്കുന്നു? രാജത്വത്തിൻ്റെ അടയാളമായിട്ടും വിജയത്തിന്റെ നാന്ദിയായിട്ടും

45. പുതിയനിയമത്തിൽ കിരീടത്തെ ഏതിന്റെ പ്രതീകമായിട്ടാണ് മനസ്സിലാക്കുന്നത്? സ്വർഗീയമഹത്ത്വം, സ്വർഗീയ പ്രഭ, അനശ്വര ജീവൻ.

46. മൂറോനഭിഷേകത്തിൽ കിരീടധാരണത്തോടനുബന്ധിച്ച് ശിശുക്കളെ

www.malankaralibrary.com

മദ്ബഹായിൽ പ്രവേശിപ്പിച്ച് എവിടെ പ്രദക്ഷിണം വയ്ക്കുന്നു? ത്രോണോസിന്

47. മാമോദീസാ, മൂറോനഭിഷേകം എന്നീ കൂദാശകൾ സ്വീകരിച്ചശേഷം വിശുദ്ധ കുർബാന സ്വീകരിക്കുന്ന പാരമ്പര്യം എവിടെ? പൗരസ്ത്യ പാരമ്പര്യം മലങ്കര സഭയിൽ

48. മൂറോനഭിഷേകത്തിൽ ക്രിസ്തുവുമായുള്ള ബന്ധം ദൃഢമാക്കുന്നതിന് ക്രിസ്തുവിനോടുകൂടിയുള്ള പ്രയാണത്തെ സൂചിപ്പിക്കുവാൻ അർത്ഥിയുടെ നാവിൽ കൊടുക്കുന്നത് എന്ത് കാസായിൽനിന്നും ഒരു തുള്ളി തിരുരക്തം

49. മൂറോനഭിഷേകത്തിൽ കാസായിൽനിന്നും ഒരു തുള്ളി തിരുരക്തം കൊടുക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? ആദാമിന് പറുദീസായിൽ രുചിനോക്കാൻ സാധിക്കാത്ത ആ ഫലം ഇന്ന് നിന്റെ നാവിൽ വയ്ക്കുന്നു'

## 8. 11 വിശുദ്ധ കുർബാന

1. കൂദാശകളിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതും കൂദാശകളുടെ മകുടവുമായ കൂദാശ ഏതാണ് ? വിശുദ്ധ കുർബാന
2. പന്ത്രണ്ട് ശ്ലീഹന്മാരോടൊന്നിച്ച് പെസഹാ വിരുന്നിൽവച്ച് ആര് വിശുദ്ധ കുർബാന സ്ഥാപിച്ചു ? യേശു
3. പെസഹാ ആചരണ സമയത്ത് യേശു അപ്പമെടുത്ത് ആശീർവദിച്ച്, മുറിച്ച്, ശിഷ്യന്മാർക്ക് കൊടുത്തു കൊണ്ട് അരുളിച്ചെയ്തത് എന്താണ് ? "വാങ്ങി ഭക്ഷിക്കുവിൻ; ഇത് എൻ്റെ ശരീരമാണ്".
4. പെസഹാ ആചരണ സമയത്ത് യേശു പാനപാത്രം ശിഷ്യന്മാർക്ക് കൊടുത്തു കൊണ്ട് അരുളിച്ചെയ്തത് എന്താണ് ? "നിങ്ങൾ എല്ലാവരും ഇതിൽനിന്നും പാനം ചെയ്യുവിൻ; ഇത് പാപമോചന ത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും

www.malankaralibrary.com

ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്" (മത്തായി 26:26-28).

5. ഏത് പെസഹായുടെ പശ്ചാത്തലത്തിൽ യേശു പുതിയ പെസഹാ ആഘോഷിച്ചത് ? യഹൂദ പെസഹായുടെ
6. യഹൂദ പെസഹായുടെ രണ്ട് അടിസ്ഥാന ഘടകങ്ങൾ എന്താണ് ? പെസഹാ കുഞ്ഞാടിൻ്റെ ബലിയും പെസഹാ ഭക്ഷണവും
7. പുതിയ പെസഹായിൽ അപ്പം തന്റെ ശരീരമായും വീഞ്ഞ് തൻ്റെ രക്തമായും മാറ്റി ശിഷ്യർക്ക് ഭക്ഷണവും പാനീയവുമായി നല്കിയത് ആരാണ് ? യേശു.
8. കാൽവരിയിൽ ബലി അർപ്പിക്കുവാൻ പോകുന്ന തൻ്റെ ശരീരത്തെ, അപ്പം മുറിച്ചു നല്കുന്നതിലൂടെയും ചിന്തപ്പെടുവാനിരിക്കുന്ന രക്തത്തെ വീഞ്ഞിൻ്റെ സാദൃശ്യത്തിലൂടെയും സൂചിപ്പിച്ചത് ആര് ? യേശു
9. പുതിയ പെസഹായിൽ യേശു തൻ്റെ ശരീരവും രക്തവുംകൊണ്ട് വിരുന്നൊരുക്കിയതിലൂടെ ബലി അർപ്പിക്കപ്പെടുന്ന യഥാർത്ഥ പെസഹാ കുഞ്ഞാട് ആര് തന്നെയാണെന്ന് മുൻകൂട്ടി സൂചിപ്പിച്ചു ? യേശു
10. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യേശുവിനെക്കുറിച്ച് പറഞ്ഞത് ആരാണ് ? യോഹന്നാൻ സ്നാപകൻ
11. രക്തം ചിന്തുന്നതുവഴി ജീവൻ തന്നെയാണ് സമർപ്പിക്കുന്നത് എന്ന് യഹൂദർ കരുതിയിരുന്നത് ആരാണ് ? യഹൂദർ
12. പാപമോചനത്തിന് അനിവാര്യ ഘടകമായിരുന്നത് എന്താണ് ? രക്തം ചിന്തൽ
13. മൃഗത്തിന്റെ രക്തത്തിൽ ജീവൻ സ്ഥിതിചെയ്യുന്നുവെന്നും യാഗപീഠത്തിൽ രക്തം ചിന്തുമ്പോൾ യാഗം അർപ്പിക്കുന്ന വ്യക്തിയുടെ ജീവൻ തന്നെ ദൈവത്തിനു സമർപ്പിക്കുന്നുവെന്നും വിശ്വസിച്ചിരുന്നവർ ആരാണ് ? യഹൂദർ

www.malankaralibrary.com

14. യേശുവിന്റെ ബലിയിലെ എന്താണ് മനുഷ്യവംശത്തിനു മുഴുവനും എന്നന്നേയ്ക്കും പാപമോചനവും രക്ഷയും പ്രദാനം ചെയ്തതു ? രക്തം ചിന്തൽ
15. വിശുദ്ധ കുർബാന സ്ഥാപിച്ചശേഷം യേശു പറഞ്ഞത് എന്താണ് ? “ഇത് എൻ്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ”
16. താൻ അനുഷ്ഠിച്ച പെസഹായുടെ അനുസ്മരണം നടത്തുവാൻ യേശു ആരെ ചുമതലപ്പെടുത്തി ? അപ്പസ്തോലന്മാരെ
17. യേശുവിൻ്റെ ആഗ്രഹപ്രകാരം ആദിമസഭയിൽ വിശുദ്ധ കുർബാന അർപ്പണം ഏത് ശുശ്രൂഷയിലൂടെ തുടർന്നു ? അപ്പംമുറിക്കൽ
18. ആദിമസഭയിൽ അപ്പംമുറിക്കൽ ശുശ്രൂഷ എവിടെ വച്ച് നടനനു ? ഭവനങ്ങളിൽ
19. സുറിയാനിസഭയിൽ അപ്പംമുറിക്കൽ ശുശ്രൂഷ ഏത് പേരിൽ അറിയപ്പെട്ടിരുന്നു? 'വിശുദ്ധ കുർബാന'
20. കുർബാന എന്ന സുറിയാനി പദത്തിന് അർത്ഥങ്ങൾ എന്തൊക്കയാണ്? "കാഴ്ചസമർപ്പണം, യാഗാർപ്പണം, വഴിപാട്'
21. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൻ്റെ സാന്നിധ്യം തങ്ങളുടെ മധ്യത്തിൽ ആദിമക്രൈസ്തവർ അനുഭവിച്ചറിഞ്ഞത് ഏത് ആഘോഷത്തിലൂടെയാണ്? വിശുദ്ധ കുർബാനയുടെ
22. എത്ര നൂറ്റാണ്ടോടുകൂടി വിവിധ സ്ഥലങ്ങളിൽ വിവിധ ആരാധന രീതികൾ വളർന്നു വന്നു? നാലാം
23. മലങ്കര കത്തോലിക്കാ സഭ ഉപയോഗിക്കുന്ന ആരാധനക്രമം ഏതാണ്? അന്ത്യോക്യൻ ആരാധനക്രമം
24. നമ്മുടെ കർത്താവിൻ്റെ സഹോദരനും അപ്പസ്തോലനും ജറുസലേമിലെ ഒന്നാമത്തെ പ്രധാനാചാര്യനുമായ ആരുടെ പേരിലാണ് അന്ത്യോക്യൻ കുർബാനക്രമം അറിയപ്പെടുന്നത്? വിശുദ്ധ യാക്കോബിന്റെ

www.malankaralibrary.com

25. പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച് യേശുവിൽ പൂർണമായ രക്ഷയുടെ ചരിത്രം സഭ ഏതിലൂടെ അനാവരണം ചെയ്യുകയും അനുസ്മരിക്കുകയും ചെയ്യുന്നു? വിശുദ്ധ കുർബാനയിലൂടെ
26. സർവശക്തനും മഹത്ത്വപൂർണനുമായ ദൈവം ഒരു മഹാരഹസ്യമാണെന്നും പരിമിതനായ മനുഷ്യന് സ്രഷ്ടാവായ ദൈവത്തെ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും കരുത്തില്ലെന്നും സൂചിപ്പിക്കുന്ന പ്രതീകങ്ങൾ ഏത് ആരാധനയിലാണ് ധാരാളമുള്ളത്? അന്ത്യോക്യൻ ആരാധനക്രമം
27. പ്രധാനാചാര്യനായ മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും അർപ്പിച്ചത് ഏതിൻറെ പ്രതീകമായിരുന്നു? വിശുദ്ധ കുർബാനയുടെ
28. മോശ മുൾപ്പടർപ്പിൽ കണ്ട ദൈവസാന്നിധ്യം ഏതിൻറെ ദൈവസാന്നിധ്യത്തെ സൂചിപ്പിക്കുന്നു? വിശുദ്ധ കുർബാനയിലെ
29. സംഹാരദൂതനിൽനിന്നും രക്ഷ നേടുവാനായി ഇസ്രായേൽക്കാർ പെസഹാ കുഞ്ഞാടിനെ ബലികഴിച്ചത് ഏതിൻറെ മുൻകുറിയായിരുന്നു? വിശുദ്ധ കുർബാനയുടെ
30. ഒന്നാം മാസം 14-ാം തീയതി നിങ്ങൾ കുഞ്ഞാടുകളെ കൊന്ന് പെസഹാ കഴിക്കണം എന്ന് ജോഷ്വാ പറഞ്ഞത് ഏതിൻറെ അർത്ഥമാക്കുന്നു? വിശുദ്ധ കുർബാനയെ.
31. സാമുവൽ ദീർഘദർശി കുടിമാറാത്ത കുഞ്ഞാടിനെ കൊന്ന് ഏതിൻറെ രഹസ്യത്തെ സൂചിപ്പിച്ചു? വിശുദ്ധ കുർബാനയുടെ
32. മഹാ വിശുദ്ധസ്ഥലത്തുവച്ച് ഏശയ്യായ്ക്ക് ദൂതൻ അഗ്നിക്കൊടിലിൽ നല്കിയ തീക്കനൽ ഏതിൻറെ പ്രതീകമായിരുന്നു? വിശുദ്ധ കുർബാനയുടെ
33. ഏദനിൽ ആദം രുചി നോക്കാത്ത ഫലം ഏതിനെ കുറിക്കുന്നു? വിശുദ്ധ കുർബാനയെ
34. മരുഭൂമിയിൽ ഇസ്രായേല്യർ ഭക്ഷിച്ച മന്നാ ഏതിനെ സൂചിപ്പിക്കുന്നു? വിശുദ്ധ കുർബാനയെ

www.malankaralibrary.com

35. എസെക്കിയേൽ തേരിൽകണ്ട മാനുഷരൂപം ആരുടെ പ്രതിരൂപമായിരുന്നു? വിശുദ്ധ കുർബാനയിലെ യേശുവിൻ്റെ
36. കാൽവരിയിലെ യേശുവിൻ്റെ ബലി അർപ്പണവും പെസഹാ വിരുന്നും ഒരേ സമയം ഏതിനെ ബലിയും വിരുന്നുമാണെന്ന് സൂചിപ്പിക്കുന്നു? വിശുദ്ധ കുർബാന
37. കുർബാനയിൽ സംബന്ധിക്കുന്നവർ വിശുദ്ധ കുർബാന സ്വീകരിക്കുവാൻ കടപ്പെട്ടിരിക്കുന്നു, എന്ന ആവശ്യം ഉന്നയിക്കുന്ന ബൈബിൾ വചനം ഏതാണ്? "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല" (യോഹന്നാൻ 6:53).
38. ആദിമസഭയിൽ രോഗം നിമിത്തം ആരാധനയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർക്ക് ആര് വിശുദ്ധ കുർബാന കൊണ്ടുപോയി കൊടുക്കുന്ന പതിവുണ്ടായിരുന്നു? ശെമ്മാശന്മാർ
39. വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിട്ട് ഒരു കാരണവും കൂടാതെ വിശുദ്ധ കുർബാനസ്വീകരണത്തിൽനിന്നും മനഃപൂർവം മാറി നില്ക്കുന്നവർ ആരിൽ നിന്നും സ്വയം അന്യരാകുകയാണ് ചെയ്യുന്നത്? ക്രിസ്തുവിൽ

## 8.12 കുമ്പസാരം

1. ശരീരത്തിന്റെയും ആത്മാവിന്റെയും നല്ല വൈദ്യനെന്ന നിലയിൽ തന്റെ പരസ്യജീവിതകാലത്ത് ധാരാളം പാപികൾക്ക് പാപമോചനം നല്കിയത് ആരാണ്? കർത്താവായ യേശുക്രിസ്തു
2. യേശുവിന്റെ ഈ പാപമോചനശുശ്രൂഷ ആര് വഴി സഭയിലൂടെ ഇന്നും തുടരുന്നു? പരിശുദ്ധാത്മാവ്
3. മനുഷ്യന് നഷ്ടപ്പെട്ട ദൈവികജീവൻ തിരിച്ചു നല്കുന്നതും ശരീരത്തിനും ആത്മാവിനും സൗഖ്യം

www.malankaralibrary.com

നല്കുന്നതുമായ രണ്ടു കൂദാശകൾ ഏതൊക്കയാണ്? കുമ്പസാരവും രോഗികളുടെ തൈലാഭിഷേകവും

4. മനുഷ്യന് ദൈവം നല്കിയ സ്വാതന്ത്ര്യം ദുരുപയോഗിച്ച് തിന്മയുടെ വഴി തിരഞ്ഞെടുക്കുന്നതിന് പേരെന്താണ്? പാപം
5. ബലഹീനമായ മനുഷ്യപ്രകൃതിയുടെ ഭാഗം ഏതാണ്? പാപം
6. മനുഷ്യർ എല്ലാവരും പാപികൾ പാപി തൻ്റെ തെറ്റിനെക്കുറിച്ച് അനുതപിക്കുമ്പോൾ മോചനം നല്കുന്നത് ആരാണ്? ദൈവം
7. പഴയനിയമത്തിൽ യഹൂദജനം പാപപരിഹാരത്തിനായി എന്താണ് അർപ്പിച്ചിരുന്നതു? ബലികൾ
8. പുതിയനിയമത്തിൽ പാപമോചനത്തിനായി പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതാപത്തിന്റെ സ്നാനം ഏല്ക്കണമെന്ന് ആദ്യം ജനങ്ങളെ ആഹ്വാനം ചെയ്തതു ആരാണ്? സ്നാപകയോഹന്നാൻ
9. ഫരിസേയനായ ശിമയോൻറെ ഭവനത്തിൽ യേശു ഭക്ഷണത്തിനിരിക്കുമ്പോൾ പാപിനിയായ സ്ത്രീ കണ്ണുനീരുകൊണ്ട് യേശുവിന്റെ പാദങ്ങൾ കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും അവൻ്റെ പാദങ്ങളിൽ സുഗന്ധ തൈലം പൂശുകയും ചെയ്തു. യേശു അവളോട് പറഞ്ഞത് എന്താണ്? "നിൻ്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 7:36-50).
10. യേശുവിൻ്റെ അടുക്കൽ കൊണ്ടു വന്ന തളർവാത രോഗിയോട് യേശു പറഞ്ഞത് എന്താണ്? "മകനേ നിൻ്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു”
11. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോട് അവളുടെ പാപങ്ങൾ ക്ഷമിച്ചുകൊണ്ട് യേശു പറഞ്ഞത് എന്താണ്? “മേലിൽ പാപം ചെയ്യരുത്".
12. യേശു പാപമോചന അധികാരം ആർക്ക് നല്കി? അപ്പസ്തോലന്മാർക്കു അഥവാ സഭയ്ക്കു

www.malankaralibrary.com

13. യേശു പത്രോസിനോട് പാപമോചന അധികാരത്തെക്കുറിച്ച് പറഞ്ഞു എന്താണ്? “നീ പത്രോസാണ്: ഈ പാറമേൽ എൻ്റെ സഭ ഞാൻ സ്ഥാപിക്കും. നരക കവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്തായി 16:18-19)
14. ഉയിർത്തെഴുന്നേറ്റശേഷം യേശു ശിഷ്യരുടെ മേൽ ഊതി പരിശുദ്ധാത്മാവിനെ നല്കികൊണ്ട് പറഞ്ഞത് എന്താണ്? “നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും"
15. യേശുവിൻ്റെ പാപമോചന അധികാരം സഭയിലൂടെ മെത്രാന്മാർക്കും അവരിലൂടെ ആർക്ക് ലഭിച്ചിരിക്കുന്നു? വൈദികർക്ക്
16. ആരാണ് ഒരേ സമയം സഭയുടെ അഥവാ ദൈവജനത്തിന്റെ പ്രതിനിധിയും യേശുവിന്റെ പ്രതിനിധിയുമാണ്? വൈദികൻ
17. ഒരാൾ വൈദികനോട് ഏത് പ്രതിനിധിയായി പാപം ഏറ്റുപറയുന്നു? യേശുവിന്റെ പ്രതിനിധി എന്ന നിലയിൽ യേശുവിനോടും സഭയുടെ പ്രതിനിധി എന്ന നിലയിൽ സഭാസമൂഹത്തോടും
18. വൈദികൻ പാപമോചനം നല്കുമ്പോൾ ആരാണ് പാപമോചനം നല്കുന്നത്? യേശു
19. വൈദികൻ പാപമോചനം നല്കുമ്പോൾ സഭാസമൂഹം പാപിയായ വ്യക്തിയോട് ക്ഷമിച്ച് അവനെ ആരോട് കൂട്ടിച്ചേർക്കുന്നു? സഭാസമൂഹത്തോട്
20. പാപത്തിൽ വീഴുന്ന ഒരാൾ വ്യക്തിപരമായ നാശം മാത്രമല്ല വരുത്തുന്നത്. ഏത് ശരീരത്തിനു മുഴുവൻ

www.malankaralibrary.com

നാശം വരുത്തുകയും വേദന നല്കുകയും ചെയ്യുന്നു? സഭാ ശരീരത്തിനു

21. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സഭ മുഴുവനും സ്വർഗത്തിലെ ആരാണ് സന്തോഷിക്കുന്നത്? മാലാഖമാരും
22. യഹൂദരുടെ പാരമ്പര്യമനുസരിച്ച് പാപത്തെ എന്തായി കരുതിയിരുന്നു? രോഗം
23. ലോകത്തെ വിധിക്കുന്ന ന്യായാധിപതി എന്നതിനേക്കാൾ മനുഷ്യരെ ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്നും സുഖപ്പെടുത്തി നിത്യജീവനിലേക്കു നയിക്കുന്ന മഹാവൈദ്യൻ ആരാണ്? ക്രിസ്തു
24. കുമ്പസാരം എന്ന കൂദാശയിലൂടെ ഏത് ശുശ്രൂഷയാണ് സഭ നിർവഹിക്കുന്നത്? സൗഖ്യദാനശുശ്രൂഷ
25. സ്നേഹത്തിന്റെ നിരസനം എന്താണ്? പാപം
26. പാപബോധവും അതിൽ നിന്നുളവാകുന്ന പശ്ചാത്താപവും കുമ്പസാരത്തിൻ്റെ അടിസ്ഥാനഘട കങ്ങളായതിനാൽ കുമ്പസാരത്തെ എങ്ങനെ വിളിക്കുന്നു? പശ്ചാത്താപത്തിൻ്റെ കൂദാശ, അനുതാപത്തിന്റെ കൂദാശ
27. പാപത്തെക്കുറിച്ചുള്ള ബോധ്യത്താൽ പാപത്തെ വിട്ടുപേക്ഷിച്ച് ദൈവസ്നേഹത്തിൽ അഭയം പ്രാപിക്കുന്നത് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? മാനസാന്തരം
28. മാനസാന്തരത്തിലൂടെ ദൈവത്തിങ്കലേക്ക് തിരിച്ചുവരുവാൻ സഹായിക്കുന്ന കൂദാശ ഏതാണ്? കുമ്പസാരം.
29. മാനസാന്തരത്തിൻ്റെ കൂദാശ എന്നു വിളിക്കുന്നത് എന്താണ്? കുമ്പസാരം
30. കുമ്പസാരമെന്ന വാക്കിന്റെ അർത്ഥം എന്താണ്? ഏറ്റുപറച്ചിൽ
31. സ്വന്തം തെറ്റിനെക്കുറിച്ചുള്ള ബോധ്യവും പശ്ചാത്താപവും മാനസാന്തരത്തിനുള്ള ആഗ്രഹവും

www.malankaralibrary.com

ഒരു വ്യക്തി ഔദ്യോഗികമായി പ്രകടിപ്പിക്കുന്നത് എങ്ങനെയാണ്? ഏറ്റുപറച്ചിലിലൂടെ

32. ഏറ്റു പറച്ചിൽ കുമ്പസാരത്തിന്റെ അടിസ്ഥാന ഘടകമായതിനാൽ കുമ്പസാരത്തെ എങ്ങനെ വിളിക്കുന്നു? ഏറ്റുപറച്ചിലിന്റെ കൂദാശ
33. പാപം ഏറ്റുപറയുമ്പോൾ ഒരു വ്യക്തിക്കു ലഭിക്കുന്ന ദൈവാനുഗ്രഹം എന്താണ്? അനുരഞ്ജനവും പാപമോചനവും
34. ക്രിസ്തീയ വിശ്വാസത്തിൽ ഉള്ള ഒരു കേന്ദ്ര പ്രമാണം ഏതാണ്? സ്നേഹത്തിന്റെ പ്രമാണം
35. പാപം ഏറ്റു പറഞ്ഞ് രമ്യതപ്പെടുന്നതിനെക്കുറിച്ച് യേശു പറഞ്ഞത് എന്താണ്? "നീ ബലിപീഠത്തിൽ കാഴ്ച യർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവി ടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക" (മത്തായി 5:23-24)
36. കുമ്പസാരം എന്ന കൂദാശയിലൂടെ പാപം ഏറ്റുപറഞ്ഞ് അനുരഞ്ജനപ്പെടുന്നതിനാൽ കുമ്പസാരത്തെ എങ്ങനെ വിളിക്കുന്നു? അനുരഞ്ജനത്തിന്റെ കൂദാശ
37. കുമ്പസാരത്തിൽ വ്യക്തി പാപമോചനം പ്രാപിക്കുകയും സന്തോഷവും സമാധാനവും അനുഭവിക്കുകയും ചെയ്യുന്നത്കൊണ്ട് കുമ്പസാരത്തെ എങ്ങനെ വിളിക്കുന്നു? പാപമോചനത്തിന്റെ കൂദാശ
38. കുമ്പസാരിക്കേണ്ട ഗൗരവമായ പാപങ്ങൾ ഒന്നും ഇല്ലാത്ത അവസ്ഥയിൽ ആത്മശോധന നടത്തി അനുതാപ ചിന്തയോടെ വിശുദ്ധ കുർബാനമധ്യേ ഏത് പ്രാപിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുകയാണ് പതിവ്? പാപമോചനം
39. കത്തോലിക്കാ സഭയുടെ കുമ്പസാരിത്തിൻറെ പൊതുനിയമം എന്താണ്? ആണ്ടിലൊരിക്കലെങ്കിലും

www.malankaralibrary.com

വിശ്വാസികൾ കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതാണ്

40. കുറ്റബോധവും മാനസിക അസ്വസ്ഥതയും പല പ്പോഴും ശാരീരിക രോഗാവസ്ഥയിലേക്ക് നയിക്കാം. എന്നാൽ കുമ്പസാരത്തിലൂടെ ഒരു വ്യക്തി ദൈവത്തിൻ്റെ കാരുണ്യവും സ്നേഹവും അനുഭവിക്കുകയും ആത്മീയവും മാനസികവുമായ എന്ത് പ്രാപിക്കുകയും ചെയ്യുന്നു? സൗഖ്യം
41. മാനസിക പ്രശ്നങ്ങളിൽനിന്നും മോചനം നേടുവാൻ കുറെയൊക്കെ കൗൺസിലിങ് ഉപകരിച്ചേക്കാമെങ്കിലും എന്തിന് സൗഖ്യമോ പാപമോചനമോ ദൈവകൃപയോ പ്രദാനം ചെയ്യുവാൻ കൗൺസിലിങ്ങിന് സാധിക്കുകയില്ല? ആത്മാവിന്

## 8.13 രോഗികളുടെ തൈലാഭിഷേകം

1. രോഗിയായ ഒരു വ്യക്തിക്ക് ദൈവകൃപ പ്രത്യേകമായി നല്കി ആ വ്യക്തിയെ രോഗവിമുക്തനും പാപവിമുക്തനുമാക്കുന്ന കൂദാശ ഏതാണ്? രോഗികളുടെ തൈലാഭിഷേകം.
2. ഒരു വ്യക്തിയെ മരണത്തിലേക്ക് നയിച്ചേക്കാവുന്ന ഗൗരവമുള്ള രോഗാവസ്ഥയിലാണ് നല്കുവാൻ സഭ നിർദ്ദേശിക്കുന്ന കൂദാശ ഏതാണ്? രോഗികളുടെ തൈലാഭിഷേകം
3. സഭയിലെ ഒരംഗത്തിന്റെ സൗഖ്യത്തിനു വേണ്ടി സഭ മുഴുവനുംകൂടി നടത്തുന്ന കൂദാശ ഏതാണ്? രോഗികളുടെ തൈലാഭിഷേകം
4. രോഗികളെ സുഖമാക്കുന്ന പ്രവൃത്തി ഏതിൻ്റെ അടയാളമായിട്ടാണ് കർത്താവ് കാണിച്ചുതന്നത്? ദൈവരാജ്യത്തിന്റെ.
5. അപ്പസ്തോലനായ വിശുദ്ധ യാക്കോബ് രോഗിലേപനത്തെക്കുറിച്ചും അതുവഴി ലഭിക്കുന്ന ദാനങ്ങളെക്കുറിച്ചും വിവരിക്കുന്ന ഭാഗം ഏതാണ്? 'നിങ്ങളിൽ ആരെങ്കിലും രോഗി ആയിരി

www.malankaralibrary.com

ക്കുന്നുവെങ്കിൽ സഭയിലെ പ്രമാണികളെ വിളിക്കട്ടെ. അവർ കർത്താവിൻ്റെ നാമത്തിൽ അവനെ തൈലം പൂശുകയും അവൻ്റെമേൽ പ്രാർത്ഥന നടത്തുകയും ചെയ്യട്ടെ. വിശ്വാ സത്തോടുകൂടിയ ഈ പ്രാർത്ഥന രോഗിയെ രക്ഷിക്കും, കർത്താവ് അവനെ എഴുന്നേൽപി ക്കും. പാപം ചെയ്തിട്ടുണ്ടെങ്കിൽ അവന് പൊറുതി ലഭിക്കും' (യാക്കോബ് 5:14-15)

6. പുതിയനിയമത്തിൽ രോഗം പാപത്തിന്റെ ഫലമാകയാൽ ക്രിസ്തുവിൻ്റെ നാമത്തിൽ നടത്തുന്ന തൈലാഭിഷേകംവഴി ഒരുവന് എന്തൊക്കയാണ് ലഭിക്കുന്നത്? രോഗശാന്തിയും പാപമോചനവും
7. തളർവാതരോഗിയുടെ പാപം ക്ഷമിച്ച് അവൻ്റെ രോഗത്തെ സുഖപ്പെടുത്തുന്നതായി സുവിശേഷത്തിൽ നാം എവിടെ വായിക്കുന്നു? മർക്കോസ് 2:1-5
8. രോഗിലേപന കൂദാശയിൽ ഉപയോഗിക്കുന്ന പ്രധാനമായും ആശീർവദിക്കപ്പെട്ട വസ്തു ഏതാണ്? ഒലിവെണ്ണ
9. സഭാപിതാവായ തെർത്തുല്യൻ (എ).ഡി. 160-220) തൈലാഭിഷേകത്തെ കുറിച്ച് പറയുന്നുത് എന്താണ്? “വിശുദ്ധതൈലംകൊണ്ട് രോഗി പൂശപ്പെടുമ്പോൾ അയാളുടെ ആത്മാവ് പവിത്രീകരിക്കപ്പെടുന്നു".
10. ഏതിൻറെ അടയാളമായി തൈലാഭിഷേകം വർത്തിക്കുന്നു? പാപമോചനം അഥവാ പാപത്തിൽനിന്നുള്ള രക്ഷ, മരണത്തിന്മേലുള്ള വിജയം, നിത്യതയിലേക്കുള്ള പ്രവേശനം (യാക്കോബ് 5:20), പരിശുദ്ധാത്മാവിന്റെ ആവാസം
11. മലങ്കര സഭയിൽ തൈലാഭിഷേകം നടത്തുന്ന പാരമ്പര്യം എന്താണ്? സഭയിലെ ഒരംഗം ഗുരുതരമായ രോഗാവസ്ഥയിലായാൽ എത്രയും വേഗം, അദ്ദേഹത്തിന് സുബോധം ഉള്ളപ്പോൾത്തന്നെ തൈലാഭിഷേകം നടത്തി വിശുദ്ധ കുർബാന കൊടുക്കുന്നു

www.malankaralibrary.com

12. മലങ്കരക്രമമനുസരിച്ച്, തൈലാഭിഷേകശുശ്രൂഷ എവിടെ വച്ചാണ് നടത്തുന്നതു? രോഗി കിടക്കുന്ന മുറിയിലോ അതിനു സമീപത്തോ
13. കാർമ്മികൻ രോഗിയുടെ തലയിൽ കൈവച്ചുകൊണ്ട് പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് രോഗി ഏത് പ്രാർത്ഥനചൊല്ലി പാപനിവേദനം നടത്തുന്നു? മൗദ്യോനൂസൊ
14. പാപനിവേദനത്തിനായ ഒന്നാമത്തെ പ്രാർത്ഥനയിൽ എന്തൊക്കയുണ്ട്? ഒന്നാമത്തേതിൽ ശരീരത്തിലും ആത്മാവിലും താൻ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് രോഗി പാപമോചനം അപേക്ഷിക്കുന്നു.
15. പാപനിവേദനത്തിനായ രണ്ടാമത്തെ പ്രാർത്ഥനയിൽ എന്തൊക്കയുണ്ട്? ശരീരത്തിൻ്റെ ഇന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, ത്വക്ക്, നാവ് എന്നിവകൊണ്ടും ആന്തരിക ഇന്ദ്രിയങ്ങളായ ബോധം, നിരൂപണം, ഗ്രഹണശക്തി, വിശേഷജ്ഞാനം എന്നിവയാലും ചെയ്തുപോയിട്ടുള്ള പാപങ്ങളോരോന്നിനെയും ഓർത്ത് മനസ്തപിച്ച് പാപമോചനം അപേക്ഷിക്കുകയാണ് രണ്ടാമത്തെ പ്രാർത്ഥനയിൽ ചെയ്യുന്നത്.
16. രോഗിയുടെ നെറ്റിയിൽ തൈലം പൂശുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? "+പിതാവിൻ്റെയും + പുത്രന്റെയും + പരിശുദ്ധ റൂഹായുടെയും നാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടട്ടെ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള നിൻ്റെ കടങ്ങളും പാപങ്ങളും ക്ഷമിക്കപ്പെടട്ടെ. സകല ദുർവികാരങ്ങളും പൈശാചിക വ്യാപാരങ്ങളും നിന്നിൽനിന്നു മായിക്കപ്പെടട്ടെ".
17. തൈലാഭിഷേക കർമ്മത്തിനുശേഷം ഏത് കുക്കിലിയോൻ ചൊല്ലുന്നു? ദൈവമാതാവിന്റെയും വിശുദ്ധന്മാരുടെയും

www.malankaralibrary.com

18. വൈദികരുടെയും മെത്രാന്മാരുടെയും രോഗിലേപനക്രമത്തിന് പേരെന്താണ്? "കന്തീലാ ശുശ്രൂഷ"
19. 'കന്തീലൊ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്താണ്? 'തിരി'

## 8.14 പൗരോഹിത്യം

1. എപ്പോൾ മുതൽ മനുഷ്യരുടെ ഇടയിൽ പൗരോഹിത്യ ശുശ്രൂഷ നിലനിന്നിരുന്നു? ലോകാരംഭം
2. മനുഷ്യർക്കു വേണ്ടി ദൈവത്തിന് ബലി അർപ്പിക്കുന്നതിനും അവർക്കുവേണ്ടി ദൈവത്തിൽ നിന്നും അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമാണ് നിയോഗിക്കപ്പെട്ടിരുന്നത് ആരാണ്? പുരോഹിതൻ
3. പുരോഹിതൻ എന്ന പദത്തിന് അർത്ഥമെന്താമ്? 'മുമ്പൻ', 'ബലി അർപ്പകൻ'
4. പുരോഹിതനെ എങ്ങനെ മനസ്സിലാക്കുന്നു? മതപരമായ ആചാരങ്ങൾക്കും ശുശ്രൂഷകൾക്കും നേതൃത്വം വഹിക്കുന്നയാൾ, മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ
5. പഴയ നിയമ ആദ്യ കാലങ്ങളിൽ കുടുംബത്തിനുവേണ്ടി ആരാണ് പൗരോഹിത്യ കർമ്മങ്ങൾ നിർവഹിച്ചിരുന്നത്? കുടുംബത്തിലെ ആദ്യജാതൻ
6. ആരുടെ കാലത്ത് ഇസ്രായേൽക്കാരുടെ ഇടയിൽ ദൈവത്തിന്റെ നിർദ്ദേശപ്രകാരം പൗരോഹിത്യം ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടതു? മോശയുടെ
7. ആരുടെ കാലത്ത് ഇസ്രായേൽക്കാരുടെ ഇടയിൽ ദൈവാരാധനയ്ക്കായി പ്രത്യേക നിയമങ്ങൾ നിശ്ചയിക്കപ്പെട്ടതു? മോശയുടെ
8. ഇസ്രായേൽക്കാരുടെ ഇടയിൽ പൗരോഹിത്യത്തിൻറെ മൂന്നു പദവികൾ എന്തായിരുന്നു? മഹാപുരോഹിതൻ, പുരോഹിതൻ, ലേവ്യൻ.

www.malankaralibrary.com

9. ദൈവം ആദ്യം പൗരോഹിത്യ പദവിയിലേക്ക് ഉയർത്തിയത് ആരെ? മോശയുടെ സഹോദരനായ അഹറോനെയും അദ്ദേഹത്തിൻ്റെ പുത്രന്മാരെയും
10. ദൈവിക കല്പനപ്രകാരം മോശ പുരോഹിതരായി അഭിഷേചിച്ചു ആരെ? അഹറോനെയും അദ്ദേഹത്തിൻ്റെ പുത്രന്മാരെയും
11. ഇസ്രായേൽക്കാരുടെ ഇടയിൽ പുരോഹിതരെ സഹായിക്കുവാൻ നിയുക്തരായവർ ആരാണ്? ലേവ്യർ.
12. മഹാപുരോഹിതനും പുരോഹിതനും ഏത് പൂശിയാണ് സ്ഥാനം നല്കിയിരുന്നത്? തൈലം
13. ഇസ്രായേൽക്കാരുടെ ഇടയിൽ പൊതുവായി പുരോഹിതൻ ചെയ്തിരുന്നത് എന്തൊക്കയാണ്? യാഗം അർപ്പിക്കുകയും ധൂപമർപ്പിക്കുകയും ദൈവിക അരുളപ്പാടിന് സാക്ഷ്യം വഹിക്കുകയും
14. യഹൂദബലിയും യഹൂദ പൗരോഹിത്യവും അവസാനിക്കുകയും പുതിയ ഉടമ്പടിപ്രകാരമുള്ള ബലിയും പൗരോഹിത്യവും സ്ഥാപിച്ചത് ആരാണ്? യേശുക്രിസ്തു
15. പഴയനിയമത്തിൽ അഭിഷിക്തരായവർ ആരൊക്കയാണ്? പുരോഹിതരും രാജാക്കന്മാരും പ്രവാചകന്മാരും.
16. നിത്യനായ മിശിഹായെ അഥവാ അഭിഷിക്തനെ പ്രതീക്ഷിച്ചിരുന്നവർ ആരാമ്? യഹൂദജനം
17. യഹൂദജനം പ്രതീക്ഷിച്ചിരുന്ന മിശിഹാ അഥവാ അഭിഷിക്തനായതിനാൽ നിത്യനായ പുരോഹിതനും പ്രവാചകനും രാജാവുമായത് ആരാണ്? യേശു
18. പിതാവായ ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക മധ്യസ്ഥനായതിനാലും മിശിഹായായതിനാലും ആര് മാത്രമാണ് യഥാർത്ഥ പുരോഹിതൻ? യേശു ക്രിസ്തു
19. ആരിൽ മാത്രമേ അതുല്യവും പരിപൂർണവുമായ പൗരോഹിത്യമുള്ളൂ? യേശുവിൽ

www.malankaralibrary.com

20. ഏക മധ്യസ്ഥനെന്ന നിലയിൽ മനുഷ്യവംശത്തിൻ്റെ പാപപരിഹാരത്തിനായി യേശു എന്നന്നേക്കുമായി എവിടെ വച്ച് സ്വയം ബലിയായി അർപ്പിച്ചു? കാൽവരിയിൽ
21. കാൽവരിയിൽ ബലി അർപ്പിക്കുന്ന പുരോഹിതനും ബലിവസ്തുവുമായി തീർന്നത് ആരാണ്? യേശുക്രിസ്തു
22. മനുഷ്യരക്ഷയ്ക്കായി യേശു അർപ്പിച്ച ബലി ലോകാവസാനംവരെ തുടരാനായി ആർക്ക് പൗരോഹിത്യപദവി നല്കുകയും പൗരോഹിത്യം എന്ന കൂദാശ സ്ഥാപിക്കുകയും ചെയ്തു? പന്ത്രണ്ട് അപ്പസ്തോലന്മാരെ
23. പന്ത്രണ്ട് അപ്പസ്തോലന്മാർ തങ്ങളുടെ പിൻഗാമികളായി ആരെ അഭിഷേകം ചെയ്തു? മെത്രാന്മാരെയും (എപ്പിസ്കോപ്പോ) പുരോഹിതരെയും (മൂപ്പൻ)
24. മാമോദീസാ സ്വീകരിച്ച വിശ്വാസികൾ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായതിനാൽ മിശിഹായെപ്പോലെ അവർ ഓരോരുത്തരും ആരാമ്? പുരോഹിതനും പ്രവാചകനും രാജാവും
25. “നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിത ഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്” എന്ന് സഭാംഗങ്ങളെക്കുറിച്ച് എവിടെ നാം വായിക്കുന്നു? 1 പത്രോസ് 2:9
26. സഭയിൽ എല്ലാവർക്കുമുള്ള പൗരോഹിത്യത്തെ എങ്ങനെ പറയുന്നു? പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം.
27. എല്ലാവർക്കും പൗരോഹിത്യമുണ്ടെങ്കിലും സഭയിൽ കൂദാശകൾ അനുഷ്ഠിക്കുന്നതിനുവേണ്ടിയും ദൈവജനത്തെ വിശുദ്ധീകരിക്കുന്നതിനും പഠിപ്പിക്കുന്നതിനും നയി ക്കുന്നതിനും വേണ്ടിയും ദൈവജനത്തിൽനിന്നും കുറച്ചുപേർ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്നു. ഇവർ മെത്രാൻ്റെ

www.malankaralibrary.com

കൈവയ്പ്പ് വഴി പൗരോഹിത്യം സ്വീകരിക്കുകയും ചെയ്യുന്നു. ഈ പൗരോഹിത്യത്തെ എങ്ങനെ പറയുന്നു? ശുശ്രൂഷാ പൗരോഹിത്യം അഥവാ കൗദാശിക പൗരോഹിത്യം

28. അന്ത്യോക്യൻ സഭാപാരമ്പര്യമനുസരിച്ച് ആചാര്യസ്ഥാനത്തിനുള്ള ഏഴ് പദവികൾ എന്തൊക്കയാമ്? മൗദ്യോനോ (പ്രതിജ്ഞ ചെയ്യുന്നവൻ), മ്സമറോനോ (പാട്ടുകാരൻ), കോറൂയോ (വായനക്കാരൻ), എവുപ്പദിയാക്കോനോ (വാതിൽ കാവൽക്കാരൻ), ശംശോനോ (ശുശ്രൂഷകൻ/ ശെമ്മാശൻ), കശ്ശീശോ (ആചാര്യൻ/പുരോഹിതൻ), എപ്പിസ്ക്കോപ്പോ (പ്രധാനാചാര്യൻ/മെത്രാൻ).
29. പുരോഹിത ശ്രേണിയിൽ ഉൾപ്പെടുന്ന മൂന്നുസ്ഥാനികൾ ആരൊക്കയാണ്? ശംശോനോ, കശ്ശീശോ, എപ്പിസ്ക്കോപ്പോ
30. ആചാര്യത്വത്തിന്റെ മൂന്നാമത്തെ സ്ഥാനികൾ ആരാണ്? ശെമ്മാശന്മാർ
31. ശെമ്മാശന്മാർ എന്ന പദത്തെ എങ്ങനെ മനസ്സിലാക്കുന്നു? സേവകർ, ശുശ്രൂഷകർ എന്നും ഇംഗ്ലീഷിൽ Deacon എന്നും
32. ശെമ്മാശന്മരെ യഹൂദസഭയിലെ മൂന്നാമത്തെ ആചാര്യസ്ഥാനികളായ ആരോട് സാമ്യപ്പെടുത്താം? ലേവ്യരോട്
33. ശെമ്മാശന്മാർക്ക് അവകാശമുള്ളവ എന്തൊക്കയാണ്? സുവിശേഷം പ്രഘോഷിക്കുവാനും മാമോദീസാ മുക്കുവാനും
34. പൗരോഹിത്യത്തിന്റെ രണ്ടാമത്തെ സ്ഥാനം ഏതാണ്? കശ്ശീശോ
35. കശ്ശീശോ എന്ന സുറിയാനി വാക്കിന് എന്താണർത്ഥം? 'മൂപ്പൻ'.
36. കശ്ശീശോ എന്നതിന് ഗ്രീക്കിൽ എങ്ങനെ പറയാം? Presbyteros
37. കശ്ശീശോ എന്നതിന് ഇംഗ്ലീഷിൽ എങ്ങനെ പറയാം? Elder

www.malankaralibrary.com

38. അപ്പസ്തോലന്മാർക്ക് കർത്താവ് കൊടുത്ത അധികാരങ്ങളിൽ ഭൂരിഭാഗവും ആർക്ക് ഉണ്ട്? വൈദികർക്ക് (കശ്ശീശോ)
39. ആദിമസഭയിൽ ഒരു സമൂഹത്തിന്റെ ചുമതല ആർക്കായിരിന്നു? എപ്പിസ്കോപ്പോ അഥവാ മെത്രാൻ
40. സഭ വളർന്നപ്പോൾ, ദൈവജനത്തിന് വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എപ്പിസ്കോപ്പോ കൈവയ്പിലൂടെ അധികാരം നല്കിയത് ആർക്കാണ്? വൈദികർ
41. മെത്രാന്റെ പ്രതിനിധിയായിനിന്ന് ജനത്തിന് അജപാലനകർമ്മം ചെയ്യുന്ന ചുമതല ആർക്കായിരുന്നു?. വൈദികർ
42. വികാരി എന്ന വാക്കിൻറെ അർത്ഥം എന്താണ്? 'പകരക്കാരൻ'
43. പൗരോഹിത്യത്തിന്റെ പൂർണതയായ സ്ഥാനം ഏതാണ്? എപ്പിസ്കോപ്പാ
44. ഒരു മെത്രാൻ്റെ അടിസ്ഥാന ഉത്തരവാദിത്വം എന്തൊക്കയാണ്? വിശുദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക
45. സഭയിലെ ഏഴ് പൗരോഹിത്യ സ്ഥാനങ്ങളും നല്കുവാനുള്ള അവകാശവും അധികാരവും ആർക്കാണ്? മെത്രാൻ
46. റീശ് എപ്പിസ്ക്കോപ്പോ (മെത്രാപ്പോലീത്താ-Archbishop), കാതോലിക്കോസ്, പാത്രിയർക്കീസ്, മാർപ്പാപ്പാ എന്നീ സ്ഥാനങ്ങൾ ആരുടെ ഇടയിലുള്ള പ്രത്യേകസ്ഥാനങ്ങളാണ്? എപ്പിസ്ക്കോപ്പാ
47. റീശ് എപ്പിസ്ക്കോപ്പോ ആരാണ്? മെത്രാന്മാരുടെമേൽ ചില അധികാരമുള്ള വ്യക്തി
48. ഒരു പ്രാദേശികസഭയുടെ തലവൻ ആരാണ്? കാതോലിക്കോസും പാത്രിയർക്കീസും.
49. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ സാർവത്രിക സഭയുടെ തലവനും മെത്രാൻ സംഘം മുഴുവൻ്റെയും തലവനും ആരാണ്? മാർപ്പാപ്പാ.

www.malankaralibrary.com

50. ആട്ടിടയൻ ആട്ടിൻപറ്റത്തെ മേയിക്കുന്നതിനോട് ഏത് ശുശ്രൂഷയെ ഉപമിക്കാം? പൗരോഹിത്യം
51. ദൈവജനത്തെ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും നയിക്കുവാനും വിളിക്കപ്പെട്ടവർ ആരാണ്? പുരോഹിതൻ
52. ക്രിസ്തുവാകുന്ന സുവിശേഷം ലോകാവസാനംവരെ എല്ലാവരെയും പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ആർക്കാണ്? പുരോഹിതർ
53. പുരോഹിതൻ്റെ മർമ്മപ്രധാനമായ കർത്തവ്യം എന്താണ്? കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് ദൈവജനത്തെ വിശുദ്ധീകരിക്കുക
54. തൻ്റെ ജീവിത വിശുദ്ധിയിലൂടെയും സാക്ഷ്യത്തിലൂടെയും സേവനത്തിലൂടെയും ദൈവജനത്തെ നയിക്കേണ്ടത് ആരാണ്? പുരോഹിതൻ
55. മദ്ബഹായുടെ വാതിൽക്കൽ മുട്ടുകുത്തി നില്ക്കുന്ന സ്ഥാനാർത്ഥിയെ പൗരോഹിത്യ പദവിക്ക് ആവശ്യമായ യോഗ്യതകളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നത് ആരാണ്? മെത്രാൻ
56. എല്ലാം പരിത്യജിച്ച് യേശുവിനെ അനുഗമിക്കുന്നതിൻ്റെ പ്രതീകമായി സ്ഥാനാർത്ഥിയുടെ തലയിൽനിന്നും കുരിശാകൃതിയിൽ മുടിവെട്ടുന്നത് ആരാണ്? മേല്പട്ടക്കാരൻ
57. വൈദിക സ്ഥാനാർത്ഥിയെ എന്ത് പറഞ്ഞുകൊണ്ട് മേല്പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിപ്പിക്കുന്നു? "വിശുദ്ധസഭയിൽ കശ്ശീശായാകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു"
58. സുവിശേഷവായനയുടെ മധ്യത്തിൽ "അവൻ അവരുടെമേൽ ഊതി" എന്നു വായിക്കുമ്പോൾ കാർമ്മികൻ സ്ഥാനാർത്ഥിയുടെ മുഖത്ത് ഊതുന്നത് എങ്ങനെ? മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ.
59. തിരുപ്പട്ടശുശ്രൂഷയുടെ മർമ്മപ്രധാനമായ ഭാഗത്ത് സ്ഥാനാർത്ഥിയെ കാപ്പകൊണ്ടു മറയ്ക്കുകയും തുടർന്ന് വിശുദ്ധ രഹസ്യങ്ങളുടെമേൽ കൈ ആവസിപ്പിക്കുകയും അവയിൽനിന്നും

www.malankaralibrary.com

ദൈവികശക്തി പ്രാപിച്ച് സ്ഥാനാർത്ഥിയുടെ തലയിൽ വയ്ക്കുകയും ചെയ്യുന്നത് ആരാണ്? മേല്പട്ടക്കാരൻ

60. പട്ടംകൊടുക്കൽ ശുശ്രൂഷ അവസാനിച്ചശേഷം ആരൊക്കെ ഒന്നുചേർന്ന് വിശുദ്ധ കുർബാന പൂർത്തിയാക്കുന്നു? മേൽപ്പട്ടക്കാരനും നവവൈദികനും

## 8.15 വിവാഹം

1. "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; അവന് ചേർന്ന ഇണയെ ഞാൻ നല്കും" (ഉല്പത്തി 2:18) എന്ന് പറഞ്ഞ് ദൈവം ആരെ സൃഷ്ടിച്ചു? സ്ത്രീയെ
2. ദൈവം സംയോജിപ്പിച്ച് ഒരു കുടുംബമായി എവിടെ പാർപ്പിച്ച ആദ്യത്തെ വിവാഹവും ആദ്യത്തെ കുടുംബവും ഇന്നും സമൂഹത്തിൽ തുടരുന്നു ? ഏദൻതോട്ടത്തിൽ
3. പ്രായപൂർത്തിയായ പുരുഷനും സ്ത്രീയും പരസ്പരം വിവാഹത്തിലൂടെ ഒന്നിച്ചു ജീവിക്കുവാൻ ആഗ്രഹിക്കുമ്പോൾ ദൈവം അദൃശ്യമായ കൃപ നല്കി അവരെ ഒന്നിപ്പിക്കുന്ന കൂദാശ ഏതാണ്? വിവാഹം
4. സൃഷ്ടിയുടെ ആരംഭത്തിൽ വിശുദ്ധ ഗ്രന്ഥം ആരംഭിക്കുന്ന വിവാഹം ഏതാണ് ? ആദിമാതാപിതാക്കളുടെ
5. വിശുദ്ധ ഗ്രന്ഥം വെളിപാട് ഗ്രന്ഥത്തിലെ അവസാനിക്കുന്ന വിവാഹ വിരുന്ന് ആരുടെതാണ് ? കുഞ്ഞാടിൻ്റെ
6. ദൈവം പ്രത്യേകം വാഴ്ത്തി അനുഗ്രഹിക്കുന്നതായി പഴയനിയമത്തിൽ കാണുന്ന പൂർവപിതാക്കന്മാരുടെ

www.malankaralibrary.com

ദാമ്പത്യബന്ധങ്ങൾ ഏതൊക്കയാണ് ? ആദം-ഹവ്വാ, അബ്രഹാം-സാറാ, ഇസഹാക്ക്-റബേക്കാ, യാക്കോബ്-റാഹേൽ

7. പഴയനിയമത്തിൽ യഹോവയും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ ഏത് ബന്ധത്തോടാണ് ഉപമിച്ചിരിക്കുന്നു ? ഭാര്യാഭർത്തൃ
8. യഹോവ മണവാളനും ഇസ്രായേൽ മണവാട്ടിയുമാണെന്ന പ്രതീകം എവിടെ വളരെ സാധാരണമാണ് ? പഴയനിയമത്തിൽ
9. യഹോവയും ഇസ്രായേലും ഏത് മലയിൽ നടത്തിയ ഉടമ്പടിബന്ധമാണ് വിവാഹിതരാകുന്ന പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തിന്റെയും ശാശ്വത ഉടമ്പടിയുടെ മാതൃക ? സീനായ് മലയിൽ
10. "പുരുഷൻ മാതാ വിനെയും പിതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവരിരുവരും ഏക ശരീര മായിത്തീരും. പിന്നീട് ഒരിക്കലും അവർ രണ്ടല്ല; ഏകശരീരമായിരിക്കും. ആകയാൽ "ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' " (മത്തായി 19:4-6) എന്നു വിവാഹത്തിന്റെ അവിഭാജ്യതയെപ്പറ്റി പഠിപ്പിക്കുന്നത് ആരാണ് ? യേശു
11. വിവാഹത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നത് (എഫേസോസ് 5:21-24) ആരാണ് ? വിശുദ്ധ പൗലോസ്
12. ക്രിസ്തു മണവാളനും സഭ മണവാട്ടിയുമാണെന്നും മണവാട്ടിയായ സഭയെ ക്രിസ്തു തന്റെ ജീവൻ നല്കിയാണ് സ്നേഹിച്ചതെന്നും പഠിപ്പിച്ചത് ആരാണ് ? വിശുദ്ധ പൗലോസ്
13. ക്രൂശിതനായ യേശുവിൻ്റെ നിസ്വാർത്ഥവും ത്യാഗസമ്പൂർണവുമായ സ്നേഹമാ യിരിക്കണം വിവാഹത്തിൻ്റെ മുഖമുദ്ര എന്ന് പഠിപ്പിച്ചത് ആരാണ് ? വിശുദ്ധ പൗലോസ്

www.malankaralibrary.com

14. അദൃശ്യമായ ദൈവകൃപ നല്കി സ്ത്രീയെയും പുരുഷനെയും വിശുദ്ധീകരിക്കുകയും ജീവിതാവസാനം വരെ ഒന്നിച്ചു ജീവിക്കുവാനുള്ള അനുഗ്രഹം നല്കി എന്നത് ഏത് കൂദാശയിലാണ്? വിവാഹം
15. ഏത് കൂദാശവഴി ദമ്പതികൾ ദൈവകൃപ സ്വീകരിക്കുകയും യേശുവിന്റെ രക്ഷാകര പദ്ധതിയോട് ചേർന്ന് ജീവിക്കുവാൻ പ്രാപ്തരാകുകയും ചെയ്യുന്നു? വിവാഹം
16. പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു കോട്ടകൾപോലെ നിന്ന് മണവാട്ടിയായ സഭയെ സംരക്ഷിക്കുന്നു. ഇതുപോലെതന്നെ വിശുദ്ധ ത്രിത്വം വിവാഹജീവിതത്തെ പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നു. എന്ന ചിന്തയെ ഏത് ഗാനത്തിൽ വിവരിക്കുന്നു? 'സഭയോതുന്നെന്ന മൂന്നു കോട്ടകൾ ചുറ്റുന്നു..........'
17. ത്രിത്വത്തിലെ മൂന്നു വ്യക്തികൾ പരസ്പരം സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ വിവാഹത്തിലെ വ്യക്തികൾ ഒന്നായിരിക്കണം എന്ന് പഠിപ്പിക്കുന്നത് ആരാണ്? സഭ
18. ദമ്പതിമാർ സഭയോടാണ് അഥവാ യേശുവിനോടാണ് ഉടമ്പടി ചെയ്യുന്നത്. യേശുവിൻ്റെ സ്ഥാനത്ത് നിന്നുകൊണ്ട് ദമ്പതിമാർ നടത്തുന്ന ഉടമ്പടിയെ മുദ്ര വയ്ക്കുന്നത് ആരാമ്? പുരോഹിതൻ
19. ദമ്പതിമാർക്ക് ഉടമ്പടിയുടെ ചിഹ്നമായ മോതിരം നല്കുന്നത് ആരാണ്? സഭ
20. "പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരമായി തീരും... ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" എന്ന വചനം എവിടെയാണ്? മത്തായി 19:5-6
21. ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ദാനത്തിന്റെയും കണ്ടെത്തലിന്റെയും ആത്മസമർപ്പണത്തിന്റെയും

www.malankaralibrary.com

പൂർണത എന്താണ് ? സന്താനങ്ങൾക്ക് ജന്മം കൊടുക്കുന്നത്

22. വിശ്വാസത്തിന്റെ പ്രഥമപാഠങ്ങൾ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത് വിവാഹം വഴി സ്ഥാപിക്കപ്പെടുന്ന ഏത് മുഖേനയാണ് ? കുടുംബം
23. മലങ്കര കത്തോലിക്കാസഭയിൽ വിവാഹ ശുശ്രൂഷയാരംഭിക്കുന്നത് ഏതിലൂടെയാമ് ? മനഃസമ്മതം
24. മലങ്കര കത്തോലിക്കാസഭയിൽ വിവാഹശുശ്രൂഷയുടെ രണ്ടു ഭാഗങ്ങൾ ഏതൊക്കയാണ് ? മോതിരം വാഴ്‌വിന്റെ ശുശ്രൂഷ, കിരീടം വാഴ്‌വിൻ്റെ ശുശ്രൂഷ
25. വിവാഹ നിശ്ചയത്തിന്റെ ശുശ്രൂഷയിൽ വിവാഹനിശ്ചയത്തിന്റെ ചിഹ്നം ഏതാണ് ? മോതിരം
26. മലങ്കര കത്തോലിക്കാസഭയിൽ കിരീടത്തിനുപകരം ഉപയോഗിക്കുന്നത് എന്താണ് ? കുരിശുള്ള സ്വർണമാല
27. മലങ്കര കത്തോലിക്കാസഭയിൽ കിരീടങ്ങൾ ഏതിൻറെ പ്രതീകമാണ് ? യേശു വിന്റെ മുൾമുടി
28. മലങ്കര കത്തോലിക്കാസഭയിൽ ഭാരതീയ ആചാരത്തിൽനിന്നും വിവാഹത്തിനായി സ്വീകരിച്ചിട്ടുള്ളത് എന്താണ് ? താലികെട്ട്
29. വിവാഹത്തിൽ ഐക്യത്തിന്റെ പ്രതീകവും ദമ്പതികളെ ബന്ധിപ്പിക്കുന്ന ശൃംഖലയും ഏതാണ് ? താലി
30. നൂലിൽ കോർത്തിരിക്കുന്ന കുരിശടയാളമുള്ള താലി വരൻ വധുവിന്റെ കഴുത്തിൽ കെട്ടുന്നതു വഴി വിവാഹം ഏതിനാൽ പൂർണമായി മുദ്രവയ്ക്കപ്പെടുന്നു ? സ്ലീബായാൽ
31. താലികെട്ടിനുശേഷം വരൻ വധുവിന്റെ ശിരസിൽ മന്ത്രകോടി അണിയിക്കുന്നത് ഏതിൻറെ മുന്നാസ്വാദനമാണ് ? ലോകത്തിൽ നിഷ്കളങ്കമായി

www.malankaralibrary.com

ജീവിച്ച് സ്വർഗത്തിൽ നിത്യമഹത്ത്വത്തിന്റെ വസ്ത്രമണിയുന്നത്

## 9.3 സീറോ മലങ്കര ആരാധനക്രമം

1. കത്തോലിക്കാസഭയിൽ ഇരുപത്തിരണ്ട് വ്യക്തിസഭകളുടെ വിവിധ ആരാധനക്രമങ്ങൾ എത്ര പുരാതന ക്രൈസ്തവ ആരാധനാ പാരമ്പര്യങ്ങളിൽ നിന്നും വളർന്നുവന്നവയാണ്? മൂന്നു
2. റോം കേന്ദ്രീകരിച്ച് വളർന്നുവന്ന ആരാധനക്രമ പാരമ്പര്യം ഏതാണ്? ലത്തീൻ
3. കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രീകരിച്ച് വളർന്നുവന്ന ആരാധനക്രമ പാരമ്പര്യം ഏതാണ്? ഗ്രീക്ക് ആരാധന പൈതൃകവും
4. സെലൂഷ്യാ-സ്റ്റെസിഫോൺ (മെസപ്പൊട്ടോമിയ), പേർഷ്യാ, അന്ത്യോക്യാ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വളർന്നുവന്ന ആരാധനക്രമ പാരമ്പര്യം ഏതാണ്? സുറിയാനി ആരാധനക്രമ പാരമ്പര്യം
5. ലത്തീൻ, ഗ്രീക്ക് പാരമ്പര്യങ്ങൾ ഏത് സാമ്രാജ്യത്ത് വളർന്നുവന്നു? റോമാ സാമ്രാജ്യത്തിൽ
6. സുറിയാനി പാരമ്പര്യം ഏത് സാമ്രാജ്യത്ത് വളർന്നുവന്നു? പേർഷ്യൻ സാമ്രാജ്യത്തിൽ
7. കാലക്രമത്തിൽ മൂന്നു ആരാധനാ പാരമ്പര്യങ്ങളിൽ നിന്നും എത്ര ആരാധനാരീതികൾ സഭയിൽ വളർന്നുവന്നു? ആറ്
8. റോമാസാമ്രാജ്യത്തെ എങ്ങനെ രണ്ടായി തിരിച്ചിരുന്നു? പാശ്ചാത്യം, പൗരസ്ത്യം
9. ലത്തീൻ ആരാധന വളർന്നുവന്നത് ഏത് റോമാ സാമ്രാജ്യത്തിലാണ്? പാശ്ചാത്യ റോമാ സാമ്രാജ്യത്തിലാണ്
10. അന്ത്യോക്യൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, ബൈസന്്റെയിൻ എന്നീ ആരാധനക്രമങ്ങൾ ഏത് റോമാ സാമ്രാജ്യത്തിലാണ് വളർന്നുവന്നത്? പൗരസ്ത്യ റോമാ സാമ്രാജ്യത്തിൽ

www.malankaralibrary.com

11. കൽദായ സുറിയാനി ആരാധനക്രമം ഏത് സാമ്രാജ്യത്തിലാണ് വളർന്നുവന്നത്? പേർഷ്യൻ സാമ്രാജ്യത്തിൽ
12. ഇന്നു സഭയിലുള്ള എല്ലാ ആരാധനാരീതികളും എത്ര ആരാധനാപൈതൃകങ്ങളുമായി ബന്ധപ്പെട്ടവയാണ്? ആറ്
13. ഭാരത കത്തോലിക്കാ സഭയിൽ എത്ര ആരാധനക്രമങ്ങളാണ് ഉള്ളത്? മൂന്ന്
14. ലത്തീൻ കത്തോലിക്കർ ഉപയോഗിക്കുന്ന ആരാധനക്രമം ഏതാണ്? ലത്തീൻ ആരാധനക്രമം
15. സീറോ മലബാർ കത്തോലിക്കർ ഉപയോഗിക്കുന്ന ആരാധനക്രമം ഏതാണ്? കൽദായ സുറിയാനി ആരാധനക്രമം
16. മലങ്കര കത്തോലിക്കർ ഉപയോഗിക്കുന്ന ആരാധനക്രമം ഏതാണ്? അന്ത്യോക്യൻ സുറിയാനി ആരാധനക്രമം
17. അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ഉദ്ഭവം എവിടെയാണ്? ജറുസലേമിൽ
18. എ.ഡി. 70-ൽ ജറുസലേം തകർക്കപ്പെട്ടപ്പോൾ സഭാകേന്ദ്രമായി വളർന്നുവന്ന നഗരം ഏതാണ്? അന്തോക്യാ
19. അന്ത്യോക്യാ സഭയിൽ വളർച്ച പ്രാപിച്ച ആരാധനക്രമത്തിന് പിന്നീട് ആ സ്ഥലത്തിന്റെ ഏത് പേര് ലഭിച്ചു? അന്ത്യോക്യ
20. അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുന്ന വിവിധ സഭകൾ ഏതെല്ലാം? അന്തോക്യായിലെ സിറിയൻ ഓർത്തഡോക്സ് സഭ, സിറിയൻ കത്തോലിക്കാ സഭ, മലങ്കര കത്തോലിക്കാ സഭ, മലങ്കര യാക്കോബായ സഭ, മലങ്കര ഓർത്തഡോക്സ് സഭ, തൊഴിയൂർ സ്വതന്ത്ര സുറിയാനി സഭ, മലങ്കര മർത്തോമാ സഭ,
21. 1653-ൽ ഏത് കാരണത്താൽ ഭാരത സഭ രണ്ടായി പിരിഞ്ഞു? കൂനൻ കുരിശു സത്യം
22. പുത്തൻകൂറ്റുകാർ അന്ത്യോക്യായിലുള്ള യാക്കോബായ സഭയുമായി ബന്ധപ്പെടുകയും

അവിടുത്തെ മെത്രാന്മാരിലൂടെ ഏത് ആരാധനക്രമം ഇന്ത്യയിൽ വളർന്നു വരികയും ചെയ്തു? അന്ത്യോക്യൻ ആരാധനക്രമം

23. അന്ത്യോക്യൻ ആരാധനക്രമത്തിന് വേറെ പേര് എന്താണ്? പാശ്ചാത്യ സുറിയാനി ആരാധനക്രമം

24. പുരാതന സിറിയയുടെ തലസ്ഥാനമായ അന്ത്യോക്യ കേന്ദ്രീകരിച്ച് രൂപം പ്രാപിച്ച ആരാധനക്രമം ഏതാണ്? അന്ത്യോക്യൻ ആരാധനക്രമം

25. അന്ത്യോക്യൻ ആരാധനക്രമത്തെയും അവിടുത്തെ ക്രിസ്തീയ സമൂഹത്തെയും കരുപ്പിടിപ്പിച്ചത് ആരാണ്? അന്ത്യോക്യൻ വേദശാസ്ത്രപാഠശാലയും ദൈവശാസ്ത്രപണ്ഡിതരായ പിതാക്കന്മാരും

26. അന്ത്യോക്യൻ ക്രിസ്തീയ സമൂഹം സ്വീകരിച്ച ജറുസലേമിലെ വിശിഷ്ടമായ കുർബാന തക്സാ ഏതാണ്? യാക്കോബിൻ്റെ അനാഫൊറാ

27. അന്ത്യോക്യൻ ആരാധനക്രമത്തിന് മൂന്നാം നൂറ്റാണ്ടോടുകൂടി സ്വന്തമായ ആരാധനാ രീതി ഏത് ഭാഷയിലുണ്ടായി? ഗ്രീക്കു

28. അന്ത്യോക്യൻ ആരാധനക്രമം ഗ്രീക്കു ഭാഷയിൽ നിന്നും പിന്നീട് ഏത് ഭാഷയിലുള്ള ആരാധനക്രമമായി വളർന്നുവന്നു? സുറിയാനി

29. 1653-നു ശേഷം ഈ ആരാധനക്രമം ഭാരതത്തിലെ ഏത് വിഭാഗക്കാർ ഉപയോഗിച്ചു തുടങ്ങി? പുത്തൻകൂറ്റുകാർ

30. ജറുസലേമിൽ ഉദ്ഭവിച്ച ഈ ആരാധനക്രമത്തിൻ്റെ പശ്ചാത്തലം ഏത് രീതിയിലുള്ള ക്രിസ്ത്യാനികളുടെതാണ്? യഹൂദക്രിസ്ത്യാനികളുടേതാണ്

31. അന്ത്യോക്യൻ ആരാധനക്രമത്തിൽ ആരുടെ ആചാരങ്ങളും അടയാളങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്? യഹൂദരുടെ

32. പഴയനിയമബലികളുടെയും കാഴ്ചകളുടെയും പൂർത്തീകരണം ആരിലൂടെ പുതിയനിയമത്തിൽ നിറവേറി? യേശുക്രിസ്തുവിലൂടെ

www.malankaralibrary.com

33. പഴയനിയമ സംഭവങ്ങളെ പുതിയനിയമവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രാർത്ഥനകളും ഗീതങ്ങളും ഏത് ആരാധനക്രമത്തിൻ്റെ പ്രത്യേകതയാണ്? അന്ത്യോക്യൻ ആരാധനക്രമത്തിൻറെ
34. ഏത് ആരാധനക്രമത്തിൽ ഉപയോഗിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും സംഭവങ്ങളും ശൈലികളുമാണ് വിശുദ്ധ ഗ്രന്ഥത്തിലധിഷ്ഠിതമായിട്ടുള്ളത്? അന്ത്യോക്യൻ ആരാധനക്രമത്തിൽ
35. അന്ത്യോക്യൻ ആരാധനക്രമത്തിൽ ഏതിനോട് ബന്ധപ്പെടുത്തിയാണ് പ്രാർത്ഥനകളും ഗീതങ്ങളും ക്രമീകരിച്ചിരിക്കുന്നത്? വിശുദ്ധ ഗ്രന്ഥത്തോട്
36. ആരുടെ പശ്ചാത്തലം ഉള്ളതുകൊണ്ടാണ് പഴയനിയമ സംഭവങ്ങളും അടയാളങ്ങളും അന്ത്യോക്യൻ ആരാധനക്രമത്തിൽ നിറഞ്ഞു നില്ക്കുന്നത്? യഹൂദക്രിസ്ത്യാനികളുടെ
37. അന്ത്യോക്യൻക്രമത്തിൽ വിശുദ്ധ കുർബാനയ്ക്ക് എന്താണ് പറയുന്നത്? വിശുദ്ധ രഹസ്യം (Holy mystery)
38. വിശുദ്ധ കുർബാനയിലെ ദൈവത്തിന്റെ ശക്തമായ സാന്നിധ്യത്തിൻ്റെ മുമ്പിൽ അഗ്നി ധരിച്ചിരിക്കുന്നവർ വിറയ്ക്കുന്നു എന്ന് പ്രാർത്ഥനകളിൽ വ്യക്തമാക്കുന്നത് ആരെയാണ്? മാലാഖമാർ
39. അന്ത്യോക്യൻ ക്രമത്തിൽ ചിറകുകൾ കൊണ്ട് അവരുടെ മുഖം മൂടിക്കൊണ്ടാണ് ദൈവസന്നിധിയിൽ നില്ക്കുന്നതെന്നും പ്രാർത്ഥനകളിൽ വ്യക്തമാക്കുന്നത് ആരെയാണ്?? മാലാഖമാർ
40. മനുഷ്യൻ്റെ കണ്ണുകൾക്കും ബുദ്ധിക്കും ദൈവത്തിന്റെ ശക്തമായ സാന്നിധ്യത്തെ നേരിട്ട് കാണുവാനും മനസ്സിലാക്കുവാനും ശക്തിയില്ലാത്തതിനാൽ ദൈവസാന്നിധ്യത്തെ എപ്പോഴും എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? രഹസ്യാത്മകമായി
41. അന്ത്യോക്യൻ ക്രമത്തിൽ രഹസ്യാത്മകത അവതരിപ്പിച്ചിരിക്കുന്ന രീതികൾ എന്തൊക്കെയാണ്

www.malankaralibrary.com

ഉള്ളത്? ആരാധനയിലെ രഹസ്യപ്രാർത്ഥനകൾ, മദ്ബഹാ തിരശീലയിട്ട് മറച്ചിരിക്കുന്നത്, മറയ്ക്കുള്ളിലുള്ള ശുശ്രൂഷകൾ, വിശുദ്ധ കുർബാനയിലെ തിരുശരീരവും തിരുരക്തവും വിശ്വാസികളെ നേരിട്ട് കാണിക്കാതെ എപ്പോഴും മൂടികൊണ്ട് മറച്ചിരിക്കുന്നത്

42. സാധാരണയായി വാക്കുകൾകൊണ്ട് വിവരിക്കുവാൻ പൂർണമായും സാധ്യമല്ലാത്ത ദൈവിക കാര്യങ്ങൾ മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കുവാൻ ഉപയോഗിക്കുന്ന മാധ്യമം എന്താണ്? അടയാളങ്ങൾ

43. മറ്റ് ആരാധനക്രമങ്ങളെക്കാളുപരി അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും ദൈവിക രഹസ്യങ്ങൾ അവതരിപ്പിക്കുവാൻ ഏത് ആരാധനക്രമം കൂടുതൽ താത്പര്യം കാണിക്കുന്നു? അന്ത്യോക്യൻ ആരാധനക്രമം

44. ഉയിർപ്പിനുശേഷം ഗോഗുൽത്തായിലെ കുരിശ് 40 ദിവസത്തേക്ക് ചുവന്ന പട്ടുതുണി കൊണ്ട് അലങ്കരിക്കുന്നത് ആരുടെ സാന്നിധ്യത്തെ സൂചിപ്പിക്കുവാനാണ്? ഉത്ഥാനം ചെയ്ത യേശുവിൻ്റെ സാന്നിധ്യം 40 ദിവസം ഭൂമിയിൽ പ്രത്യേകമായി ഉണ്ടായിരുന്നു

45. സഭയുടെ വിശ്വാസ സത്യങ്ങൾ പ്രാർത്ഥനയിലൂടെയും ഗീതത്തിലൂടെയും വിശ്വാസികളെ പഠിപ്പിക്കുക എന്നത് ഏത് ആരാധനക്രമത്തിൻ്റെ ഒരു സവിശേഷതയാണ്? അന്ത്യോക്യൻ ആരാധനക്രമം

46. അന്ത്യോക്യൻ ആരാധനക്രമത്തിലെ ഓരോ സന്ദർഭത്തിലുമുള്ള കൂദാശകളുടെയും പെരുന്നാളുകളുടെയും ദൈവശാസ്ത്രം വിവരിച്ച് പഠിപ്പിക്കുന്ന പ്രാർത്ഥനകൾ ഏവ? പ്രുമിയോൻ-സെദറാ പ്രാർത്ഥനകൾ

47. ദൈവം ഇസ്രായേലിലെ പൂർവപിതാക്കന്മാരുടെ ജീവിതത്തിലിടപെട്ടതിനെ നന്ദിപൂർവം അനുസ്മരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നത് ഏതു പ്രാർത്ഥനകളുടെ പ്രത്യേകതയാണ്? യഹൂദ പ്രാർത്ഥനകളുടെ

www.malankaralibrary.com

48. യേശുക്രിസ്തു മനുഷ്യരക്ഷയ്ക്കുവേണ്ടി നിർവഹിച്ച രക്ഷാകര സംഭവങ്ങളെ കൂടെക്കൂടെ ഓർക്കുകയും അതിനെപ്രതി ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് ഏത് ആരാധനയുടെ പ്രത്യേകതയാണ്? ക്രൈസ്തവ ആരാധനയുടെ

49. അന്ത്യോക്യൻ ആരാധനക്രമ കൂദാശകൾക്കും പെരുന്നാളുകൾക്കും യാമപ്രാർത്ഥനകൾക്കും ഉള്ള ഗീതങ്ങളുടെ പ്രത്യേകത എന്താണ്? കാവ്യഭംഗിയുള്ളതും അവ ചൊല്ലുന്നത് സംഗീതാത്മക രീതിയിലുമാണ്

50. പാടുന്നവൻ രണ്ടുപ്രാവശ്യം പ്രാർത്ഥിക്കുന്നു എന്ന ചിന്ത ഏത് പ്രാധാന്യം വെളിവാക്കുന്നു? ആരാധനക്രമ സംഗീതത്തിന്റെ

51. അന്ത്യോക്യൻ ആരാധനാഗീതങ്ങൾ പ്രധാനമായും രചിച്ചിട്ടുള്ള പിതാക്കന്മാർ ആരൊക്കയാണ്? മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി

53. സുറിയാനി ആരാധനാ ഗീതങ്ങൾ എത്ര രാഗത്തിൽ പാടാവുന്ന രീതിയിൽ ഈണം പകർന്ന് ചിട്ടപ്പെടുത്തിയിരിക്കുന്നു?
എട്ട്

54. അന്ത്യോക്യൻ ആരാധനക്രമത്തിൽ ഓരോ ശുശ്രൂഷയുടെയും സന്ദർഭത്തിൻ്റെ ഭാവം പ്രകടിപ്പിക്കുവാൻ ഏതു ഉപകരിക്കും?
എട്ട് രാഗങ്ങൾ

55. ആരാധനക്രമത്തിലെ പ്രാർത്ഥനകൾ എല്ലാം തന്നെ വിവിധ രാഗങ്ങളിലും രീതികളിലും ചൊല്ലുന്നത് ഏത് ക്രമത്തിൻ്റെ പ്രത്യേകതയാണ്?
അന്ത്യോക്യൻ ആരാധനക്രമത്തിൻറെ

56. പ്രാർത്ഥനകൾ വെറുതെ ചൊല്ലുന്ന രീതി ഏതു ആരാധനക്രമത്തിലില്ല?
അന്ത്യോക്യൻ ആരാധനക്രമം

57. അന്ത്യോക്യൻ ആരാധനക്രമത്തിൽ എല്ലാ ആരാധനാശുശ്രൂഷകളിലും ഉള്ള കർമ്മം എന്താണ്?

www.malankaralibrary.com

ധൂപാർപ്പണം

58. ധൂപാർപ്പണം സൂചിപ്പിക്കുന്ന മൂന്നു കാര്യങ്ങൾ എന്തൊക്കയാണ്?
ആരാധന സമൂഹം മുഴുവനെയും വിശുദ്ധീകരിക്കുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിൽനിന്നും ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥനയായി ധൂപത്തെ സുചിപ്പിക്കുന്നു. ഒരു വ്യക്തിയെയോ, വസ്തുവിനെയോ ആദരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും സൂചനയായി.

59. പ്രപഞ്ചസൃഷ്ടി മുതൽ യേശുവിൻറെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകര സംഭവങ്ങൾ ഏതിൽ അനുസ്മരിക്കുന്നു?
വിശുദ്ധ കുർബാനയിൽ

60. എല്ലാ പ്രാർത്ഥനകളും ആരംഭിക്കുന്നതും അവസാനിക്കുന്നതും ആരെ സ്തുതിച്ചുകൊണ്ടാണ്?
പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളെ

61. എല്ലാ ശുശ്രൂഷകളുടെയും അവസാനത്തിൽ ആരുടെ ബഹുമാനാർത്ഥമുള്ള കുക്കിലിയോൻ (ധൂപപ്രാർത്ഥന) ഉണ്ട്?
പരിശുദ്ധ ദൈവമാതാവിൻ്റെ

62. എല്ലാ പ്രധാനപ്പെട്ട പെരുന്നാളുകളിലും യാമപ്രാർത്ഥനകളിലും ചൊല്ലുന്ന ദൈവമാതാവിൻ്റെ സ്തോത്രഗീതം ഏതാണ്?
മറിയം പറഞ്ഞതെന്തെന്നാൽ എന്നു തുടങ്ങുന്ന ഗീതം ലൂക്കാ 1:46-56

63. അന്ത്യോക്യൻ ആരാധനക്രമത്തിൽ വിശുദ്ധ കുർബാനയുടെ പരസ്യ ശുശ്രൂഷയിൽ കന്യകമറിയാമിനെ അനുസ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന പ്രാർത്ഥന ഏതാണ്?
നിന്നെ പ്രസവിച്ച മറിയാമും........

64. ഏതു പ്രവാചകനുണ്ടായ ദർശനത്തിൻ്റെ അടിസ്ഥാനത്തിലുള്ള അദ്ഭുതവും ഭയവും

www.malankaralibrary.com

ബഹുമാനവുമാണ് അന്ത്യോക്യൻ ആരാധനക്രമത്തിൽ ഉടനീളം നിറഞ്ഞു നില്ക്കുന്നു?
ഏശയ്യാ

65. ഏശയ്യായുടെ ദർശനത്തെ അടിസ്ഥാനപ്പെടുത്തി മദ്ബഹായെ എന്തായി കണക്കാക്കുന്നു?
സ്വർഗ്ഗം

66. ഏശയ്യായുടെ ദർശനത്തെ അടിസ്ഥാനപ്പെടുത്തി ബലിപീഠത്തെ എന്തായി കണക്കാക്കുന്നു?
ദൈവം ഇരിക്കുന്ന സിംഹാസനം (ത്രോണോസ്)

67. ഏശയ്യായുടെ ദർശനത്തെ അടിസ്ഥാനപ്പെടുത്തി മദ്ബഹായിലെ ശുശ്രൂഷകരെ ആരായി പരിഗണിക്കുന്നു?
മാലാഖമാരായി

68. മാലാഖമാരുടെ ചിത്രമുള്ള മറുബഹാസാ എന്ത് സൂചിപ്പിക്കുന്നു?
മാലാഖമാരുടെ സ്തുതി ഗീതം

## 10.5 വിശുദ്ധ കുർബാന - ഒരുക്ക ശുശ്രൂഷ

1. കത്തോലിക്കാസഭയിൽ 24 വ്യത്യസ്ത വ്യക്തിഗത സഭകളിൽ ഓരോ സഭയ്ക്കും അതിന്റേതായ ഏത് ക്രമമാണ് ഉള്ളത്?
ആരാധനക്രമം

2. ഏത് ആരാധനക്രമമാണ് മലങ്കര കത്തോലിക്കാ സഭ ഉപയോഗിക്കുന്നത്?
അന്ത്യോക്യൻ സുറിയാനി

3. വിശുദ്ധ കുർബാനയുടെ ക്രമം ക്രോഡീകരിച്ച ജറുസലേം സഭയുടെ പ്രഥമാധ്യക്ഷനും നമ്മുടെ കർത്താവിന്റെ സഹോദരനും അപ്പോസ്തോലനും ആര്?
മാർ യാക്കോബ് ശ്ലീഹാ

www.malankaralibrary.com

4. വിശുദ്ധ കുർബാനയുടെ ക്രമം ഏതുകാലത്ത് ക്രോഡീകരിച്ചു എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്?
ആദ്യനൂറ്റാണ്ടിൽ
5. എവിടെ രൂപം പ്രാപിച്ച 'മാർ യാക്കോബിന്റെ തക്സായാണ്' (ക്രമം) പിൽക്കാലത്ത് അന്ത്യോക്യൻ സഭ സ്വീകരിക്കുകയും തങ്ങളുടെ ആരാധനക്രമമായി വളർത്തിയെടുക്കുകയും ചെയ്തത്?
ജറുസലേമിൽ
6. മാർ യാക്കോബിൻ്റെ കുർബാനക്രമത്തെ അടിസ്ഥാനമാക്കി എത്ര വിവിധങ്ങളായ ക്രമങ്ങൾ അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിലുണ്ട്?
എഴുപതിൽപ്പരം
7. വിശുദ്ധ കുർബാന ദൈവത്തിൻ്റെ ഏത് ചരിത്രത്തോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു?
രക്ഷാകര ചരിത്രം
8. വിശുദ്ധ കുർബാന മുഴുവനും ഏതിൻറെ അനുസ്മരണവും ആഘോഷവുമാണ്?
വെളിപാടിൻ്റെ, രഹസ്യങ്ങളുടെ അഥവാ രക്ഷാകര ചരിത്രത്തിൻ്റെ
9. പ്രപഞ്ചസൃഷ്ടി മുതൽ യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകര സംഭവങ്ങൾ എല്ലാംതന്നെ എവിടെ അനുസ്മരിക്കപ്പെടുന്നു?
വിശുദ്ധ കുർബാനയിൽ
10. പഴയനിയമ സംഭവങ്ങൾ, രക്ഷകന്റെ ജനനം, സ്നാനം, പരസ്യജീവിതം, പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉത്ഥാനം,

www.malankaralibrary.com

സ്വർഗാരോഹണം, രണ്ടാമത്തെ ആഗമനം ഇവയെല്ലാം എവിടെ ആഘോഷിക്കപ്പെടുന്നു?

വിശുദ്ധ കുർബാനയിൽ

11. കർത്താവിൻറെ രക്ഷാക ചരിത്രം അനുസ്മരിക്കുന്നതിനെ കുറിച്ചുള്ള വിശുദ്ധ കുർബാനയുടെ ആരംഭത്തിലെ ഗാനം ഏത്?

"നാഥാ, നിൻ ജനനം, സ്നാനം, പീഡ, ക്രൂശേറ്റം മൃതി, ഉത്ഥാനം, സ്വർഗാരോഹണമെന്നിവയേയും ആദിപിതാക്കളെയും ഞങ്ങൾ ഓർത്തിടുന്നീയാഗത്തിൽ".

12. സുറിയാനി പിതാക്കന്മാർ വിശുദ്ധ കുർബാനയെ തിരിച്ചിരിക്കുന്ന നാലു ഭാഗങ്ങൾ എന്തൊക്കയാണ്?

ഒരുക്ക ശുശ്രൂഷ, വചന ശുശ്രൂഷ, ബലി അർപ്പണം, ബലി വിരുന്ന്

13. മലങ്കര കുർബാനയുടെ ഒന്നാം ഭാഗമായ ഒരുക്ക ശുശ്രൂഷയുടെ സുറിയാനി പേര് എന്താണ്?

'തൂയോബോ'

14. വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ പരസ്യ ശുശ്രൂഷയുടെ ആരംഭം വരെയുള്ള ഭാഗത്തിന് എന്താണ് പേര്?

ഒരുക്ക ശുശ്രൂഷ

15. മലങ്കരസഭയിൽ ഏത് പ്രാർത്ഥനയോടു കൂടിയാണ് വിശുദ്ധ കുർബാന ആരംഭിക്കുന്നത്?

യാമ നമസ്കാരം

16. പ്രഭാത നമസ്കാരം ആരംഭിക്കുന്നതിനു മുമ്പ് ശുശ്രൂഷകൻ മദ്ബഹായ്ക്കുള്ളിൽ പ്രവേശിച്ച് ത്രോണോസിൻ്റെ ഏതു ഭാഗത്തെ മെഴുകുതിരി കത്തിക്കുന്നു?

www.malankaralibrary.com

മധ്യഭാഗത്തെ കുരിശിനു മുമ്പിലുള്ള തിരി

17. പ്രഭാത നമസ്കാരം ആരംഭിക്കുന്നതിനു മുമ്പ് ശുശ്രൂഷകൻ മദ്ബഹായ്ക്കുള്ളിൽ മെഴുകുതിരി കത്തിക്കുന്ന കർമത്തിലൂടെ അനുസ്മരിക്കുന്ന ദൈവവചനം ഏതാണ്?

"വെളിച്ചം ഉണ്ടാകട്ടെ" (ഉത്പത്തി 1:3) എന്നു പറഞ്ഞ് ദൈവം പ്രപഞ്ച സൃഷ്ടി ആരംഭിച്ചതിനെ

18. മദ്ബഹാ ഏതിന്റെ പ്രതീകമാണ്?

സ്വർഗത്തിൻ്റെ

19. ഹൈക്കലാ ഏതിന്റെ പ്രതീകമാണ്?

ഭൂമിയുടെ

20. സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പ്രതീകമായി ഉപയോഗിക്കുന്നു തുണി ഏതാണ്?

മറ

21. പ്രപഞ്ച സൃഷ്ടിയിലൂടെയുള്ള ദൈവത്തിൻ്റെ സ്വയം വെളിപ്പെടുത്തലിനെയും സ്വർഗം തുറക്കപ്പെടുന്നതിനെയും സൂചിപ്പിക്കുന്ന കർമ്മം ഏതാണ്?

യാമനമസ്കാരത്തിൻ്റെ ആരംഭത്തിൽ തിരി കത്തിച്ച് മറ വലിക്കുന്നത്

22. സൃഷ്ടികർമവും തുടർന്നുള്ള ദൈവപരിപാലനയും ഓർത്തുകൊണ്ട് വിശ്വാസികൾ ഏത് പ്രാർത്ഥന വഴിയാണ് ദൈവത്തോട് സംഭാഷണം ചെയ്യുന്നത്?

യാമനമസ്കാരം

23. പ്രഭാതനമസ്കാരത്തിൻ്റെ അവസരത്തിൽ വൈദികൻ ധരിക്കുന്ന വസ്ത്രം ഏതാണ്?

കറുത്ത പുറങ്കുപ്പായം

24. മനുഷ്യൻ്റെ പാപാവസ്ഥയും അനുതാപത്തിലേക്ക് വിരൽ ചൂണ്ടുന്നതിനെയും

www.malankaralibrary.com

സൂചിപ്പിക്കുന്ന വൈദികന്റെ പുറം കുപ്പായം ഏതാണ്?

കറുത്ത പുറങ്കുപ്പായം

25. കാർമികൻ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്ന ഔദ്യോഗിക വസ്ത്രം ഏതാണ്?

കറുത്ത കുപ്പായം.

26. പ്രഭാതപ്രാർത്ഥനയ്ക്കുശേഷം മറയിടുന്നതിന് മുമ്പ് പുരോഹിതൻ ചെയ്യുന്നത് എന്താണ്?

മദ്ബഹായിൽ പ്രവേശിച്ച് വിശ്വാസികളുടെ സമൂഹത്തോട് പ്രാർത്ഥന യാചിക്കുന്നു

27. ഇസ്രായേൽ മക്കൾക്ക് ന്യായപ്രമാണങ്ങൾ വാങ്ങുവാനായി, മഹത്വപൂർണനായ യഹോവയുടെ സാന്നിധ്യംകൊണ്ട് നിറഞ്ഞിരിക്കുന്ന സീനായ് മലയിലേക്ക്, മോശ കരേറിയതിനെ സൂചിപ്പിക്കുന്നത് പുരോഹിതന്റെ ഏതു പ്രവർത്തിയാണ്?

പുരോഹിതന്റെ മദ്ബഹാ പ്രവേശനം

28. ആചാര്യനായ സ്കറിയാ മഹാവിശുദ്ധ സ്ഥലത്ത് പ്രവേശിച്ചതിനെ പുരോഹിതന്റെ ഏതു പ്രവർത്തിയാണ് സൂചിപ്പിക്കുന്നത്?

പുരോഹിതന്റെ മദ്ബഹാ പ്രവേശനം

29. പുരോഹിതൻ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ മറയിടുന്നതിലൂടെ ആദിമാതാപിതാക്കളുടെ പാപവും തുടർന്നുള്ള ഏത് കാലഘട്ടവും സൂചിപ്പിക്കുന്നു?

പഴയനിയമ

30. ഏത് നിമിത്തം സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധം നഷ്ടപ്പെട്ടു?

ആദ്യ മനുഷ്യന്റെ പാപം നിമിത്തം

www.malankaralibrary.com

31. ആദ്യ മനുഷ്യന്റെ പാപം നിമിത്തം ആരൊക്കെ തമ്മിലുള്ള ബന്ധങ്ങൾ നഷ്ടപ്പെടുന്നു?

ദൈവവും മനുഷ്യനും തമ്മിലും, മാലാഖമാരും മനുഷ്യനും തമ്മിലുമുള്ള ബന്ധം

32. രഹസ്യമായ ഒരുക്ക ശുശ്രൂഷ ഏത് കാലഘട്ടത്തെ സൂചിപ്പിക്കുന്നു?

രക്ഷകനായ യേശുവിനെ പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന പഴയനിയമ കാലഘട്ടത്തെ

33. അനാദിയിലേ പിതാവിനെയും അദൃശ്യനായിരിക്കുന്ന പുത്രനെയും അർത്ഥമാക്കുന്ന വിശുദ്ധ കുർബാനയുടെ ഭാഗം ഏതാണ്?

ഒരുക്ക ശുശ്രൂഷ

34. പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് പ്രാർത്ഥന യാചിച്ചതിനുശേഷം ത്രോണോസിൻറെ മുമ്പിൽ വന്ദിച്ച് എവിടെ മുത്തുന്നു?

ത്രോണോസിൻ്റെ കോണുകളിൽ

35. ഒരുക്ക ശുശ്രൂഷയിൽ ഉള്ള രണ്ട് ക്രമങ്ങൾ ഏതാണ്?

മെൽക്കിസെദെക്കിന്റെയും അഹറോന്റെയും ക്രമം

36. അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ഒരുക്കിവയ്ക്കുന്ന ശുശ്രൂഷയുടെ പേര് എന്താണ്?

മെൽക്കിസെദെക്കിന്റെ ക്രമം.

37. സാലേമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായിരുന്ന മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രഹാമിനെ എതിരേറ്റ സംഭവത്തെ അനുസ്മരിക്കുന്ന (ഉത്പത്തി 14:18) ശുശ്രൂഷയുടെ പേര് എന്താണ്?

www.malankaralibrary.com

മെൽക്കിസെദെക്കിന്റെ ക്രമം.

38. ഹെബ്രായർക്കുള്ള ലേഖനത്തിൽ മെൽക്കിസെദെക്കിൻ്റെ ക്രമപ്രകാരം എന്നേയ്ക്കുമുള്ള പുരോഹിതൻ എന്ന് യേശുവിനെ വിശേഷിപ്പിച്ചിരിക്കുന്ന ഭാഗം ഏതാണ്?

ഹെബ്രായർ 6:20

39. ജറുസലേമിന്റെ പഴയ പേര് എന്താണ്?

സാലേം

40. ഏത് പേരിനാണ് ഒന്നാമത് നീതിയുടെ രാജാവെന്നും രണ്ടാമതായി സമാധാനത്തിൻ്റെ രാജാവെന്നും അർത്ഥം (ഹെബ്രായർ 7:2) ഉള്ളത്?

മെൽക്കിസെദെക്ക്

41. യഹൂദമതത്തിൽ പൗരോഹിത്യം സ്ഥാപിക്കപ്പെടുന്നതിന് മുമ്പുതന്നെ പുറ ജാതികളുടെ എല്ലാം പ്രതിനിധിയായി ദൈവമുമ്പാകെ നിന്ന പുരോഹിതൻ ആരാണ്?

മെൽക്കിസെദെക്ക്

42. മെൽക്കിസെദെക്കിൻ്റെ ക്രമപ്രകാരം സ്വജാതിക്കാരായ ഇസ്രായേലിൻ്റെ മാത്രമല്ല സകല ജനതകളുടെയും പുരോഹിതനായിരിക്കുന്നത് ആരാണ്?

നിത്യാചാര്യനായ ക്രിസ്തു

43. മെൽക്കിസെദെക്കിന്റെ ക്രമം, എല്ലാ പൗരോഹിത്യത്തിന്റെയും പൂർണത ആരിലാണെന്ന് സൂചിപ്പിക്കുന്നു?

യേശുവിൽ

44. കാർമികൻ വലിയ ഓസ്തിയും ചെറിയ ഓസ്തിയും നിർദേശിച്ചിരിക്കുന്ന പ്രാർത്ഥനകളോടും കർമങ്ങളോടും കൂടി ഏത് പാത്രത്തിൽ ക്രമീകരിക്കുന്നു?

www.malankaralibrary.com

പീലാസായിൽ

45. വീഞ്ഞും വെള്ളവും കലർത്തി ഏത് പാത്രത്തിൽ ക്രമീകരിക്കുന്നു?

കാസായിൽ

46. വീഞ്ഞും വെള്ളവും കലർത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

പുത്രൻ തമ്പുരാനായ യേശുവിൽ ദൈവത്വവും മനുഷ്യത്വവും ഒരേപോലെ യോജിച്ചതിനെ

47. കുർബാനയിൽ അപ്പവും വീഞ്ഞും കാർമികൻ ക്രമീകരിക്കുമ്പോൾ വൈദികർ ധരിച്ചിരിക്കുന്ന വസ്ത്രം ഏതാണ്?

(കറുത്ത) പുറങ്കുപ്പായം

48. ഒരുക്ക ശുശ്രൂഷയിൽ അപ്പവും വീഞ്ഞും ഒരുക്കിവച്ചതിനുശേഷം പുരോഹിതൻ ചൊല്ലുന്ന പ്രാർത്ഥനകൾ ഏവ?

അനുതാപത്തിന്റെ പ്രുമിയോനും സെദറായും

49. ഒരുക്ക ശുശ്രൂഷയിൽ വൈദികൻ അംശവസ്ത്രങ്ങൾ ധരിക്കുന്ന ശുശ്രൂഷയ്ക്ക് പേര് എന്താണ്?

അഹറോന്റെ ക്രമം

50. പഴയ നിയമത്തിലും പുതിയനിയമത്തിലും ദൈവത്തിൻ്റെ പുരോഹിതന്മാർ, ദൈവത്തിൻ്റെ മഹത്ത്വത്തിനും പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാനായി ദൈവത്തിൽനിന്നു പ്രാപിച്ച വിശുദ്ധിയുടെ അടയാളവുമായി ധരിച്ചിരുന്നവ ഏവ?

അംശവസ്ത്രങ്ങൾ

51. പഴയനിയമത്തിൽ ക്രിസ്തുവിൻ്റെ മറ്റൊരു പ്രതിരൂപമായ ആചാര്യൻ ആര്?

www.malankaralibrary.com

അഹറോൻ

52. അഹറോന്റെ ക്രമം അദ്ദേഹത്തിൻറെ എന്തൊക്കെയാണ് അനുസ്മരിപ്പിക്കുന്നത്?

പൗരോഹിത്യ ശുശ്രൂഷയെയും ധൂപാർപ്പണത്തെയും

53. പ്രധാന പുരോഹിതനായ അഹറോനെ പോലെ പഴയനിയമത്തിലുള്ള ഏതു ഗോത്രത്തിൽ പെട്ട മറ്റു പുരോഹിതന്മാരും അംശവസ്ത്രങ്ങൾ ധരിച്ച് ധൂപാർപ്പണം സമർപ്പിച്ചിരുന്നു?

ലേവി

54. അഹറോന്റെ ക്രമത്തിൽ കാർമികൻ കാസായും പീലാസായും കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് ദൈവത്തിന്റെ രക്ഷാകര സംഭവങ്ങൾ അനുസ്മരിക്കുന്നത് കൂടാതെ മറ്റ് ആരെയൊക്കെയാണ് അനുസ്മരിക്കുന്നത്?

ആദവും ഹവ്വായും മുതൽ ഇന്നുവരെയുള്ള എല്ലാ സുപ്രധാന വ്യക്തികളെ ഓർക്കുകയും സകല മരിച്ചുപോയവരെ അനുസ്മരിക്കുകയും

55. ഒരുക്ക ശുശ്രൂഷയിൽ ഏത് ക്രമത്തിലാണ് വൈദികൻ വിശുദ്ധ കുർബാനയുടെ നിയോഗത്തിനായി പ്രാർത്ഥിക്കുന്നത്?

അഹറോന്റെ ക്രമത്തിൽ

56. മഹത്ത്വമുള്ളവൻറെ തേജസ് ആകാശം കൊണ്ട് മൂടപ്പെട്ടിരിക്കുന്നു എന്നു ചൊല്ലി കാസായും പീലാസായും വൈദികൻ ഏത് തുണികൊണ്ട് മൂടുന്നു?

ശോശപ്പാ

57. സ്വർഗത്തെ ആവരണം ചെയ്യുന്ന ആകാശവിതാനത്തെ പ്രതിനിധീകരിക്കുന്നത് എന്താണ്?

www.malankaralibrary.com

ശോശപ്പാ

58. ശോശപ്പായുടെ മേൽ ധൂപാർപ്പണം നടത്തി ആരെയാണ് അനുസ്മരിക്കുന്നത്?
സഭ മുഴുവനെയും

59. ജീവിക്കുന്നവരും മരിച്ചവരും ചേർന്ന സമൂഹം അറിയപ്പെടുന്നത് ഏത് പേരിലാണ്?
സഭ

60. വിശുദ്ധ കുർബാനയിൽ ജീവിക്കുന്നവരും മരിച്ചവരും ഏത് രീതിയിൽ സംബന്ധിക്കുന്നു?
ആത്മീയ രീതിയിൽ

61. അഹറോൻ വിശുദ്ധിയുടെ വിശുദ്ധസ്ഥലത്ത് അർപ്പിച്ച ധൂപാർപ്പണം ഏതിന്റെ പ്രതീകമായാണ് ചിത്രീകരിക്കപ്പെടുന്നത്?
ക്രിസ്തുവിന്റെ കാൽവരിയിലെ ബലിയുടെ

62. മറയ്ക്കുള്ളിലെ രഹസ്യ ശുശ്രൂഷയിലൂടെ പഴയനിയമ രക്ഷാകരചരിത്രം പ്രത്യേകം അനുസ്മരിക്കുന്നത് ഏതു വരെയാണ്?
ആദിമാതാപിതാക്കൾ മുതൽ അബ്രഹാംവരെയും അബ്രഹാംമുതൽ അഹറോൻവരെയും അഹറോൻമുതൽ യേശു ക്രിസ്തു വരെയും

## 10.6 വിശുദ്ധ കുർബാന - വചന ശുശ്രൂഷ

1. മലങ്കര ക്രമത്തിൽ വിശുദ്ധ കുർബാനയുടെ രണ്ടാമത്തെ ഭാഗം ഏതാണ്?
വചന ശുശ്രൂഷ
2. വിശുദ്ധ കുർബാനയിലെ വചന ശുശ്രൂഷ ഏതു വരെയാണ്? പരസ്യ ശുശ്രൂഷയുടെ ആരംഭം മുതൽ വിശ്വാസപ്രമാണം വരെ

www.malankaralibrary.com

3. മദ്ബഹായുടെ മറ നീക്കി വിശുദ്ധ കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ കാർമികൻ ചെയ്യുന്നത് എന്താണ്? ധൂപകലശത്തിൽ കുന്തിരിക്കമിട്ട് ത്രോണോസിന് ധൂപം വീശുകയും കോണുകളിൽ മുത്തി പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു.
4. പരസ്യ ശുശ്രൂഷയുടെ ആദ്യം വൈദികൻ ഉച്ചത്തിൽ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? "കർത്താവേ, നിന്നെ പ്രസവിച്ച മറിയാമും നിനക്ക് മാമോദീസാ നല്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. ഞങ്ങളോട് കരുണ ചെയ്യണമേ"
5. പരസ്യ ശുശ്രൂഷയുടെ ആദ്യം മറ നീക്കി മദ്ബഹായുടെ വാതിൽ തുറക്കുന്നതിനാൽ അർത്ഥമാക്കുന്നത് എന്താണ്? മനുഷ്യപാപം മൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗം തുറക്കപ്പെട്ട് അദൃശ്യനായ ദൈവം ആരാധനാസമൂഹത്തിന് ദർശനമരുളുന്നു
6. വിശുദ്ധ കുർബാനയിൽ ആദ്യപാപം മൂലം നഷ്ടപ്പെട്ട ദൈവമനുഷ്യബന്ധവും സ്വർഗവും ഭൂമിയും തമ്മിലുള്ള ബന്ധവും പുനഃസ്ഥാപിക്കുന്നതിന്റെ അടയാളം എന്താണ്? മറ നീക്കുന്നത്
7. പരസ്യശുശ്രൂഷയിൽ പ്രത്യേകം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നുത് എന്തൊക്കെയാണ്? പഴയനിയമം അവസാനിച്ച് പുതിയനിയമം ആരംഭിക്കുന്നതിനെയും നമ്മുടെ കർത്താവിൻറെ ജനനത്തെയും
8. ത്രോണോസ് ചുറ്റിയുള്ള പ്രദക്ഷിണത്തിൽ മെഴുകുതിരിയോടുകൂടി മുമ്പേ പോകുന്ന പ്രധാന ശുശ്രൂഷകൻ ആരെയാണ് സൂചിപ്പിക്കുന്നത്? സ്നാപകയോഹന്നാനെ
9. മദ്ബഹാ ബേത്ലഹേം ഗോശാലയായി പരിഗണിക്കപ്പെടുമ്പോൾ ത്രോണോസ് പരിശുദ്ധ കന്യകമറിയത്തിൻ്റെ എന്താണ്? മടിത്തട്ട്

www.malankaralibrary.com

10. അപ്പവും വീഞ്ഞും ഉണ്ണിയേശുവായി പരിഗണിക്കപ്പെടുമ്പോൾ അവയെ മൂടിയിരിക്കുന്ന ശോശപ്പാ എന്താണ്? യേശുവിനെ പുതപ്പിച്ചിരിക്കുന്ന പിള്ളക്കച്ച
11. പരസ്യ ശുശ്രൂഷയിൽ ആദ്യം പാടുന്ന ഗാനാലാപനം എന്തിനെ സൂചിപ്പിക്കുന്നു? സ്വർഗീയ മാലാഖമാർ കീർത്തനം പാടിയതിനെ
12. വൈദികൻ ത്രോണോസ് ധൂപിച്ച് കോണുകളിൽ മുത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു? ആട്ടിടയരും ജ്ഞാനികളും വന്നു യേശുവിനെ ആരാധിച്ചതിനെയും ബഹുമാനിച്ചതിനെയും
13. വൈദികൻ ത്രോണോസ് ധൂപിച്ച് കോണുകളിൽ മുത്തുന്നത് ആരെ ആലിംഗനം ചെയ്ത് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനെ സൂചിപ്പിക്കുന്നു? ഉണ്ണിയേശുവിനെ
14. പരസ്യശുശ്രൂഷ ആരുടെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്? പരിശുദ്ധ കന്യക മറിയാമിന്റെയും, സ്നാപക യോഹന്നാൻറെയും
15. മനുഷ്യാവതാരം ചെയ്ത യേശുവിനോടുള്ള ആദരവും ആരാധനയും പ്രകടിപ്പിക്കുന്ന പ്രാർത്ഥനയായ ത്രൈശുദ്ധ കീർത്തനത്തിന്റെ തുടക്കം എന്താണ്? 'ദൈവമേ, നീ പരിശുദ്ധനാകുന്നു....'
16. മലങ്കരക്രമത്തിൽ ക്രിസ്തോന്മുഖമാണ് (Christological) എന്ന് പറയപ്പെടുന്ന പ്രാർത്ഥന ഏതാണ്? ത്രൈശുദ്ധ കീർത്തനം
17. മനുഷ്യനായി പിറന്ന യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള ഒരു വിശ്വാസ പ്രഖ്യാപനമായ പ്രാർത്ഥന ഏതാണ്? ത്രൈശുദ്ധ കീർത്തനം
18. ത്രൈശുദ്ധ കീർത്തനത്തിൽ ഏശയ്യായുടെ ദർശനത്തിൽ നിന്നും എടുത്തിട്ടുള്ള മാലാഖമാരുടെ കീർത്തനം ഏതാണ്? പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
19. ത്രൈശുദ്ധ കീർത്തനത്തിൽ 'ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യണമേ'

www.malankaralibrary.com

എന്ന് ചൊല്ലുന്ന പ്രാർത്ഥന ആരുടെ പ്രത്യുത്തരമായി പാരമ്പര്യത്തിൽ കരുതപ്പെടുന്നു? യേശുവിന്റെ കബറടക്കസമയത്ത് മാലാഖമാരുടെ വ്യൂഹം ചൊല്ലിയ സ്തുതിപ്പ് കേട്ടുകൊണ്ട് ജോസഫും നിക്കോദേമോസും കൂടെ നിന്നവരും പ്രാർത്ഥിച്ചുവെന്ന് കരുതപ്പെടുന്നു

20. ദൈവ വചനം വഴി ആരാധനാസമൂഹത്തോട് പ്രഖ്യാപിക്കപ്പെടുന്നത് എന്താണ്? വിശുദ്ധ കുർബാനയിൽ സാക്ഷാത്കരിക്കപ്പെടുന്ന പരിത്രാണ രഹസ്യങ്ങൾ
21. കുർബാനയിലെ വചന ശുശ്രൂഷ സൂചിപ്പിക്കുന്നത് എന്താണ്? നമ്മുടെ കർത്താവിൻ്റെ പരസ്യശുശ്രൂഷയിലെ പ്രബോധനങ്ങളും അദ്ഭുത പ്രവർത്തനങ്ങളും
22. വിശുദ്ധ കുർബാനയിൽ മൊത്തം എത്ര വായനകൾ ഉണ്ട്? ഏഴ്
23. വിശുദ്ധ കുർബാനയിൽ പഴയനിയമത്തിൽ നിന്ന് എത്ര വായനകൾ ഉണ്ട്? നാല്
24. വിശുദ്ധ കുർബാനയിൽ പുതിയനിയമത്തിൽ നിന്ന് എത്ര വായനകൾ ഉണ്ട്? മൂന്ന്
25. യാമനമസ്കാരത്തിന് ശേഷം ഒരുക്ക ശുശ്രൂഷയുടെ സമയത്ത് വായിക്കുന്ന വേദഭാഗങ്ങൾ ഏതാണ്? പഴയനിയമ വേദഭാഗങ്ങൾ
26. ആരാധനയിൽ പഴയനിയമ വായന ചേർത്തിരിക്കുന്നതിന്റെ കാരണമെന്താണ്? പഴയനിയമത്തിൻ്റെ പ്രവചനസ്വഭാവം പുതിയനിയമത്തിൻ്റെ വെളിച്ചത്തിൽ കൂടുതൽ വ്യക്തമാകുന്നു എന്ന വസ്തുത പരിഗണിച്ചാണ്
27. മറയ്ക്കുള്ളിൽ പുരോഹിതൻ പഴയനിയമ രഹസ്യങ്ങൾ അനുസ്മരിക്കുന്ന സമയത്ത് മറയുടെ മുമ്പിൽ എന്താണ് വായിക്കപ്പെടുന്നത്? പഴയനിയമത്തിൽ നിന്നുള്ള വായനകൾ
28. പഴയനിയമ വായനകളുടെ അർത്ഥം എന്താണ്? രക്ഷകനായ ക്രിസ്തുവിനെ സ്വീകരിക്കുവാനായി

www.malankaralibrary.com

പഴയനിയമ ജനത്തെ ഒരുക്കിയതുപോലെ യേശുമിശിഹായെ ഹൃദയത്തിലേക്ക് സ്വീകരിക്കുവാൻ ദൈവജനത്തെ പ്രത്യേകം ഒരുക്കുക

29. പഴയനിയമ വായനകൾ എവിടെ നിന്നാണ് വായിക്കേണ്ടത്? ഹൈക്കലായിൽ
30. ലേഖനവായനകൾ എവിടെ നിന്നാണ് വായിക്കേണ്ടത്? മദ്ബഹായുടെ ഒരു പടി താഴെ നിന്നു
31. സുവിശേഷ വായന എവിടെ നിന്നാണ് വായിക്കേണ്ടത്? മദ്ബഹായിൽ
32. പുതിയനിയമത്തിലെ വായനകൾ എപ്പോൾ ആരംഭിക്കുന്നു? ത്രൈശുദ്ധ കീർത്തനവും കുറിയേലായിസോനും കഴിഞ്ഞ്
33. മലങ്കര കുർബാനയിൽ പുതിയ നിയമത്തിലെ ഒന്നാമത്തെ വായന ഏതൊക്കെ പുസ്തകങ്ങളിൽ നിന്ന് വായിക്കപ്പെടുന്നു? അപ്പസ്തോല പ്രവർത്തനങ്ങളിൽനിന്നോ കാതോലിക ലേഖനങ്ങളിൽനിന്നോ വെളിപാടു പുസ്തകത്തിൽനിന്നോ
34. മലങ്കര കുർബാനയിൽ പുതിയ നിയമത്തിലെ ഒന്നാമത്തെ വായനയ്ക്കുമുമ്പ് പാടപ്പെടുന്ന ഗാനം ഏതാണ്? "ഭൂവിലശേഷം....."
35. "ഭൂവിലശേഷം....." എന്ന ഗാനത്തിന്റെ വേദഭാഗം ഏതാണ്? മർക്കോസ് 16:15
36. മലങ്കര കുർബാനയിൽ പുതിയ നിയമത്തിലെ രണ്ടാം വായന ഏതൊക്കെ പുസ്തകങ്ങളിൽ നിന്ന് വായിക്കപ്പെടുന്നു? പൗലോസ് ശ്ലീഹായുടെ ഏതെങ്കിലും ഒരു ലേഖനത്തിൽനിന്ന്
37. മലങ്കര കുർബാനയിൽ പുതിയ നിയമത്തിലെ രണ്ടാം വായനയ്ക്കു മുമ്പ് പാടപ്പെടുന്ന ഗാനം ഏതാണ്? “പൗലോസ് ശ്ലീഹാ ധന്യൻ..."
38. “പൗലോസ് ശ്ലീഹാ ധന്യൻ..." എന്ന ഗാനത്തിന്റെ വേദഭാഗം ഏതാണ്? ഗലാത്തിയർ 1:8
39. സുവിശേഷവായനയ്ക്കു മുമ്പുള്ള ഗീതത്തിന് പറയുന്ന പേര് എന്താണ്? ഹൂലാല

www.malankaralibrary.com

40. 'ഹുലാല' എന്ന വാക്ക് ഏത് വാക്കിൽ നിന്നാണ് ഉരുത്തിരിഞ്ഞിരിക്കുന്നത്? ഹാലേലുയ്യാ
41. നമ്മുടെ കർത്താവിന്റെ പരിശുദ്ധ സുവിശേഷം വായിക്കുന്നത് ആരാണ്? കാർമികൻ
42. വായനയ്ക്കുശേഷം ആരാധനക്രമവത്സരത്തിലെ കാലത്തിന് അനുസൃതമായ ഗാനം സമൂഹം പാടുമ്പോൾ കാർമികൻ ആർക്കാണ് കൃതജ്ഞതയർപ്പിച്ചുകൊണ്ട് രഹസ്യപ്രാർത്ഥന നിർവഹിക്കുന്നത്? ജീവദായകമായ ദൈവവചനത്തിന്
43. ഏതിനെ ആസ്പദമാക്കി കാർമികൻ സുവിശേഷപ്രസംഗം നടത്തുന്നു? വായിച്ചുകേട്ട വചനത്തെ
44. വിശുദ്ധ കുർബാന മധ്യേ സുവിശേഷം വായിക്കുമ്പോൾ യേശുക്രിസ്തു തന്നെ സംസാരിക്കുന്നു എന്ന പ്രബോധനം ഏതാണ്? രണ്ടാം വത്തിക്കാൻ കൗൺസിൽ
45. മലങ്കര ആരാധനക്രമത്തിൽ ബലി അർപ്പിക്കുന്ന പുരോഹിതൻ ആരുടെ പ്രതിനിധിയായിട്ടാണ് വർത്തിക്കുന്നത്? ജനത്തിന്റെയും ദൈവത്തിന്റെയും
46. മലങ്കര കുർബാനയിൽ ജനം നിൽക്കുന്ന ദിശയിൽ പുരോഹിതൻ കിഴക്കോട്ട് അഭിമുഖമായി നിൽക്കുമ്പോൾ ആരുടെ പ്രതിനിധിയായിട്ടാണ് വർത്തിക്കുന്നത്? ജനത്തിന്റെ
47. ജനത്തിൻ്റെ പ്രതിനിധി എന്ന നിലയിൽ പുരോഹിതൻ എന്തൊക്കെയാണ് ദൈവസന്നിധിയിൽ സമർപ്പിക്കുന്നത്? ജനത്തിന്റെ സന്തോഷവും ദുഃഖവും ആകുലതകളും അപേക്ഷകളും
48. പുരോഹിതൻ ജനത്തിനുനേരെ തിരിയുമ്പോൾ ആരുടെ പ്രതിനിധിയായിട്ടാണ് വർത്തിക്കുന്നത്? ദൈവത്തിൻ്റെ
49. എന്തിനു വേണ്ടി പുരോഹിതൻ കുർബാന മധ്യേ ജനത്തിനു നേരെ തിരിയുന്നു? ദൈവത്തിന് ജനത്തോട്

www.malankaralibrary.com

എന്തെങ്കിലും പറയുവാനുണ്ടെങ്കിലും എന്തെങ്കിലും നല്കുവാനുണ്ടെങ്കിലും.

50. ഏതൊക്കെ സമയത്ത് പുരോഹിതൻ കുർബാന മധ്യേ ജനത്തിനു നേരെ തിരിയുന്നു? വേദവായന, പ്രസംഗം, സമാധാനം, ആശിർവാദം, വിശുദ്ധ കുർബാന നല്കൽ
51. പാപക്ഷമ ലഭിക്കാതെ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുവാൻ സാധ്യമല്ല. എന്താണ് ഈ വിശുദ്ധ രഹസ്യം? യേശുവിൻറെ തിരുശരീരവും തിരുരക്തവും
52. പാപപരിഹാര പ്രാർത്ഥന എന്നതിന്റെ സുറിയാനി പേര് എന്താണ്? “ഹൂസോയോ" (പാപപരിഹാരം) പ്രാർത്ഥനകൾ
53. “ഹൂസോയോ" (പാപപരിഹാരം) പ്രാർത്ഥനകളുടെ ക്രമം എന്താണ്? പ്രൂമിയോൻ (ആമുഖം), ഹൂസോയോ, സെദറാ, പാപ മോചന പ്രാർത്ഥനകൾ
54. സെദറാ പ്രാർത്ഥനയുടെ അവസാനം ചൊല്ലുന്ന പാപമോചനപ്രാർത്ഥന ഏതാണ്? “ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കുമോചനവും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും നാം പ്രാപിക്കുമാറാകട്ടെ"
55. ബലി അർപ്പണത്തിനു മുമ്പ് ആരാധനാസമൂഹത്തിന് പൊതുവായി പാപമോചനം നല്കിയിരുന്ന പാരമ്പര്യം എപ്പോൾ മുതലാണ്? ആദിമസഭയുടെ പാരമ്പര്യത്തിൻ്റെ തുടർച്ചയാണിത്
56. ധൂപക്കുറ്റി വാഴ്വിലൂടെ നടക്കുന്നത് എന്താണ്? ത്രിതൈക ദൈവത്തിൻറെ പരിശുദ്ധിയും, ആ ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ഏറ്റുപറയുകയാണ്
57. വിശുദ്ധ കുർബാനയിൽ യേശു ക്രിസ്തുവിന്റെ മാമോദിസായെ അനുസ്മരിക്കുന്ന ഭാഗം ഏതാണ്? ധൂപക്കുറ്റി വാഴ്വിലൂടെ
58. പരിശുദ്ധ ത്രിത്വത്തിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തൽ ഏതുസമയത്താണ് നടന്നത്? യേശുവിൻ്റെ മാമോദീസാ സമയത്ത്

www.malankaralibrary.com

59. പുത്രൻ തമ്പുരാൻ മാമോദീസാ സ്വീകരിച്ച സമയത്ത് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവൻ്റെമേൽ വന്നാവസിക്കുകയും പിതാവായ ദൈവത്തിന്റെ സ്വരം കേൾക്കപ്പെടുകയും ചെയ്തു. എന്താണത്? 'ഇവൻ എൻ്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'
60. ധൂപക്കുറ്റി സഭയുടെയും ലോകത്തിന്റെയും പ്രതീകമായതിനാൽ ധൂപക്കുറ്റി വാഴ്ത്തുന്ന ശുശ്രൂഷ ആരെ വാഴ്ത്തുന്ന ശുശ്രൂഷയാണ്? സഭയാകുന്ന ആരാധനാസമൂഹത്തെ
61. ധൂപക്കുറ്റി വാഴ്ത്തുന്ന ശുശ്രൂഷ ഏതിന്റെ ശുദ്ധീകരണത്തെ സൂചിപ്പിക്കുന്നു? സഭയുടെയും ലോകത്തിന്റെയും
62. വിശുദ്ധ ത്രിത്വത്തെ പ്രകീർത്തിച്ചുകൊണ്ടും ആരാധിച്ചുകൊണ്ടും ധൂപക്കുറ്റി വാഴ്ത്തൽ കാർമികൻ ആരംഭിക്കുന്നത് എന്തിൻറെ പ്രതീകമായാണ്? പാപമോചനം ലഭിച്ചതിൻ്റെ
63. ധൂപക്കുറ്റിയിലെ അഗ്നി ദൈവമാതാവിൽ വസിച്ച അഗ്നിയായ ആരെ കുറിക്കുന്നു? പുത്രൻ തമ്പുരാനെ
64. ധൂപക്കുറ്റിയുടെ ചങ്ങലയിലെ 72 കണ്ണികൾ ആരെ സൂചിപ്പിക്കുന്നു? 72 അറിയിപ്പുകാരെ
65. ചങ്ങലയിലെ 12 മണികൾ ആരെ സൂചിപ്പിക്കുന്നു? 12 അപ്പസ്തോലന്മാരെ
66. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ ഒന്നാമത്തെ ചങ്ങല പിടിച്ചുകൊണ്ട് വൈദികൻ ചൊല്ലുന്നത് എന്താണ്? 'പരിശുദ്ധനായ പിതാവ് പരിശുദ്ധൻ'
67. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ രണ്ടും മൂന്നും ചങ്ങലകൾ പിടിച്ചുകൊണ്ട് വൈദികൻ ചൊല്ലുന്നത് എന്താണ്? 'പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ'
68. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ നാലാമത്തെ ചങ്ങല പിടിച്ചുകൊണ്ട് വൈദികൻ ചൊല്ലുന്നത് എന്താണ്? 'പരിശുദ്ധ റൂഹാ പരിശുദ്ധൻ'
69. ധൂപക്കുറ്റിയിലെ ഒന്നാമത്തെ ചങ്ങല ആരെ സൂചിപ്പിക്കുന്നു? പിതാവായ ദൈവത്തെ

www.malankaralibrary.com

70. ധൂപക്കുറ്റിയിലെ രണ്ടും മൂന്നും ചങ്ങലകൾ ആരെ സൂചിപ്പിക്കുന്നു? യേശുവിൻ്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും
71. ധൂപക്കുറ്റിയിലെ നാലാമത്തെ ചങ്ങല ആരെ സൂചിപ്പിക്കുന്നു? പരിശുദ്ധാത്മാവിനെ
72. ധൂപക്കുറ്റി വാഴ്ത്തുമ്പോൾ വിശ്വാസികൾ ത്രിതൈക ദൈവത്തിന് ആരാധനയും മഹത്ത്വവും അർപ്പിച്ചുകൊണ്ട് ചൊല്ലുന്നത് എന്താണ്? ആമ്മീൻ
73. ധൂപക്കുറ്റി വാഴ്ത്തിയ ശേഷം ശുശ്രൂഷകൻ എവിടെയൊക്കെ ധൂപം വീശുന്നു? മദ്ബഹായ്ക്കുള്ളിലും ഹൈക്കലായുടെ പടിഞ്ഞാറുഭാഗം വരെ
74. ശുശ്രൂഷകൻ ദൈവാലയ മുഴുവനും ധൂപം വീശുന്നത് എന്ത് സൂചിപ്പിക്കുന്നു? ദൈവത്തിന് എല്ലാവരോടുമുള്ള താത്പര്യവും ദൈവത്തിൻ്റെ കാരുണ്യവും
75. ജനത്തെ മുഴുവനും ധൂപത്താൽ വിശുദ്ധീകരിച്ച് കുർബാനയുടെ പ്രധാനഭാഗത്തേക്ക് ആനയിക്കുന്ന കർമ്മം ചെയ്യുന്നത് ആരാണ്? ശുശ്രൂഷകൻ
76. ആദിമസഭയിൽ മാമോദീസാ സ്വീകരിക്കാത്തവർക്ക് പുറത്തുപോകുവാനുള്ള സൂചനയായും ഇത് കരുതപ്പെട്ടിരുന്നു. ഏതാണ്? ശുശ്രൂഷകൻ ദൈവാലയ മുഴുവനും ധൂപം വീശുമ്പോൾ
77. മാമോദീസാ സ്വീകരിക്കാത്ത അർത്ഥികൾക്ക് ഏതു ശുശ്രൂഷ വരെ സംബന്ധിക്കുവാനുള്ള അവകാശമേ ആദിമസഭയിൽ ഉണ്ടായിരുന്നുള്ളു? വചന ശുശ്രൂഷ
78. വചന ശുശ്രൂഷയിലൂടെ ദൈവം തൻ്റെ മക്കളോട് സംസാരിച്ച കാര്യങ്ങളും അവിടുത്തെ വെളിപ്പെടുത്തലുകളിലുള്ള വിശ്വാസവും ഉറക്കെ പ്രഖ്യാപിക്കുന്നത് ഏത് പ്രാർത്ഥന ചൊല്ലുന്നത് വഴിയാണ്? വിശ്വാസപ്രമാണം
79. വിശ്വാസപ്രമാണത്തിൽ അടങ്ങിയിട്ടുള്ളവ എന്താണ്? വിശ്വാസ സത്യങ്ങൾ

www.malankaralibrary.com

80. മലങ്കര കുർബാനയിൽ ഏത് വിശ്വാസപ്രമാണമാണ് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത്? നിഖ്യാ വിശ്വാസപ്രമാണം
81. വിശ്വാസപ്രമാണ സമയത്ത് ആത്മീയ ഒരുക്കത്തെ സൂചിപ്പിക്കുവാനായി കാർമികൻ ചെയ്യുന്നത് എന്താണ്? കൈകൾ കഴുകി മൗനപ്രാർത്ഥന നടത്തുന്നു.
82. വിശുദ്ധ കുർബാനയുടെ നിയോഗം നവീകരിക്കപ്പെടുന്ന സമയം ഏതാണ് വിശ്വാസപ്രമാണം ചൊല്ലുന്ന സമയത്ത് വൈദികൻ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ
83. വിശുദ്ധ കുർബാനയുടെ പ്രധാനഭാഗത്തേയ്ക്ക് പ്രവേശിക്കുവാനായി ജനത്തെ ഒരുക്കുന്നതിന് പറയുന്ന സ്തൗമെൻകാലോസ് എന്ന സുറിയാനി വാക്കിൻറെ അർത്ഥം എന്താണ്? നമുക്ക് നന്നായി നില്ക്കാം
84. കുറിയേലായിസോൻ എന്ന വാക്കിൻറെ അർത്ഥം എന്താണ്? 'കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ'

## 10.7 വിശുദ്ധ കുർബാന - ബലി അർപ്പണം

1. വിശുദ്ധ കുർബാനയിൽ സമാധാന പ്രാർത്ഥനമുതൽ യാത്രപറച്ചിൽ വരെയുള്ള ഭാഗത്തിന് പൊതുവേ എന്ത് പേരിലാണ് അറിയപ്പെടുന്നതു? അനാഫൊറാ
2. 'അനാഫൊറാ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം എന്താണ്? യാഗാർപ്പണം
3. കുർബാന എന്ന സുറിയാനി പദത്തിന്റെ പൊരുൾ എന്താണ്? യാഗാർപ്പണം
4. അനാഫൊറായിലെ ഉള്ളടക്കം എന്താണ്? അന്ത്യ അത്താഴ സമയത്ത് കർത്താവ് ചൊല്ലിയ കൃതജ്ഞതാ പ്രാർത്ഥനയും അനുഷ്ഠിച്ച കർമങ്ങളും

www.malankaralibrary.com

5. വിശുദ്ധ കുർബാനയിൽ അനാഫൊറാ എന്ന ഭാഗത്ത് രഹസ്യവും പരസ്യവുമായ എത്ര പ്രാർത്ഥനകളാണുള്ളത്? 66
6. അനാഫൊറായിൽ മാറ്റമില്ലാത്ത പ്രാർത്ഥനകൾ എത്ര? 33
7. അനാഫൊറായിൽ മാറ്റമില്ലാത്ത പ്രാർത്ഥനകൾ എന്താണ് സൂചിപ്പിക്കുന്നത്? യേശുവിന്റെ ദൈവത്വത്തെ.
8. അനാഫൊറായിൽ മാറ്റമുള്ള പ്രാർത്ഥനകൾ എത്ര? 33
9. അനാഫൊറായിൽ മാറ്റമുള്ള പ്രാർത്ഥനകൾ എന്താണ് സൂചിപ്പിക്കുന്നത്? യേശുവിൻ്റെ മനുഷ്യത്വത്തെ
10. അനാഫൊറായിൽ 33 രഹസ്യവും പരസ്യവുമായ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നത് ഏതിനെ ബന്ധപ്പെടുത്തിയാണ്? കർത്താവിൻ്റെ 33 വർഷത്തെ ഇഹലോക ജീവിതത്തോട്
11. അനാഫൊറായുടെ ആരംഭമായ സമാധാനപ്രാർത്ഥന മുതൽ മധ്യസ്ഥപ്രാർത്ഥനവരെയുള്ള ഭാഗത്തിന് ഏതു പേരിലാണ് അറിയപ്പെടുന്നതു? ബലി അർപ്പണം
12. ത്രോണോസിൻ്റെ മുമ്പിലുള്ള പടിക്ക് പറയുന്ന പേരെന്താണ്? ദർഗാ
13. പുരോഹിതൻ എവിടെ കയറി നിന്നുകൊണ്ടാണ് സമാധാനത്തിൻ്റെ പ്രാർത്ഥനയാരംഭിക്കുന്നത്? ദർഗായിൽ
14. പുരോഹിതൻറെ ദർഗാപ്രവേശനം അനുസ്മരിപ്പിക്കുന്നതു എന്താണ്? ക്രിസ്തു തൻ്റെ സുവിശേഷ പ്രഘോഷണ പദ്ധതികൾ പൂർത്തിയാക്കിയശേഷം മർക്കോസിൻ്റെ ഭവനമായ സെഹിയോൻ മാളികയിൽ പെസഹാ അനുഷ്ഠിക്കുന്നതിന് പ്രവേശിച്ചതിനെ
15. പുരോഹിതൻറെ ദർഗാ പ്രവേശനം സൂചിപ്പിക്കുന്നതു എന്താണ്? ഭൗമികമായ സകലത്തിൽനിന്നും താൻ ഉയർന്നിരിക്കുന്നുവെന്നും സ്വർഗീയ കാര്യങ്ങളെപ്പറ്റി മാത്രമാകുന്നു തന്റെ ചിന്തയെന്നും സൂചിപ്പിക്കുന്നു

www.malankaralibrary.com

16. ബലി അർപ്പിക്കുന്നതിനു മുമ്പ് ദൈവത്തോടും സഹോദരങ്ങളോടും രമ്യതയിലായിരിക്കണം (മത്തായി 5:23, 6:12) എന്ന കർത്തൃകല്പനയനുസരിച്ച് കുർബാനയിൽ ചെയ്യുന്നതു എന്താണ്? സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും സമാധാനചുംബനവും
17. തമ്മിൽ തമ്മിൽ വിരോധമുള്ളവർ ഇവിടെവച്ച് രമ്യപ്പെട്ട് സ്വർഗീയ സമാധാനം കൈവരിക്കണം, അന്യോന്യം രമ്മ്യപ്പെടാതെ ഈ യാഗത്തിൽ സംബന്ധിച്ചുകൂടാ, കടക്കാരോടു ക്ഷമിക്കുവാൻ മനസില്ലാത്തവർക്ക് ഇനിയും നടക്കുന്ന രഹസ്യത്തിൽ പങ്കില്ല എന്നീ ചിന്തകൾ ഏതു സമയത്ത് അനുസ്മരിക്കപ്പെടുന്നു? സമാധാനത്തിനു വേണ്ടിയുള്ള പ്രാർത്ഥന
18. വൈദികനിലൂടെ ശുശ്രൂഷകൻ മുഖേന സമാധാനം ജനങ്ങൾക്ക് നല്കുന്നത് എവിടെ നിന്നാണ്? നമ്മുടെ കർത്താവിൻ്റെ സിംഹാസനമായ ത്രോണോസിൽ നിന്നും
19. ബാഹ്യമായ സമാധാനം നല്കൽ, ഏതു രീതിയിൽ ഉള്ള സമാധാനവും രമ്യതയുമാണ് ഓരോ വ്യക്തിക്കും നല്കുന്നത്? ആന്തരികമായ
20. ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയെന്നും കൈവയ്പ്പിന്റെ പ്രാർത്ഥനയെന്നും അറിയപ്പെടുന്നതു ഏതാണ്? സമാധാന ശുശ്രൂഷയ്ക്കുശേഷം തലകുനിച്ചു നിൽക്കുന്നവർക്കു വേണ്ടി അനുഗ്രഹങ്ങൾ യാചിക്കുന്ന പ്രാർത്ഥന
21. ഏത് രീതിയിൽ നിൽക്കുന്നതാണ് ദൈവാരാധനയുടെയും സമ്പൂർണ സമർപ്പണത്തിൻ്റെയും അടയാളം? തലകുനിച്ചു
22. പ്രാർത്ഥിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും സാധിക്കുന്നത് എപ്പോൾ? കർത്താവിൻ്റെ മുമ്പിൽ തല കുനിക്കുംബോൾ

www.malankaralibrary.com

23. വിശുദ്ധ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന കാസായും പീലാസായും ഒന്നിച്ചു മൂടിയിരിക്കുന്ന പട്ടുതുണിയുടെ പേരെന്താണ്? ശോശപ്പാ
24. ശോശപ്പാ എന്നതിന്റെ അർത്ഥങ്ങൾ ഏന്തൊക്കെയാണ്? ആവരണം, മൂടി, തൂവാല
25. യൽദാ കാലത്ത് ഉപയോഗിക്കുന്ന ശോശപ്പായിൽ ഏതു അടയാളമാണ് ഉള്ളത്? നക്ഷത്രത്തിൻ്റെ
26. ദനഹായ്ക്കും പെന്തക്കോസ്തി കാലത്തും ഉപയോഗിക്കുന്ന ശോശപ്പായിൽ ഏതു രൂപമാണ് ഉള്ളത്? പ്രാവിൻ്റെ
27. സ്ലീബാകാലത്ത് ഉപയോഗിക്കുന്ന ശോശപ്പായിൽ ഏതു രൂപമാണ് ഉള്ളത്? കുരിശിൻ്റെ
28. ശോശപ്പാ മേലുള്ള പ്രാർത്ഥനയ്ക്കുശേഷം വൈദികൻ ശോശപ്പായെ എത്ര പ്രാവശ്യം ഉയർത്തി ചലിപ്പിച്ച് ആഘോഷിക്കുന്നു? മൂന്ന്
29. ശോശപ്പായെ ചലിപ്പിച്ച് ആഘോഷിക്കുന്ന അവസരത്തിൽ ശുശ്രൂഷകൻ എന്താണ് ജനങ്ങളെ അറിയിക്കുന്നത്? ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച്
30. ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്? സ്വർഗം തുറക്കപ്പെടുന്നതും സ്വർഗീയ രഹസ്യങ്ങൾ വിശുദ്ധ കുർബാനയിലൂടെ ഭൂമിയിൽ വെളിപ്പെടുന്നതും
31. സ്വർഗവും ഭൂമിയും സമ്മേളിക്കുന്ന കുർബാനയുടെ ഭാഗം ഏതാണ്? ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നത്
32. ശോശപ്പാ ഉയർത്തി ആഘോഷിക്കുന്ന സമയത്ത് നാം എവിടേക്ക് ആരോഹണം ചെയ്യുന്നു? സ്വർഗീയ ജറുസലേമിലേക്ക്
33. ശോശപ്പാ ഉയർത്തി ആഘോഷിക്കുന്ന സമയത്ത് നമ്മുടെ ഇടയിലേക്ക് അവരോഹണം ചെയ്യുന്നത് ആരാണ്? സ്വർഗീയർ
34. ശോശപ്പാ ഉയർത്തി ആഘോഷിക്കുന്ന സമയത്ത് ആരോഹണവും അവരോഹണവും ചെയ്യുന്നത്

www.malankaralibrary.com

കൊണ്ട് ശോശപ്പായെ എങ്ങനെ ചലിപ്പിക്കുന്നു? മുകളിലോട്ടും താഴോട്ടും

35. യാക്കോബ് ബഥേലിൽ കണ്ട ഗോവണിയോട് സദൃശ്യപ്പെടുത്തിയിരിക്കുന്ന വസ്തു എന്താണ്? ശോശപ്പ
36. യാക്കോബ് ബഥേലിൽ കണ്ട ഗോവണിയിലൂടെ മാലാഖമാർ ചെയ്തത് എന്താണ്? ഭൂമിയിലേക്ക് ഇറങ്ങുകയും സ്വർഗത്തിലേക്ക് കയറുകയും
37. ശോശപ്പാ ആഘോഷ സമയത്ത് വൈദികൻ രഹസ്യമായി ചൊല്ലുന്ന പ്രാർത്ഥനയിലൂടെ ശോശപ്പായെ എന്തിനോട് സദൃശ്യപ്പെടുത്തിയിരിക്കുന്നു? ഇസ്രായേല്യർക്ക് വെള്ളമൊഴുക്കി കൊടുത്ത പാറയോട് (സംഖ്യ 20:2-13).
38. പാറയിൽ നിന്ന് ധാരാളം വെള്ളം ഒഴുകിയതു പോലെ ക്രിസ്തുവാകുന്ന ആത്മീയ പാറയിൽനിന്ന് ദൈവകൃപയാകുന്ന ജീവജലം (ജറെമിയാ 2:13) എവിടേക്ക് ധാരാളമായി ഒഴുകുന്നു? സഭയിലേക്ക്
39. കർത്താവിൻ്റെ കബറിടത്തിൽ വയ്ക്കപ്പെട്ട പാറയ്ക്കു സദൃശ്യമായ കുർബാനയിൽ ഉപയോഗിക്കുന്ന തുണി ഏതാണ്? ശോശപ്പാ
40. ശോശപ്പായുടെ ചലനം എന്തിനെ സൂചിപ്പിക്കുന്നു? ഉയിർപ്പു സമയത്തുണ്ടായ ഭൂകമ്പത്തെ
41. കർത്താവിൻ്റെ കബറിൽ വയ്ക്കപ്പെട്ട പാറ മാറിയപ്പോൾ യാഥാർഥ്യമായത് എന്ത്? കർത്താവിൻ്റെ ഉയിർപ്പ്
42. ശോശപ്പാ മാറ്റുമ്പോൾ ആരാധനാസമൂഹം ആരെയാണ് ദർശിക്കുന്നത്? ഉയിർത്തെഴുന്നേറ്റ യേശുവിനെ
43. ശോശപ്പാ മാറ്റുമ്പോൾ ശുശ്രൂഷകന്റെ പ്രഖ്യാപനത്തിനു ജനം മറുപടിയായി ചൊല്ലുന്ന പ്രാർത്ഥന ഏതാണ്? “ഈ കുർബാന അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്നു"

www.malankaralibrary.com

44. ദേവാലയത്തിൽ സമ്മേളിച്ചിരിക്കുന്ന വിശ്വാസികൾക്ക് പുരോഹിതൻ ഏതു ആശിർവാദം നല്കി അവരെ ത്രിത്വത്തിന് ഭരമേല്പിക്കുന്നു? ശ്ലൈഹിക ആശിർവാദം
45. പുരോഹിതൻ ത്രിത്വത്തിന് ഭരമേല്പിക്കുന്ന ശ്ലൈഹിക ആശിർവാദം ഏതാണ്? "പിതാവായ ദൈവത്തിൻ്റെ സ്നേഹവും + ഏകജാതൻ്റെ കൃപയും + പരിശുദ്ധാത്മാവിന്റെ സംസർഗവും ആവാസവും + എൻ്റെ സഹോദരങ്ങളേ, നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ".
46. പുരോഹിതൻ ത്രിത്വത്തിന് ഭരമേല്പിക്കുന്ന ശ്ലൈഹിക ആശിർവാദം പൗലോസ് ശ്ലീഹായുടെ ഏതു ലേഖനത്തിലെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്? 2 കോറിന്തോസ് 13:14
47. ബലി അർപ്പണം ആരിൽ കേന്ദ്രീകൃതമാണെന്ന് ത്രിത്വനാമത്തിലുള്ള ശ്ലൈഹിക ആശിർവാദം സൂചിപ്പിക്കുന്നു? ത്രിത്വത്തിൽ
48. "ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിൻ്റെ വലതുഭാഗത്ത് മിശിഹാ തമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിലായിരിക്കണം" എന്ന് പറഞ്ഞുകൊണ്ട് സമൂഹത്തിന്റെ ശ്രദ്ധയെ പ്രത്യേകമായി എവിടേക്കാണ് ക്ഷണിക്കുന്നത്? തുറക്കപ്പെട്ടിരിക്കുന്ന സ്വർഗത്തിലേക്ക്
49. തുറക്കപ്പെട്ട സ്വർഗത്തിന്റെ അനുഭവത്തിൽനിന്നുകൊണ്ട് പുരോഹിതൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നതു എന്താണ്? "ഭയഭക്തിയോടുകൂടി കർത്താവിനെ നമുക്കു സ്തോത്രം ചെയ്യാം"
50. ഈ സ്തോത്രാർപ്പണം ബലി അർപ്പണത്തിന്റെ അടിസ്ഥാന ഘടകമാണെന്നും ഇപ്രകാരം ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നത് യുക്തവും ന്യായവുമാണ്. ഏതനുഭവത്തിൽ നിന്നുകൊണ്ട് വിശ്വാസികൾ

www.malankaralibrary.com

ഏറ്റുപറയുന്നു? തുറക്കപ്പെട്ട സ്വർഗത്തിന്റെ അനുഭവത്തിൽ

51. പ്രതീകാത്മകമായി സ്വർഗം തുറക്കപ്പെട്ടിരിക്കുന്ന അവസരത്തിൽ സ്വർഗീയരും ഭൗമികരും മാലാഖമാരും മനുഷ്യരും പ്രപഞ്ചം മുഴുവനും ഒന്നുചേർന്ന് ദൈവത്തെ പാടി സ്തുതിക്കുന്നത് എന്ത്? 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'
52. മാലാഖമാരുടെ കീർത്തനം വഴി ഭൗമികസഭയും സ്വർഗത്തിലെ ഏതു സഭയും ഒന്നുചേർന്ന് ദൈവത്തെ സ്തുതിക്കുന്നതിന് ഇടയാകുന്നു? വിജയസഭയും
53. നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്കുയർത്തുകയും മാലാഖമാരോടൊന്നിച്ച് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന സമയം മുതൽ നാം സ്വർഗത്തിലേക്ക് എങ്ങന ഉയരുകയും നമ്മിൽ സ്വർഗീയ അനുഭൂതി ഉളവാകുകയും ചെയ്യുന്നു? ആത്മീയമായി
54. മാലാഖമാരോടൊന്നിച്ചുള്ള ഗാനാലാപനം വഴി നിത്യമായി ദൈവത്തെ സ്തുതിക്കുവാൻ സഭ നമ്മെ എവിടേക്ക് ഒരുക്കുകയാണ് ചെയ്യുന്നത്? സ്വർഗീയ ജറുസലേമിൽ
55. ഏശയ്യാ പ്രവാചകനുണ്ടായ ദർശനവും (ഏശയ്യാ 6:3, വെളിപാട് 4:8), യേശുവിന്റെ ജറുസലേം പ്രവേശനസമയത്തെ ഓശാനാലാപനവും (മത്തായി 21:9, ലൂക്കാ 19:38, സങ്കീർത്തനങ്ങൾ 118:26) ഒന്നിച്ച് ചേർത്തുള്ള ഒരു കീർത്തനം ഏതാണ്? മാലാഖമാരുടെ കീർത്തനം
56. സുറിയാനി പിതാക്കന്മാരുടെ ചിന്തയനുസരിച്ച് ഏശയ്യാ സ്വർഗീയ സിംഹാസനത്തിൽ കണ്ടത് ആരെയാണ്? പുത്രൻ തമ്പുരാനെ
57. മാലാഖമാരുടെ കീർത്തനം വിശുദ്ധ കുർബാനയുടെ എന്താണ് സൂചിപ്പിക്കുന്നത്? സ്വർഗീയ ഭാവത്തെ
58. മനുഷ്യൻ മാലാഖമാരുടെ കൂടെ സ്വർഗീയ സിംഹാസനത്തിന്റെ അരികിൽ നിൽക്കുന്നതും സ്വർഗീയ അനുഭവത്തിൽ പങ്കാളിയാകുന്നതും ഏതു

www.malankaralibrary.com

പ്രാർത്ഥന അർത്ഥമാക്കുന്നു? മാലാഖമാരുടെ കീർത്തനം

59. ഏതു കീർത്തനത്തിൽ പരിശുദ്ധൻ എന്ന് മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നതും ദൈവമായ കർത്താവ് എന്ന് ഒരു പ്രാവശ്യം പറഞ്ഞിരിക്കുന്നതും ഏകദൈവം മൂന്നായി പ്രഘോഷിപ്പിക്കപ്പെടുന്നു എന്നും കാണിക്കുന്നു? മാലാഖമാരുടെ കീർത്തനത്തിൽ

60. മാലാഖമാരുടെ കീർത്തനം പാടി സ്തുതിപ്പിൻ്റെ സമയത്ത് പുരോഹിതൻ അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ കൈകൾ ആവസിപ്പിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്? പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ദിവ്യരഹസ്യത്തിന്മേൽ വന്നാവസിക്കുന്നതിനെ

61. മാലാഖമാരുടെ കീർത്തനം പാടുന്ന സമയത്ത് പുരോഹിതൻ നടത്തുന്ന രഹസ്യപ്രാർത്ഥനയിൽ എന്താണ് അനുസ്മരിക്കുന്നത്? പരിശുദ്ധത്രിത്വത്തിലെ ഓരോ വ്യക്തിയെയും പ്രത്യേകം സ്തുതിക്കുകയും യേശുവിൻ്റെ രക്ഷാകര പ്രവൃത്തികളെ അനുസ്മരിക്കുന്നു

62. യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ തുടർച്ചയെന്നവണ്ണം സെഹിയോൻ മാളികയിൽവച്ച് യേശു അന്ത്യ അത്താഴസമയത്ത് അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി തന്റെ ശരീരവും രക്തവുമാക്കി മാറ്റി ശിഷ്യന്മാർക്കു നല്കിയതിനെ അനുസ്മരിക്കുകയും വിവരിക്കുകയും ചെയ്യുന്ന വിശുദ്ധ കൂർബാനയിലെ കർമ്മം ഏതാണ്? സ്ഥാപന വചനങ്ങൾ ചൊല്ലുന്നത്

63. സ്ഥാപന വചനങ്ങൾ ചൊല്ലി കാർമികൻ ക്രിസ്തുവിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് ചരിത്രത്തിൽ ക്രിസ്തു ചെയ്ത രക്ഷാകര പ്രവൃത്തികൾ ഇവിടെ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുകൊണ്ട് വീണ്ടും

www.malankaralibrary.com

എന്താണ് യാഥാർത്ഥ്യമാക്കിതീർക്കുന്നത്? ക്രിസ്തുവിൻ്റെ രക്ഷാകര പ്രവൃത്തികളെ

64. പുരോഹിതൻ അപ്പം കൈയിലെടുത്ത് ചൊല്ലുന്ന സ്ഥാപന വചനങ്ങൾ ഏതാണ്? "പാപമില്ലാത്തവൻ പാപികളായ ഞങ്ങൾക്കുവേണ്ടി തിരുവിഷ്ടപ്രകാരം മരണം കൈവരിക്കുവാൻ ഒരുങ്ങിയപ്പോൾ വിശുദ്ധ കൈകളിൽ അപ്പമെടുത്ത് സ്തോത്രം ചെയ്തു. വാഴ്ത്തി + +, ശുദ്ധീകരിച്ചു +, മുറിച്ചു. വിശുദ്ധ ശ്ലീഹന്മാർക്കു നല്കിക്കൊണ്ട് അരുളിച്ചെയ്തു. വാങ്ങി ഭക്ഷിക്കുവിൻ. ഇത് എൻ്റെ ശരീരം ആകുന്നു. ഇത് നിങ്ങൾക്കുവേണ്ടിയും അനേകർക്കു വേണ്ടിയും മുറിക്കപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്നു".
65. സ്ഥാപന വചനങ്ങളിൽ “അപ്പമെടുത്ത്" എന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? കന്യകയിൽനിന്ന് യേശു ജഡമെടുത്തതു എന്നത്
66. സ്ഥാപന വചനങ്ങളിൽ “സ്വർഗത്തിലേക്ക് നോക്കി സ്തോത്രം ചെയ്തു" എന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? പിതാവിൻ്റെ അനുമതി യാചിച്ചതിനെ
67. സ്ഥാപന വചനങ്ങളിൽ “വാഴ്ത്തി ശുദ്ധീകരിച്ചു" എന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? തൻ്റെ ശരീരം ലോകർക്കുവേണ്ടി ശുദ്ധീകരിച്ചു എന്നതിനെ
68. സ്ഥാപന വചനങ്ങളിൽ “മുറിച്ചു" എന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? തൻ്റെ കഷ്ടാനുഭവത്തെയും കുരിശു മരണത്തെയും തൻ്റെ ശരീരം ലോകത്തിനായി നുറുക്കപ്പെട്ടതിനെ
69. സ്ഥാപന വചനങ്ങളിൽ “ശിഷ്യർക്ക് നല്കി" എന്നത് എന്താണ് അനുസ്മരിപ്പിക്കുന്നത്? വിശ്വാസികൾക്ക് ഭരമേല്പിച്ചു എന്നതിനെ
70. സ്ഥാപന വചനങ്ങളിൽ “എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു" എന്നീ പ്രയോഗങ്ങൾ വഴി വിശുദ്ധ കുർബാന എന്താണെന്ന് സൂചിപ്പിക്കുന്നു? ഒരു

www.malankaralibrary.com

അനുസ്മരണം മാത്രമല്ല ഒരു അനുഷ്ഠാനം കൂടിയാണെന്ന്

71. പുരോഹിതൻ വീഞ്ഞ് കൈയിൽ എടുത്ത് ചൊല്ലുന്ന സ്ഥാപന വചനങ്ങൾ ഏതാണ്? "അപ്രകാരം കാസായും എടുത്ത് സ്തോത്രം ചെയ്തു. വാഴ്ത്തി ++, ശുദ്ധീകരിച്ചു +, വിശുദ്ധ ശ്ലീഹന്മാർക്ക് നല്കിക്കൊണ്ട് അവരോട് കല്പിച്ചു. നിങ്ങളെല്ലാവരും വാങ്ങി ഇതിൽനിന്നും പാനം ചെയ്യുവിൻ. ഇത് എൻ്റെ രക്തമാകുന്നു. ഇത് നിങ്ങൾക്കു വേണ്ടിയും അനേകർക്കു വേണ്ടിയും ചിന്തപ്പെടുകയും പാപമോചനത്തിനും നിത്യജീവനുമായി നല്കപ്പെടുകയും ചെയ്യുന്നു"
72. സ്ഥാപന വചനങ്ങളിൽ "നിങ്ങൾക്കുവേണ്ടി" എന്നതുകൊണ്ട് എന്താണ് അനുസ്മരിപ്പിക്കുന്നത്? യേശു തൻ്റെ രക്തം ചിന്തിയത് എല്ലാമനുഷ്യ വംശത്തിനുവേണ്ടി
73. സ്ഥാപന വചനങ്ങളിൽ "അനേകർക്കുവേണ്ടി" എന്നതിലൂടെ എന്താണ് അർത്ഥമാക്കുന്നത്? ലോകാവസാനം വരെയുള്ള ധാരാളം ആളുകൾ ഇതിൽനിന്നും ഫലം ഉൾക്കൊള്ളും
74. സ്ഥാപന വചനങ്ങളിൽ "ചിന്തപ്പെടുന്ന" എന്ന പദത്തിലൂടെ എന്താണ് സൂചിപ്പിക്കുന്നത്? ബലിയർപ്പിക്കപ്പെടുന്ന മൃഗത്തിൻ്റെ രക്തത്തെ
75. സ്ഥാപന വചനങ്ങളിൽ "ചിന്തപ്പെടുന്ന" എന്ന പദത്തിലൂടെ എന്താണ് അനുസ്മരിക്കുന്നതു?
    യേശുവിന്റെ കാൽവരിയിലെ രക്തം ചിന്തലിനെയും കുരിശുമരണത്തേയും
76. സ്ഥാപന വചനങ്ങളിൽ അപ്പവും വീഞ്ഞും യേശുവിൻ്റെ ശരീരവും രക്തവുമാക്കി നല്കുന്നത് എന്തിന് വേണ്ടിയാണെന്ന് ഈ വിവരണം സൂചിപ്പിക്കുന്നു?
    ഒന്നാമതായി പാപമോചനം രണ്ടാമതായി നിത്യജീവൻ

www.malankaralibrary.com

77. അന്ത്യ അത്താഴത്തിനുശേഷം യേശു ശിഷ്യരോട് കല്പ്പിച്ചതു എന്താണ്?
"ഇത് എൻ്റെ ഓർമയ്ക്കായി ചെയ്യുവിൻ"
78. കല്പനാനുസ്മരണ പ്രാർത്ഥന ഏതാണ്?
'ഇത് എൻ്റെ ഓർമയ്ക്കായി ചെയ്യുവിൻ'
79. അന്ത്യ അത്താഴത്തിനുശേഷം യേശു ശിഷ്യരോട് കല്പ്പിച്ചതുപോലെ വിശുദ്ധ കുർബാനയിലൂടെ പുരോഹിതൻ ഈ കല്പന പ്രത്യേകം എപ്പോൾ അനുസ്മരിച്ച് ഏറ്റുപറയുന്നു?
സ്ഥാപന വചനങ്ങൾക്കുശേഷം 'ഇത് എൻ്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന ആഹ്വാനത്തിലൂടെ
80. യേശുവിന്റെ രക്ഷാകര സംഭവങ്ങളുടെ മുഴുവൻ അനുസ്മരണം എന്നത് എന്താണ്?
വിശുദ്ധ കുർബാന
81. യേശുവിൻ്റെ രക്ഷാകര സംഭവങ്ങൾ വിശുദ്ധ കുർബാനയിൽ ഓർമിക്കുക മാത്രമല്ല ചെയ്യുന്നത്, പിന്നെ എന്തൊക്കയാണ് ചെയ്യുന്നത്?
അനുസ്മരിക്കുകയും (Anamnesis) അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു
82. രക്ഷാകര ചരിത്രത്തിൻറെ അനുസ്മരണം വഴി നാം പങ്കുപറ്റുകയും അതിന്റെ ഫലം പ്രാപിക്കുകയും ചെയ്യുന്നത് എന്തിലാണ്?
യേശുവിന്റെ രക്ഷാകര സംഭവങ്ങളിൽ
83. വൈദികൻ ഇടതുവശത്തു നിന്നും സ്പൂൺ എടുത്ത് കാസായിലും പീലാസായിലും തബ്ലീത്തായിലും നെറ്റിയിലും തൊട്ട് വലതുവശത്തേയ്ക്ക് ഉയർത്തി കാട്ടുന്നതുവഴി എന്താണ് അനുസ്മരിക്കുന്നത്?
യേശുവിൻ്റെ രക്ഷാകരസംഭവങ്ങളെ
84. ശരീരവും രക്തവും വെവ്വേറെ വച്ചിരിക്കുന്ന പീലാസായിലും കാസായിലും സ്പൂൺ കൊണ്ട് തൊടുന്നതു എന്താണ് അനുസ്മരിക്കുന്നത്?
യേശുവിൻ്റെ മരണത്തെ
85. സ്പൂൺ കൊണ്ട് തബ്ലീത്തായിൽ തൊടുന്നതു എന്താണ് അനുസ്മരിക്കുന്നത്?

www.malankaralibrary.com

യേശുവിൻ്റെ കബറടക്കത്തെ

86. സ്പൂൺ കൊണ്ട് നെറ്റിയിൽ തൊടുന്നതു എന്താണ് അനുസ്മരിക്കുന്നത്?

യേശുവിൻ്റെ പുനരുത്ഥാനത്തെ

87. സ്വർണനിറമുള്ള സ്പൂൺ ഇടതുനിന്നും വലതുഭാഗത്തേയ്ക്ക് ഉയർത്തി പെട്ടെന്ന് താഴ്ത്തുന്നത് എന്താണ് അനുസ്മരിക്കുന്നത്?

യേശുവിൻ്റെ രണ്ടാമത്തെ വരവിനെ

88. സ്പൂൺ യേശുവിനെയും അത് വച്ചിരിക്കുന്ന കുഷ്യൻ സിംഹാസനത്തെയും സൂചിപ്പിക്കുന്നു. ഇവ രണ്ടും വലതുവശത്തു വയ്ക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

ന്യായവിധിയിൽ ക്രിസ്തു പിതാവിൻ്റെ വലതുവശത്ത് ഇരിക്കുന്നതിനെ

89. പൗരസ്ത്യ ദർശനമനുസരിച്ച് എല്ലാ കൂദാശകളും പൂർത്തീകരിക്കുന്നത് ആരുടെ വരവോടെയാണ്?

പരിശുദ്ധാത്മാവിന്റെ

90. പരിശുദ്ധ രഹസ്യങ്ങളുടെമേൽ പുരോഹിതൻ കൈകൾ ആഘോഷപൂർവം ചലിപ്പിക്കുന്നത് ആര് പ്രതാപത്തോടുകൂടി ഇറങ്ങിവരുന്നതിനെയാണ് സൂചിപ്പിക്കുന്നത്?

പരിശുദ്ധാത്മാവ്

91. റുഹാക്ഷണ പ്രാർത്ഥന സമയത്ത് പുരോഹിതൻ ഏത് രീതിയിൽ കൈകൾ ചലിപ്പിച്ച് പരിശുദ്ധാത്മാവ് ദിവ്യരഹസ്യങ്ങളുടെമേൽ വന്നാവസിക്കുന്നതിനെ സൂചിപ്പിക്കുന്നത്?

പരിശുദ്ധാത്മ പ്രതീകമായ പ്രാവ് പറക്കുന്നതു പോലെ

92. അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമാക്കി പൂർത്തീകരിക്കുവാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുന്ന പ്രാർത്ഥനയുടെ പേരെന്താണ്?

റുഹാക്ഷണ പ്രാർത്ഥന

www.malankaralibrary.com

93. ശുശ്രൂഷകൻ റൂഹായുടെ ആവാസത്തെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തുമ്പോൾ പുരോഹിതൻ കൈ ചലിപ്പിച്ചുകൊണ്ട് നടത്തുന്ന രഹസ്യ പ്രാർത്ഥനയുടെ ഉള്ളടക്കം എന്താണ്?

ബലിവസ്തുക്കളിലും ആരാധക സമൂഹത്തിൻ്റെമേലും പരിശുദ്ധാത്മാവിനെ അയച്ചു തരണമേ എന്ന് പ്രാർത്ഥിക്കുന്നു

94. ആരുടെ ആവാസത്താൽ അപ്പവും വീഞ്ഞും യേശുവിൻ്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നു?

പരിശുദ്ധാത്മാവിന്റെ

95. റുഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് സഭയുടെ പ്രാർത്ഥന എന്താണ്?

വിശ്വാസികളുടെ ഹൃദയത്തിൽ ആത്മാവിന്റെ സാന്നിധ്യം മൂലം രൂപാന്തരം ഉണ്ടാകണമേ

96. റുഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് പുരോഹിതൻ അപ്പത്തിൻ്റെമേലും വീഞ്ഞിന്റെമേലും പ്രത്യേകം കൈ ആവസിപ്പിച്ച് അവയെ എന്തായി പൂർത്തിയാക്കുന്നു?

കർത്താവിൻ്റെ ശരീരവും രക്തവും

97. ബലിവസ്തുക്കളിന്മേലുള്ള പരിശുദ്ധാത്മാവിന്റെ ആവാസം ബലിയിൽ ദൈവം സംപ്രീതനായിരിക്കുന്നു, ദൈവം അത് സ്വീകരിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കുന്ന ദൈവവചന ഭാഗങ്ങൾ ഏതൊക്കെയാണ്?

അപ്പസ്തോല പ്രവർത്തനങ്ങൾ 2:1, 2 ദിനവൃത്താന്തം 7:1, 1 രാജാക്കന്മാർ 18:38

98. പരിശുദ്ധാത്മാവ് കന്യകയുടെ ഗർഭത്തിൽ ഇറങ്ങിവസിച്ച് ദൈവപുത്രന് ശരീരം നല്കിയതുപോലെ പരിശുദ്ധാത്മാവ് ത്രോണോസിലെ അപ്പത്തിൻ്റെയും വീഞ്ഞിന്റെയും മേൽ ഇറങ്ങി വസിച്ച് എന്തായി മാറ്റുന്നു?

യേശുവിൻ്റെ ശരീരവും രക്തവുമാക്കി

www.malankaralibrary.com

99. മധ്യസ്ഥ പ്രാർത്ഥനയെ സുറിയാനിയിൽ പറയുന്നത് എന്താണ്?
    തുബ്ദേൻ
100. തുബ്ദേൻ എന്നതിൻറെ അർത്ഥം എന്താണ്?
    എന്നാൽ വീണ്ടും
101. തുബ്ദേൻ പ്രാർത്ഥനകൾ ഏതു പ്രാർത്ഥനയുടെ തുടർച്ചയാണ്?
    റൂഹാക്ഷണ പ്രാർത്ഥന
102. ക്രിസ്തുവിൻ്റെ തിരുശരീരരക്തങ്ങളുടെ സാന്നിധ്യത്തിൽ പ്രത്യേക ഫലമുള്ളതിനാലാണ് റൂഹാക്ഷണ പ്രാർത്ഥനയ്ക്കുശേഷം ഏതു പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്?
    മധ്യസ്ഥ പ്രാർത്ഥന
103. മധ്യസ്ഥപ്രാർത്ഥനയിൽ പുരോഹിതൻ രഹസ്യമായും പരസ്യമായും ചൊല്ലുന്ന പ്രാർത്ഥനകൾ എത്ര?
    12
104. ശുശ്രൂഷകൻ ഉറക്കെ ചൊല്ലുന്ന മധ്യസ്ഥ പ്രാർത്ഥനകൾ എത്ര?
    ആറു
105. മധ്യസ്ഥപ്രാർത്ഥനയിൽ ഉള്ള മൊത്തം പ്രാർത്ഥനകൾ എത്ര?
    18
106. മധ്യസ്ഥപ്രാർത്ഥനയിലെ ആദ്യത്തെ മൂന്നു പ്രാർത്ഥനകൾ ആർക്കു വേണ്ടിയുള്ളതാണ്?
    ജീവിച്ചിരിക്കുന്നവർക്കു
107. മധ്യസ്ഥപ്രാർത്ഥനയിലെ ആവസാനത്തെ മൂന്നു പ്രാർത്ഥനകൾ ആർക്കു വേണ്ടിയാണ്?
    മരിച്ചവർക്ക്
108. മലങ്കര കുർബാനയിൽ ഏതു സമയത്ത് ഓരോരുത്തരുടെയും വ്യക്തിപരമായ അപേക്ഷകൾ ദൈവസന്നിധിയിൽ സമർപ്പിക്കാവുന്നതാണ്?
    മധ്യസ്ഥപ്രാർത്ഥനയിൽ

## 10.8 വിശുദ്ധ കുർബാന - ബലി വിരുന്ന്

www.malankaralibrary.com

1. വിശുദ്ധ കുർബാനയിൽ അപ്പം മുറിക്കൽ ശുശ്രൂഷ മുതൽ സമാപനാശീർവാദം വരെയുള്ള ഭാഗത്തിന് എന്താണ് പേര്?

ബലി വിരുന്ന്

2. അനാഫൊറായുടെ രണ്ടാം ഭാഗം ഏതാണ്?

ബലി വിരുന്ന്

3. തിരുശരീരം മുറിക്കുകയും പീലാസായിൽ ക്രമപ്പെടുത്തി വയ്ക്കുകയും തിരുശരീരവും തിരുരക്തവും തമ്മിൽ കലർത്തുകയും ചെയ്യുന്ന അതിപ്രധാനമായ ശുശ്രൂഷ മറയ്ക്കുള്ളിൽ രഹസ്യാത്മകമായി കാർമികൻ നിർവഹിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് എന്താണ് പേര്?

അപ്പം മുറിക്കൽ ശുശ്രൂഷ

4. അപ്പം മുറിക്കൽ ശുശ്രൂഷയുടെ വേറെ പേരെന്താണ്?

ഖണ്ഡിപ്പിൻ്റെ ശുശ്രൂഷ

5. അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമയത്ത് പാടാനുള്ള ഗാനങ്ങൾ ഏതൊക്കയാണ്?

"അൻപുടയോനെ നിൻ വാതിൽ", "സാപ്പികളെ കണ്ടേശായ", "നീതിജ്ഞൻ താതാ കാൺക"

6. വചനമായ ദൈവം സത്യമായി ശരീരത്തിൽ കഷ്ടതയനുഭവിച്ചെന്നും കുരിശിൽ ബലികഴിക്കപ്പെട്ടെന്നും ശരീരം നുറുക്കപ്പെട്ടെന്നും സൂചിപ്പിക്കുന്ന കർമ്മം എന്താണ്?

കാർമികൻ തിരുശരീരം കൈയിലെടുത്ത് ഉയർത്തി രണ്ടായി മുറിക്കുന്നത്

7. ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിൻ്റെ കുഞ്ഞാട് (യോഹന്നാൻ 1:29) അറുക്കപ്പെട്ടതിനെ അർത്ഥമാക്കുന്ന കർമ്മം ഏതാണ്?

അപ്പം മുറിക്കുന്നത്

8. മുറിക്കപ്പെട്ട തിരുശരീരം പീലാസായിൽ ക്രമീകരിക്കുന്നത് ഏതിനോട് സാമ്യപ്പെടുത്തുന്നു?

www.malankaralibrary.com

പഴയ നിയമത്തിൽ ദഹനയാഗമനുസരിച്ച് അറുക്കപ്പെട്ട മൃഗത്തെ ബലിപീഠത്തിൽ ക്രമീകരിക്കുന്നതിനോട്

9. മുറിക്കപ്പെട്ട അപ്പത്തിൻ്റെ ഒരു ഭാഗം തിരുരക്തത്തിൽ മുക്കി അപ്പത്തിൻ്റെ മുറിക്കപ്പെട്ട ഭാഗത്ത് പുരട്ടുന്നതിലൂടെ എന്താണ് അർത്ഥമാക്കുന്നത്?

മുറിക്കപ്പെട്ട ശരീരം അവിടുത്തെ രക്തത്താൽ നനഞ്ഞു എന്നും അവിടുന്ന് രക്തം ചിന്തി മരിച്ചു എന്നും അർത്ഥമാക്കുന്നു

10. അപ്പം മുറിക്കൽ ശുശ്രൂഷയുടെ അവസാനം മൂന്നു പ്രാവശ്യം തിരുരക്തം തിരുശരീരത്തിൽ പുരട്ടി യോജിപ്പിക്കുന്നതിലൂടെ എന്താണ് സൂചിപ്പിക്കുന്നത്?

യേശുവിൻ്റെ ഉയിർത്തെഴുന്നേല്പ്

11. ലേവ്യർ 17:11 പ്രകാരം ശരീരത്തിൻ്റെ ജീവൻ ഏതിലാണ്?

രക്തത്തിൽ

12. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തപ്പോൾ എന്താണ് ശരീരത്തോട് ചേർന്നത്?

ആത്മാവ്

13. ഉയിർത്തെഴുന്നേറ്റ കർത്താവിൻ്റെ ശരീരം, എങ്ങനെയുള്ള ശരീരമാണ്?

മഹത്ത്വീകരിക്കപ്പെട്ട

14. അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ കാർമികൻ പ്രതീകാത്മകമായി അനുസ്മരിക്കുന്ന യേശുവിൻ്റെ രക്ഷാകര രഹസ്യങ്ങൾ എന്തൊക്കെയാണ്?

പീഡാനുഭവം, കുരിശുമരണം, പുനരുത്ഥാനം

15. അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ കാർമികൻ ക്രിസ്തുവിന്റെ ജീവിതത്തിലെ വളരെ പ്രധാന സംഭവങ്ങൾ പ്രതീകങ്ങളിലൂടെ രഹസ്യാത്മകമായിട്ടാണ് അനുഷ്ഠിക്കുന്നത്. ഈ രഹസ്യാത്മകതയെ സൂചിപ്പിക്കുവാനായി ചെയ്യുന്നതു എന്താണ്?

മറയിടുന്നു

16. അപ്പം മുറിക്കൽ ശുശ്രൂഷയുടെ സമയത്ത് മറയിടുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

www.malankaralibrary.com

ക്രിസ്തുവിൻ്റെ കുരിശുമരണ സമയത്ത് ആറാം മണിമുതൽ ഒമ്പതാം മണിവരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതിലൂടെ പ്രകൃതിപോലും യേശുവിന്റെ കുരിശുമരണം നേരിൽ കാണാതെ മറഞ്ഞുനിന്നതിനെ

17. അപ്പം മുറിക്കൽ ശുശ്രൂഷയുടെ അവസാനം മറ തുറക്കുന്നത് എന്തിനെ ഓർമിപ്പിക്കുന്നു?

കർത്താവിന്റെ കുരിശുമരണ സമയത്ത് ജറുസലേം ദേവാലയത്തിലെ തിരശീല മുകൾതൊട്ട് അടിവരെ രണ്ടായി കീറിയതിനെ ഓർമിപ്പിക്കുന്നു (ലൂക്കാ 23:45).

18. അപ്പം മുറിക്കൽ ശുശ്രൂഷയുടെ അവസാനം മറ മാറ്റുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

പാപം മൂലം നഷ്ടപ്പെട്ട പറുദീസായിലേക്കും സ്വർഗപിതാവിൻ്റെ സന്നിധിയിലേക്കും യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യവംശത്തിന് പ്രവേശനം ലഭിച്ചതിനെ

19. അപ്പം മുറിക്കൽ ശുശ്രൂഷയിൽ മറയ്ക്കുള്ളിൽ കർത്താവിൻ്റെ കുരിശുമരണവും ഉയിർപ്പും അനുസ്മരിച്ച ശേഷം മറ നീക്കുന്നത് സ്വർഗം തുറക്കുന്നതിനെയും ഉയിർത്തെഴുന്നേറ്റ കർത്താവ് ആർക്ക് പ്രത്യക്ഷപ്പെട്ടതിനെ സുചിപ്പിക്കുന്നു?

തന്റെ ശ്ലീഹന്മാർക്ക്

20. കർത്താവിന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ ദൈവമക്കളായി തീർന്ന നാം ആത്മ ധൈര്യത്തോടെ ദൈവത്തെ എങ്ങനെ വിളിച്ചു പ്രാർത്ഥിക്കുന്നു?

"സ്വർഗസ്ഥനായ പിതാവേ".

21. ക്രിസ്തീയ സഭയുടെ കുടുംബ പ്രാർത്ഥന എന്നു ജറുസലേമിലെ വിശുദ്ധ കൂറിലോസ് ഏതു പ്രാർത്ഥനയെ വിശേഷിപ്പിച്ചിട്ടുണ്ട്?

കർത്തൃപ്രാർത്ഥന

22. മാമോദീസാ സ്വീകരിച്ച ക്രിസ്ത്യാനികളുടെ വലിയ അവകാശമായ പ്രാർത്ഥന ഏതാണ്?

www.malankaralibrary.com

കർത്ത്യപ്രാർത്ഥന.

23. മാമോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിൻ്റെ കൃപയാലാണ് ദൈവത്തെ നാം എങ്ങനെ വിളിക്കുന്നു?

പിതാവെന്ന്

24. ദൈവത്തെ നാം പിതാവെന്ന് വിളിക്കുന്നതിന് നമ്മെ യോഗ്യരാക്കിയത് എന്താണ്?

യേശുക്രിസ്തുവിൻ്റെ മരണവും ഉത്ഥാനവും

25. മലങ്കര കുർബാനയിൽ അർത്ഥവത്തായിട്ട് കർത്ത്യ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത് എപ്പോൾ?

കർത്താവിൻ്റെ മരണവും ഉത്ഥാനവും അനുസ്മരിച്ചശേഷം

26. കർത്ത്യപ്രാർത്ഥനയ്ക്കുശേഷമുള്ള പ്രാർത്ഥനയിലൂടെ തലകുനിച്ചു നിൽക്കുന്നത് ഏതിൻറെ പ്രധാനഭാവമാണ്?

അനുസരണത്തിന്റെ

27. കർത്ത്യപ്രാർത്ഥനയ്ക്കുശേഷമുള്ള പ്രാർത്ഥനയിലൂടെ തലകുനിച്ചു നിൽക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്?

വിശുദ്ധ കുർബാന സ്വീകരിക്കുവാൻ നാം യോഗ്യരല്ല എന്നും അയോഗ്യരായ നമുക്ക് വിശുദ്ധ കുർബാന ദൈവം നല്കുന്ന മഹത്തായ ദാനമാണെന്നും അതിനാൽ നാം ഇത് സ്വീകരിക്കുന്നത് ദൈവത്തോടുള്ള വിധേയത്വത്തിലും അനുസരണത്തിലുമായിരിക്കണം എന്നും സൂചിപ്പിക്കുന്നു

28. മറ നീക്കി കർത്ത്യപ്രാർത്ഥനയ്ക്കുശേഷം പട്ടക്കാരൻ നല്കുന്ന ഒന്നിലധികം സമാധാനാശംസകൾ എന്താണ് അർത്ഥമാക്കുന്നത്?

നമ്മുടെ കർത്താവ് ഉയിർപ്പിനുശേഷം പല പ്രാവശ്യം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ചതിനെ

29. കർത്ത്യപ്രാർത്ഥനയ്ക്കുശേഷം മൂന്നാമത്തെ ആശിർവാദം എന്ത് സൂചിപ്പിക്കുന്നു?

www.malankaralibrary.com

സ്വർഗാരോഹണ സമയത്ത് യേശു ശിഷ്യന്മാരെ ഒലിവുമലയിലേക്കു കൊണ്ടുപോയി തന്റെ തൃക്കൈകളുയർത്തി അവരെ അനുഗ്രഹിച്ചതിനെ

30. "വിശുദ്ധ രഹസ്യങ്ങൾ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നല്കപ്പെടുന്നു" എന്ന് ഉച്ചരിച്ചുകൊണ്ട് വിശുദ്ധ രഹസ്യങ്ങൾ മുകളിലേക്ക് ഉയർത്തി ആഘോഷിക്കുന്ന ശുശ്രൂഷയ്ക്ക് പേരെന്താണ്?

തിരുശരീര രക്തങ്ങളുടെ ആഘോഷം

31. തിരുശരീര രക്തങ്ങളുടെ ആഘോഷത്തിൽ തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

കർത്താവിന്റെ സ്വർഗാരോഹണത്തെ

32. തിരുശരീര രക്തങ്ങളുടെ ആഘോഷ വേളയിൽ കാർമികൻ്റെ ഇരുവശത്തും മെഴുകുതിരികൾ കത്തിച്ച് ഉയർത്തിപ്പിടിക്കുന്ന പാരമ്പര്യം എന്താണ് അനുസ്മരിപ്പിക്കുന്നതു?

സ്വർഗാരോഹണ സമയത്ത് രണ്ട് മാലാഖമാർ ഇരുവശത്തായി കാണപ്പെട്ടതിനെ

33. തിരുശരീര രക്തങ്ങളുടെ ആഘോഷ വേളയിൽ വിശുദ്ധ കുർബാന ഏതിലേയ്ക്കുള്ള ക്ഷണം കൂടിയാണ് എന്ന് വൈദികൻ്റെ ആഹ്വാനം അർത്ഥമാക്കുന്നു?

വിശുദ്ധിയിലേക്കുള്ള

34. വിശുദ്ധ കുർബാന എന്ന വിരുന്ന് ആർക്ക് വേണ്ടി സജ്ജീകരിച്ചിരിക്കുന്നു എന്നാണർത്ഥം?

വിശുദ്ധിയും വെടിപ്പുമുള്ളവർക്കായി

35. വിശുദ്ധ കുർബാന വിശുദ്ധിയും വെടിപ്പുമുള്ളവർക്കായി മാത്രം സജ്ജീകരിച്ചിരിക്കുന്നു എന്ന് വൈദികൻ ചൊല്ലുമ്ബോൾ വിശ്വാസികൾ തങ്ങളുടെ ബലഹീനത എങ്ങനെ ഏറ്റുപറയുന്നു?

പിതാവും പുത്രനും പരിശുദ്ധാത്മാവും അല്ലാതെ പരിശുദ്ധനില്ല

36. "പിതാവും പുത്രനും പരിശുദ്ധാത്മാവും അല്ലാതെ പരിശുദ്ധനില്ല" എന്ന ഏറ്റുപറച്ചിൽ വിശുദ്ധ

www.malankaralibrary.com

കുർബാനയാകുന്ന വിരുന്നിൽ സംബന്ധിക്കുവാൻ ആർക്ക് യോഗ്യത നല്കുന്നു?

വിശ്വാസികൾക്ക്

37. സ്വർഗാരോഹണത്തിലൂടെ ക്രിസ്തുവിൻ്റെ ചരിത്രപരവും നേരിട്ടുള്ളതുമായ സാന്നിധ്യം നഷ്ടമായെങ്കിലും കൂടുതൽ യഥാർത്ഥമായ ഒരു പുതിയ സാന്നിധ്യം ആര് മുഖേന നമുക്ക് ലഭിച്ചു?

പരിശുദ്ധാത്മാവ്

38. 'പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മോടുകൂടെ' എന്ന് പൂജാപാത്രങ്ങൾ രണ്ടു കൈകളിലും കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് വൈദികൻ പറയുന്നു. ഇപ്രകാരം വിശുദ്ധ കുർബാനയിലെ കർത്താവിൻ്റെ സാന്നിധ്യത്തിലൂടെ ആരുടെ സജീവസാന്നിധ്യത്തെ കാർമികൻ ഏറ്റുപറയുകയും സ്തുതിക്കുകയും ചെയ്യുന്നു?

പരിശുദ്ധ ത്രിത്വത്തിൻ്റെ

39. പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം പൂർണമായി, സന്നിഹിതമായിരിക്കുന്ന അവസരത്തിൽ ത്രിതൈക ദൈവത്തോട് ഏറ്റവും അടുത്തിരിക്കുന്നവരെ പ്രത്യേകം ഓർക്കുകയും അവരോട് മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുന്ന ധൂപപ്രാർത്ഥന ഏത്?

കുക്കിലിയോൻ

40. കുക്കിലിയോൻ എന്ന വാക്കിൻ്റെ അർത്ഥം എന്താണ്?

വൃത്തം

41. ഒരു വട്ടം പൂർണമായി എന്ന അർത്ഥത്തിൽ ചൊല്ലുന്ന പ്രാർത്ഥന ഏതാണ്?

കുക്കിലിയോൻ

42. സങ്കീർത്തനങ്ങളുടെ മധ്യേ ഏതു വാക്ക് ചേർത്ത് പാടുന്ന രീതിയാണ് കുക്കിലിയോനിലുള്ളതു?

ഹാലേലൂയ്യാ

43. അഞ്ചു കുക്കിലിയോനുകൾ ഏതൊക്കെയാണ്?

www.malankaralibrary.com

പരിശുദ്ധ ദൈവമാതാവ്, പരിശുദ്ധന്മാർ, പരേതരായ ആചാര്യന്മാർ, പരേതരായ വിശ്വാസികൾ, വിശുദ്ധ സ്ലീബാ

44. നിന്നാൾ സ്തുതിയൊടു രാജമകൾ... കുക്കിലിയോൻറെ വേദഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ 45:9-11

45. നയവാൻ പനപോലെ തളിർത്തിടുമേ... കുക്കിലിയോൻറെ വേദഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ 92:12-14

46. ചാർത്തും നീതിയെ നിന്നാചാര്യന്മാരും........ കുക്കിലിയോൻറെ വേദഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ 132:9-12

47. മക്കളിലപ്പൻ കൃപ ചെയ്തുപോലെ... കുക്കിലിയോൻറെ വേദഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ 103:13-15

48. നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ.... കുക്കിലിയോൻറെ വേദഭാഗം ഏതാണ്?

സങ്കീർത്തനങ്ങൾ 45:5-7

49. ഏതൊക്കെ വിശ്വാസികൾ ഒന്നുചേർന്നാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നത്?

മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരും

50. വിശുദ്ധ കുർബാനയിൽ നമ്മുടെ പ്രാർത്ഥനയോടൊപ്പം ആരുടെ പ്രാർത്ഥനയും സുഗന്ധ ധൂപത്തോടൊപ്പം ദൈവസന്നിധിയിലേക്കുയരുന്നു?

ദൈവമാതാവിൻറെയും, പരിശുദ്ധന്മാരുടെയും, പരേതരുടെയും

51. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും കൂട്ടായ്മ എല്ലാ ആരാധനയിലുമുണ്ട് എന്നു കാണിക്കുവാനാണ് എല്ലാ ആരാധനയും ധൂപാർപ്പണത്തോടുകൂടിയ എന്ത് ചൊല്ലി അവസാനിപ്പിക്കുന്നു?

കുക്കിലിയോൻ

52. കുക്കിലിയോൻ ചൊല്ലുമ്പോൾ തിരശീലയിടുന്നത് എന്താണ് സൂചിപ്പിക്കുന്നത്?

www.malankaralibrary.com

കർത്താവിന്റെ സ്വർഗാരോഹണത്തോടുകൂടി കർത്താവ് അദൃശ്യമായതിനെ സൂചിപ്പിക്കുവാനും യേശുക്രിസ്തുവിൻ്റെ രണ്ടാമത്തെ വരവിനെ നോക്കിപ്പാർക്കുന്നതിനെയും

53. കാർമികൻ എപ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കുന്നു?

കുക്കിലിയോൻ ചൊല്ലി തിരശീലയിടുമ്പോൾ മറയ്ക്കുള്ളിൽ ത്രോണോസിനു മുമ്പിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചതിനുശേഷം.

54. കുക്കിലിയോൻ കഴിഞ്ഞ് മറ തുറന്ന് കാർമികൻ കൈയിൽ തിരുശരീരരക്തങ്ങൾ എടുത്തുകൊണ്ട് ആഘോഷപൂർവം ജനത്തിനു നേരേ വരികയും ദൈവജനത്തെ ആശിർവദിക്കുകയും ചെയ്യുന്നതു എന്തിനെ സൂചിപ്പിക്കുന്നു?

സ്വർഗം തുറക്കപ്പെട്ടതിനെയും നമ്മുടെ കർത്താവിൻ്റെ മഹത്ത്വപൂർണമായ രണ്ടാമത്തെ വരവിനെയും

55. കുക്കിലിയോൻ കഴിഞ്ഞ് മറ തുറന്ന് കാർമികൻ കൈയിൽ തിരുശരീരരക്തങ്ങൾ എടുത്തുകൊണ്ട് ആഘോഷമായി പടിഞ്ഞാറോട്ട് വരുമ്പോൾ പള്ളി മണികൾ മുഴക്കുന്നത് എന്ത് അനുസ്മരിപ്പിക്കുന്നു?

കർത്താവിൻ്റെ രണ്ടാമത്തെ വരവിലെ കാഹളനാദത്തെ

56. കുക്കിലിയോൻ കഴിഞ്ഞ് മറ തുറന്ന് കാർമികൻ ആഘോഷമായി പടിഞ്ഞാറോട്ട് വരുമ്പോൾ ഇരുവശങ്ങളിലും കത്തിച്ചുപിടിച്ച തിരികളുമായി നിൽക്കുന്ന ശുശ്രൂഷകർ എന്തിനെ സൂചിപ്പിക്കുന്നു?

കർത്താവിന്റെ രണ്ടാമത്തെ വരവിലെ മാലാഖമാരുടെ അകമ്പടിയെ

57. കുക്കിലിയോൻ കഴിഞ്ഞ് മറ തുറന്ന് കാർമികൻ ആഘോഷമായി പടിഞ്ഞാറോട്ട് വരുമ്പോൾ ശുശ്രൂഷകരുടെ വെള്ളവസ്ത്രം എന്ത് അർത്ഥമാക്കുന്നു?

പരിശുദ്ധന്മാരുടെ നിലയങ്കിയെ (മഹത്ത്വത്തിന്റെ വസ്ത്രം)

www.malankaralibrary.com

58. പുരോഹിതൻ കൈയിൽ കാസായും പീലാസായും ഏന്തി ജനത്തിനു നേരെ തിരിഞ്ഞ് വിശുദ്ധ കുർബാന സ്വീകരണത്തിനായി അവരെ ക്ഷണിക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

സ്വർഗീയ ജറുസലേമിൽ കർത്താവ് ഒരുക്കുന്ന വലിയ വിരുന്നിലേക്ക് അവിടുന്ന് തന്റെ രണ്ടാമത്തെ വരവിലൂടെ മനുഷ്യവംശത്തെ ക്ഷണിക്കുന്നതിനെ

59. നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവിടുത്തോടൊപ്പമുള്ള നിത്യവിരുന്നിന്റെ മുന്നാസ്വാദനം എന്താണ്?

വിശുദ്ധ കുർബാന സ്വീകരണം

60. വിശുദ്ധ കുർബാന സ്വീകരണത്തെ എങ്ങനെ മനസിലാക്കാം?

ധൂർത്തപുത്രനുവേണ്ടി പിതാവ് ഒരുക്കിയിരിക്കുന്ന സദ്യയായും സ്വർഗീയ മണവാളൻ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വന്തം ശരീരവും രക്തവും കൊണ്ട് ഒരുക്കിയ വിവാഹവിരുന്നായും

61. വിശുദ്ധ കുർബാന സ്വീകരണ സമയത്തു തിരുശരീരരക്തങ്ങളാകുന്ന തീക്കട്ട പാപമോചനത്തിനും നിത്യജീവനുംവേണ്ടി വിശ്വാസികൾക്ക് നല്കപ്പെടുന്നത് എന്തിനെ അനുസ്മരിപ്പിക്കുന്നു?

ഏശയ്യാ ദീർഘദർശിക്ക് അവൻ്റെ മാലിന്യം നീക്കപ്പെടുന്നതിനും പാപം ക്ഷമിക്കപ്പെടുന്നതിനും വേണ്ടി സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽ കൊണ്ട് തീക്കനൽ നല്കുന്നതുപോലെ (ഏശയ്യാ 6:6-7)

62. വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം തിരുശരീരരക്തങ്ങളോട് വീണ്ടും ജനത്തിനുനേരേ തിരിഞ്ഞ് കാസായും പീലാസായും വഹിച്ചിരിക്കുന്ന കൈകൾ ഇടത്തോട്ടും വലത്തോട്ടും മാറ്റുന്നതു എന്തിനെ അനുസ്മരിപ്പിക്കുന്നു?

ന്യായവിധിയിൽ തിന്മചെയ്തവരെ ഇടതുവശത്തേയ്ക്കും നന്മചെയ്തവരെ വലതുവശത്തേയ്ക്കും അന്ത്യവിധിയിൽ മാറ്റുമെന്നതിനെ

www.malankaralibrary.com

63. വിശുദ്ധ കുർബാന സ്വീകരണത്തിനുശേഷം തിരുശരീരരക്തങ്ങളോട് വീണ്ടും ജനത്തിനുനേരേ തിരിഞ്ഞ് കാർമികൻ ത്രോണോസിലേക്ക് മടങ്ങിപ്പോകുന്നത്. എന്തിനെ അനുസ്മരിപ്പിക്കുന്നു?

വിധിക്കുശേഷം തിരഞ്ഞെടുക്കപ്പെട്ടവരെ തന്നോടൊപ്പം പിതാവിൻ്റെ ഭവനത്തിലേക്ക് (യോഹന്നാൻ 14:3) കർത്താവ് കുട്ടിക്കൊണ്ടുപോകുന്നതിനെ

64. കൃതജ്ഞതാപ്രാർത്ഥനകളിൽ കാർമികൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നതു ആർക്ക്?

പിതാവായ ദൈവത്തോടും ,പുത്രൻ തമ്പുരാനോടും

65. സമാപനാശിർവാദത്തിന് മുമ്പ് ചൊല്ലുന്ന ഗീതത്തിന് പേര് എന്താണ്?

ഹൂത്തോമോ.

66. ഹൂത്തോമോ എന്ന സുറിയാനി വാക്കിൻ്റെ അർത്ഥം എന്തൊക്കെയാണ്?

മുദ്രവയ്ക്കൽ, ഉറപ്പിക്കൽ

67. വിശുദ്ധ കുർബാനയുടെ സംസർഗത്തിലൂടെ നാം ആരുമായിട്ടാണ് ഉടമ്പടി ചെയ്യുന്നതു?

ദൈവവുമായി

68. അനുദിന ജീവിതത്തിൽ നാം ദൈവികമായി ജീവിച്ചുകൊള്ളാമെന്ന് ഏറ്റുപറയുന്നതു എങ്ങനയാണ്?

മുദ്രയിടൽ കർമത്തിലൂടെ

69. സമാപനാശിർവാദത്തിൽ അവസാനമായി ആശിർവാദം നല്കി പരിശുദ്ധ ത്രിത്വത്തിൻ്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും അർഹരാക്കി ഏതു യാത്രാഭക്ഷണത്തോടുകൂടി വിശ്വാസികളെ കാർമികൻ പറഞ്ഞയയ്ക്കുന്നു?

വിശുദ്ധ കുർബാനയാകുന്ന

70. സമാപനാശിർവാദത്തിൻ്റെ അവസാനം ബലഹീനനായ തനിക്കു വേണ്ടിയും എപ്പോഴും പ്രാർത്ഥിക്കണമെന്ന് ആരാണ് ആരാധക സമൂഹത്തോട് അപേക്ഷിക്കുന്നത്?

www.malankaralibrary.com

കാർമികൻ

71. അവസാന ആശിർവാദം കഴിഞ്ഞ് മറയിട്ടശേഷം കാർമികൻ ത്രോണോസിൻ്റെ മുമ്പാകെ മുട്ടു കുത്തി ചൊല്ലുന്നതു ഏതാണ്?

രഹസ്യപ്രാർത്ഥന

72. അവസാന ആശിർവാദം കഴിഞ്ഞ് കാസായിലും പീലാസായിലുമുള്ള തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുകയും കാസായും പീലാസായും കഴുകി വെടിപ്പാക്കുകയും ചെയ്യുന്നതു ആരാണ്?

കാർമികൻ

73. കാർമികൻ ബലിപീഠത്തെ മൂന്നു പ്രാവശ്യം മുത്തി ബലിപീഠത്തോട് വിടപറഞ്ഞ് വിശുദ്ധ കുർബാന അവസാനിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന എന്താണ്?

"പരിശുദ്ധവും പാപപരിഹാരപ്രദവുമായ ബലി പീഠമേ സമാധാനത്തോടെ വസിക്കുക"

74. അവസാന ആശിർവാദം കഴിഞ്ഞ് കാസായും പീലാസായും കഴുകി വെടിപ്പാക്കുമ്പോൾ ആലപിക്കുന്ന ഗാനം ഏതാണ്?

എൻ്റെ കടങ്ങളശേഷം നിൻ"

75. വിശുദ്ധ കുർബാനയുടെ അവസാനം വിശ്വാസികൾ പിരിഞ്ഞുപോകുമ്പോൾ ചെയ്യുന്നത് എന്താണ്?

പുരോഹിതന്റെ കരങ്ങളോ സ്ലീബായോ മുത്തുന്നു

Contact: frmariajohn@gmail.com